February 2016
Volume 48 Issue 9

# വ്യവസായ കേരളം

## VYAVASAYA KERALAM

MACHINERY
eXpo 2016
KERALA
Manufacturing Solutions for Make-in-Kerala

## സംരംഭകരിൽ കൗതുകമുണർത്തി യന്ത്ര പ്രദർശനമേള

## പരിചയസമ്പത്തിന്റെ വിജയം

## കളിമണ്ണിൽ ജീവിതം മെനയുന്നവർ





ലേസർ പ്രിന്റിന്
തൃശ്ശൂർ - എറണാകുളം
നിരക്കുകൾ ഇപ്പോൾ
ഇരിങ്ങാലക്കുടയിലും
Liberty Digital Press & Studio
Tana Irinjalakuda,
Ph: 0480 2825151, 2826151, 3276611 libertycolorlab@gmail.com
Liberty Digital Press
ഏതുതരം ഫോട്ടോകളും
കുറഞ്ഞ നിരക്കിൽ
മാഗസിൻ ആൽബം
ചെയ്യ്തു കൊടുക്കുന്നു
HI-TECH A/C DIGITAL STUDIO
ജപ്പാൻ സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിച്ച
Hi-Speed & High Quality Lazer Printer
കേരളത്തിലാദ്യമായി ഇരിങ്ങാലക്കുട ലിബർട്ടി
കളർലാബിൽ
1 Minute
Passport Size
Photos
LAZER & STICKER PRINTING
ജപ്പാൻ സാങ്കേതിക വിദ്യ ഉപയോഗിച്ച് Noritzu HD Machine പ്രിന്റ് ചെയ്യുന്ന
ഇരിങ്ങാലക്കുടയിലെ ഏക കളർലാബ്
CD യിൽ നിന്നും നെഗറ്റീവിൽ നിന്നും
ഉടനടി പ്രിന്റുകൾ
ALBUM PRINTING, BINDING
& ALBUM DESIGNING
Urgent
PHOTO LAMINATION, WOOD FRAME & DESIGN FRAME. ലഭ്യമാണ്...
RESTORATION WORKS
MEMORY CARD
VISITING CARDS
THANKS CARD
CALENDAR
നെഗറ്റീവ് CD ആക്കി കൊടുക്കുന്നു
വെഡ്ഡിംഗ് ഫോട്ടോഗ്രാഫി
& വീഡിയോഗ്രാഫി
Please Contact:
JIJO GEORGE KALLELY
9846663466

Vyavasaya Keralam

# വ്യവസായകേരളം

www.keralaindustry.org

ഫെബ്രുവരി 2016 | പുസ്തകം48 | ലക്കം 9
February 2016 | Volume 48 | Issue 9

കവർസ്റ്റോറി

22 സംരംഭകരിൽ കൗതുകമുണർത്തി
## യന്ത്ര പ്രദർശനമേള










സക്സസ് സ്റ്റോറി

10 പരിചയസമ്പത്തിന്റെ വിജയം
ജോഷോ ബെന്നറ്റ് ജോൺ

16 ദിനേശിന് വീണ്ടും അസ്സോച്ചം അവാർഡ്



20 കളിമണ്ണിൽ ജീവിതം മെനയുന്നവർ
രമേഷ് കുമാർ വെള്ളമുണ്ട

6 വികസന വീഥി

പടവുകൾ

12 കടൽ കടക്കുന്ന വാഴപ്പഴം
ബൈജു നെടുങ്കേരി

## പംക്തികൾ

9 കെട്ടിടനിർമാണസാമഗ്രികളുടെ വിലനിലവാരം

18 റോബോട്ടിക്സ്: പ്രകൃതിയിലെ വ്യവസായ പാഠങ്ങൾ
ലോറൻസ് മാത്യു

32 മാർകറ്റ് സ്കാൻ: നിക്ഷേപത്തിന് ഫലപ്രദം എസ് ഐ പി
അലക്സ് കെ. ബാബു

34 കൃഷിയും വ്യവസായവും: വിപണിയിലെ ചാഞ്ചാട്ടങ്ങൾ
ആർ. ഹേലി

36 നികുതി ജാലകം: പെർക്വിസിറ്റുകൾ
കെ.സി. ജോസഫ് വർഗീസ്

50 വാർത്താജാലകം

38 വ്യവസായകേരളം ഒറ്റനോട്ടത്തിൽ

# അഞ്ചുകോടിയുടെ ബിസിനസ്സൊരുക്കി യന്ത്രപ്രദർശനം

നവ സാങ്കേതിക വിദ്യകളും അവയുടെ ഉപോല്പന്നങ്ങളായി പുതു യന്ത്ര സംവിധാനങ്ങളും വികസിപ്പിച്ചതു സംബന്ധിച്ച വാർത്തകൾ നിരവധിയാണ് ഓരോ ദിവസവും നാം കേട്ടുകൊണ്ടിരിക്കുന്നത്. വികസിത രാജ്യങ്ങളുടെ വിജയകുതിപ്പിനു പിന്നിലെ ഒരു സുപ്രധാന ഘടകം ഈ നവ സാങ്കേതികവിദ്യകളും അതിലൂടെ ഉരുത്തിരിഞ്ഞു വന്ന യന്ത്രസംവിധാനങ്ങളും തന്നെയാണ്. സുസ്ഥിര വികസനമെന്ന ലക്ഷ്യത്തിലൂന്നി രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയും മികച്ച ജീവിതനിലവാരവും അടിസ്ഥാന സൗകര്യങ്ങളും ഭദ്രമാക്കണമെങ്കിൽ പുത്തൻ സാങ്കേതിക വിദ്യകളുടെയും യന്ത്രങ്ങളുടെയും സഹായം നമുക്കും അത്യന്താപേക്ഷിതമാണ്. ഇത് മുന്നിൽ കണ്ടുകൊണ്ട് കൊച്ചിയിൽ വ്യവസായവകുപ്പ് സംസ്ഥാനതലത്തിൽ ആദ്യമായി സംഘടിപ്പിച്ച വ്യാവസായിക യന്ത്രപ്രദർശനമേളയിലുണ്ടായ ജനപങ്കാളിത്തവും പൊതുസ്വീകാര്യതയും ഞങ്ങൾക്ക് ഏറെ പ്രചോദനം പകരുന്നു.

പതിനായിരത്തോളം സംരംഭകർ സന്ദർശിച്ച പ്രദർശനമേള മൂന്ന് ദിവസങ്ങൾ കൊണ്ട് അഞ്ച് കോടി രൂപയുടെ ബിസിനസ് ഇടപാടുകൾക്കാണ് സാക്ഷ്യം വഹിച്ചത്. എഞ്ചിനീയറിംഗ് മേഖലയിലും ഭക്ഷ്യ സംസ്കരണ രംഗത്തുമുപയോഗിക്കാൻ കഴിയുന്ന വ്യത്യസ്തതരം യന്ത്രങ്ങൾക്ക് സംരംഭകർക്കിടയിൽ ആവശ്യക്കാർ നിരവധിയാണ്. യന്ത്രങ്ങളുടെ വില്പനയുമായി ബന്ധപ്പെട്ട് അയ്യായിരത്തിലേറെ അന്വേഷണങ്ങൾ വന്നത് അന്യസംസ്ഥാനങ്ങളിൽ നിന്നെത്തിയ മെഷിനറി ഉടമകളിൽ ആവേശം നിറച്ചു. മേളയോടനുബന്ധിച്ച് വിവിധ മേഖലയിലെ വിദഗ്ദ്ധരുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച സെമിനാറുകൾ സംരംഭക രംഗത്തെ പുത്തൻ ട്രൻഡുകൾ മനസ്സിലാക്കി നിലവിലുള്ള ചെറുസംരംഭങ്ങൾ കൂടുതൽ വിപുലീകരിക്കാനും ശാസ്ത്രീയമായ രീതിയിൽ പുതിയ സംരംഭങ്ങൾ തുടങ്ങാനും പ്രാപ്തമാക്കുന്നവയായിരുന്നു. നൂറിലേറെ സ്റ്റാളുകളിലായി 92 യന്ത്രങ്ങളാണ് പ്രദർശനത്തിനൊരുക്കിയത്.

കേരളം നേരിടുന്ന മുഖ്യമാലിന്യ പ്രശ്നമായ പ്ലാസ്റ്റിക്കിന്റെ പുനരുപയോഗം സാദ്ധ്യമാക്കുന്ന ചെലവു കുറഞ്ഞ സാങ്കേതിക വിദ്യയും നിർമാണരംഗത്തും ആരോഗ്യ മേഖലയിലും താരമായി മാറിക്കൊണ്ടിരിക്കുന്ന ത്രീഡി പ്രിന്റിങ്ങും സംരംഭകർ അത്ഭുതത്തോടെയാണ് സ്വാംശീകരിച്ചത്. ബേക്കറി, ഹോട്ടൽ വ്യവസായങ്ങൾക്കൊപ്പം ഗാർഹിക ഉപയോഗത്തിനുള്ള യന്ത്രങ്ങൾക്കും ആവശ്യക്കാർ നിരവധിയുണ്ടായിരുന്നു. ഉള്ളിലെ ഉല്പന്നത്തിന്റെ ഗുണനിലവാരത്തിനൊപ്പം പ്രാധാന്യം നൽകി പായ്ക്കിങ് ആകർഷകമാക്കി ബിസിനസ് മെച്ചപ്പെടുത്താൻ ഉദ്ദേശിച്ച് തയ്യാറാക്കിയ പായ്ക്കിങ് രംഗത്തെ പുതു രീതികളുടെ പ്രദർശനവും ജനശ്രദ്ധ നേടി.

കേരളത്തിന്റെ പരമ്പരാഗത വ്യവസായ മേഖലയിലേയ്ക്ക് യന്ത്രങ്ങളുടെ കടന്നുവരവ് വളരെ മന്ദഗതിയിലാണ് പുരോഗമിക്കുന്നത്. കുറഞ്ഞ സമയത്തിനുള്ളിൽ ഗുണനിലവാരമുള്ള ഉല്പന്നങ്ങൾ ആവശ്യപ്പെടുന്ന ആധുനിക സമൂഹത്തിനു മുന്നിൽ പിടിച്ചു നിൽക്കണമെങ്കിൽ ഇനി നവ സാങ്കേതിക വിദ്യകളുടെ കൂട്ട് കൂടിയേ തീരൂ. അത് നമ്മുടെ സംരംഭക സമൂഹം തിരിച്ചറിഞ്ഞു തുടങ്ങുന്നതിന്റെ നേർക്കാഴ്ചയാണ് കൊച്ചിയിലെ പ്രദർശന നഗരിയിലുണ്ടായ ജനപിന്തുണ. ആ ഊർജമുൾകൊണ്ട് വരും വർഷങ്ങളിൽ വിദേശ രാജ്യങ്ങളിൽ നിന്നുൾപെടെ യന്ത്രങ്ങളെത്തിച്ച് കൂടുതൽ വിപുലമായ പ്രദർശനങ്ങൾ നടത്താൻ കഴിയുമെന്ന പ്രതീക്ഷയിലാണ് ഞങ്ങൾ.

ചീഫ് എഡിറ്റർ

**ചീഫ് എഡിറ്റർ**
പി.എം. ഫ്രാൻസിസ് ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

**എഡിറ്റർ**
വി.പി.അശ്വതി

**കവർ, ഡിസൈൻ & ലേഔട്ട്**
ദീപക് മൗത്താട്ടിൽ

**ടൈപ്പ് സെറ്റിംഗ്**
വി. അഭിലാഷ്

**അഡ്മിനിസ്ട്രേറ്റീവ് സപ്പോർട്ട്**
ഇന്ദിരാഭായി പിള്ള അമ്മ പി.എസ്.,
കെ.എൻ. ശ്രീലേഖ,
ക്ലാരമ്മ ജെയിംസ്,
ആതിര ജി.,
ഡി.എൽ. അനിതകുമാരി,
പി. ബാലകൃഷ്ണൻ,
ബേബി. വൈ

**പ്രതിനിധികൾ– തിരുവനന്തപുരം** : ഇ. സലാഹുദ്ദീൻ ● **കൊല്ലം** : അബ്ദുൾ സലാം ● **പത്തനംതിട്ട**: സി.എം. ഷാജഹാൻ ● **ആലപ്പുഴ** : യു. അജിത്കുമാർ ● **കോട്ടയം** : ആർ. സുരേഷ്ബാബു ● **ഇടുക്കി** : ദീപ ● **എറണാകുളം** : ഇ.എം. നാസർ ● **തൃശൂർ** : കെ.എസ്. കൃപകുമാർ ● **പാലക്കാട്** : ഡി.എസ്. ഷിബുകുമാർ ● **മലപ്പുറം** : കെ.റ്റി. അബ്ദുൾ മജീദ് ● **കോഴിക്കോട്** : ഹയറുന്നീസ ● **വയനാട്** : പി.ബി. സത്യജിത് ● **കണ്ണൂർ** : നിധിൻ ഇ.ആർ. ● **കാസർഗോഡ്** : റ്റി. ദിനേശൻ

**എഡിറ്റോറിയൽ ഓഫീസ്**
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്
വെള്ളയമ്പലം
തിരുവനന്തപുരം – 695 033

**ഫോൺ:** 0471 2322789
**ഇമെയിൽ–** vyavasayakeralam@gmail.com
**വെബ്സൈറ്റ്–** www.keralaindustry.org

വ്യവസായകേരളം
vyavasayakeralam

ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമാണ്.





പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ -ഐടി വകുപ്പ് മന്ത്രി)

# സ്മാർട്സിറ്റി ഇനി ഒരു സ്വപ്നമല്ല

**2016**

ഫെബ്രുവരി 20 ന് സ്മാർട്സിറ്റി കൊച്ചിയുടെ ഒന്നാംഘട്ടം ഉദ്ഘാടനം ചെയ്യപ്പെടുകയാണ്. ഒരു സ്വപ്നമായി ഇതുവരെ മലയാളികളുടെ മനസ്സിലുണ്ടായിരുന്ന സ്മാർട്സിറ്റി ഫെബ്രുവരി 20 ഓടെ ഒരു യാഥാർത്ഥ്യമായി മാറുന്നു. കേരളത്തിലെ പ്രഥമ സ്വകാര്യ ഐടി പാർക്ക് എന്ന വിശേഷണം വേണമെങ്കിൽ സ്മാർട്സിറ്റിക്ക് നൽകാം. പക്ഷേ, അതിനപ്പുറം അവസരങ്ങളുടെ ഒരു വലിയ ജാലകമാണ് സ്മാർട്സിറ്റി തുറക്കുന്നത് എന്നാണ് എനിക്ക് പറയാനുള്ളത്.

ഒരു വ്യാഴവട്ടത്തിന് മുമ്പ് ഉദയം ചെയ്ത ആശയമാണ് സ്മാർട്സിറ്റി കൊച്ചിയുടേത്. ഈ അവസരത്തിൽ ആരെയും കുറ്റപ്പെടുത്തി മഹത്തായ ചടങ്ങിന് നിറംകുറയ്ക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. സ്മാർട്സിറ്റിയും സൈബർപാർക്കിന്റെ ഒന്നാംഘട്ടം ഉദ്ഘാടനവും നടക്കുന്നതോടെ 2016 ൽ കേരളത്തിൽ നിന്നുള്ള ഐടി കയറ്റുമതി 18,000 കോടി രൂപയായി വർദ്ധിക്കുമെന്ന് ബഹു.കേരള ഗവർണർ നയപ്രഖ്യാപന പ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. കേരളത്തിലേക്ക് വൻതോതിൽ വിദേശവരുമാനവും കോടികളുടെ വാടകയും നികുതിവരുമാനവും നൽകുന്ന മേഖലയായി ഐടി രംഗം മാറിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ 3000 കോടി രൂപയായിരുന്ന ഐടി കയറ്റുമതി വരുമാനമാണ് 18,000 കോടി എന്ന നിലയിലേയ്ക്ക് വളർന്നത്.

മറ്റ് സംസ്ഥാനങ്ങൾ സ്വകാര്യ ഐടി പാർക്കുകളിലൂടെ നേടുന്ന ഐടി കയറ്റുമതി വരുമാനവുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിന്റേത് വളരെ ചെറുതായി തോന്നിയേക്കാം. പക്ഷേ, ഇന്ത്യയിലെ ആദ്യ ഐടി പാർക്ക് സ്ഥാപിതമായ കേരളത്തിൽ നിന്നുള്ള ഐടി കയറ്റുമതി വരുമാനത്തിന്റെ ഏതാണ്ട് മുഴുവനും സംഭാവന ചെയ്തത് സർക്കാരിന്റെ തന്നെ ഉടമസ്ഥതയിലുള്ള ഐടി പാർക്കുകളാണെന്നുള്ളത് കാണാതിരിക്കാനാവില്ല. സ്വകാര്യ ഐടി പാർക്കുകൾ കൂടി കടന്നുവരുന്നതോടെ സമീപ വർഷങ്ങളിൽ അയൽസംസ്ഥാനങ്ങളായ കർണാടക, ആന്ധ്രാപ്രദേശ് എന്നിവയോട് മത്സരിക്കാവുന്ന നിലയിലേക്ക് കേരളവും മാറും.

കുറഞ്ഞ സ്ഥലത്ത് കൂടുതൽ പേർക്ക് തൊഴിൽ ഉറപ്പാക്കുന്ന ഐടി പാർക്കുകൾ വൻതോതിൽ പരിസ്ഥിതിക്ക് ദോഷവുമുണ്ടാക്കുന്നില്ല. ഉയർന്ന ശമ്പളവും നമ്മുടെ യുവജനങ്ങൾക്ക് ഉറപ്പാകും. ഇത്തരത്തിലുള്ള ഐടി പാർക്കുകൾ പുതിയൊരു വികസന സംസ്കാരമാണ് മുന്നോട്ടുവെയ്ക്കുന്നത്. സ്മാർട്സിറ്റി ഇതിന്റെ തുടക്കമാണ്. സ്മാർട്സിറ്റിയുടെ ആദ്യഘട്ടമായി 6.5 ലക്ഷം ചതുരശ്രഅടി കെട്ടിടമാണ് ഉദ്ഘാടനം ചെയ്യുന്നത്. രണ്ടാംഘട്ടത്തിന്റെ നിർമാണോദ്ഘാടനവും അന്നുതന്നെ നടക്കുകയാണ്. നിക്ഷേപിക്കാൻ പറ്റിയ സ്ഥലമാണ് കേരളം എന്ന സന്ദേശമാണ് സ്മാർട്സിറ്റിയുടെ ഉദ്ഘാടനം ആഗോളനിക്ഷേപകർക്ക് നൽകുന്നത്. വലിയ ബ്രാൻഡുകൾ ഇതിന്റെ തുടർച്ചയായി ഇനി കേരളത്തിലെത്തും. അതാണ് സ്മാർട്സിറ്റിയുടെ ചരിത്ര പ്രാധാന്യമായി ഭാവി വിലയിരുത്തുക.

ഈ സുവർണ നിമിഷത്തിൽ, കേരളത്തിന്റെ സമഗ്രപുരോഗതിയും ആധുനീകരണവും ഉറപ്പാക്കാൻ എല്ലാ ഭിന്നതകളും മാറ്റിവെച്ച് പ്രവർത്തിക്കണമെന്ന അഭ്യർത്ഥനയാണ് എനിക്ക് മുന്നോട്ടുവെയ്ക്കാനുള്ളത്. തറക്കല്ലിടീൽ മുതൽ ഉദ്ഘാടനം വരെ സ്മാർട്സിറ്റിയോട് സഹകരിച്ച മുഴുവൻ പേർക്കും കക്ഷിരാഷ്ട്രീയ ഭേദമില്ലാതെ നന്ദി അറിയിക്കുന്നു.



# ലൈറ്റ് മെട്രോ: ധാരണാപത്രം ഒപ്പിട്ടു

തിരുവനന്തപുരത്തും കോഴിക്കോട്ടും ലൈറ്റ് മെട്രോ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ധാരണാപത്രം മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെയും മന്ത്രിമാരുടെയും സാന്നിദ്ധ്യത്തിൽ തിരുവനന്തപുരത്ത് ഒപ്പിട്ടു.

ലൈറ്റ് മെട്രോയെന്നത് സാധാരണ മെട്രോയുടെ മറ്റൊരു പതിപ്പാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. സാങ്കേതികാനുമതി ഉൾപ്പെടെയുള്ള കാര്യങ്ങൾക്കായുള്ള കാത്തിരിപ്പാണ് ഇതുവരെയുണ്ടായത്. ഡി. എം. ആർ. സി യുടെ സജീവ പങ്കാളിത്തത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. കൊച്ചി മെട്രോയുടെ കാര്യത്തിൽ 1095 ദിവസത്തിനകം പദ്ധതി പൂർത്തിയാക്കുമെന്ന പ്രഖ്യാപനത്തിന്റെ നിലയിൽ തന്നെയാണ് പ്രവൃത്തികൾ പുരോഗമിക്കുന്നത്. 23 ന് ഗ്രൗണ്ട് ലെവൽ പരിശോധന നടത്തും. പരീക്ഷണ ഓട്ടത്തിനായി മൂന്ന് കോച്ചുകൾ എത്തിയിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

തിരുവനന്തപുരത്ത് 21.82 കിലോമീറ്റർ ദൈർഘ്യത്തിൽ ടെക്നോസിറ്റി മുതൽ കരമന വരെയുള്ള 19 സ്റ്റേഷനുകൾ ക്രമീകരിച്ചാണ് പദ്ധതി നടപ്പാക്കുക. 4219 കോടി രൂപ പദ്ധതി ചെലവ് പ്രതീക്ഷിക്കുന്നു. കോഴിക്കോടിന് 13.33 കിലോമീറ്റർ ദൈർഘ്യത്തിൽ മെഡിക്കൽ കോളേജ് മുതൽ മീഞ്ചന്ത വരെ 14 സ്റ്റേഷനുകളുണ്ടാകും. 2057 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.





# സ്വർണം: നികുതി ചോർച്ച തടയണം

സ്വർണ-വജ്ര വ്യാപാരത്തിൽ സംസ്ഥാനത്തിനുണ്ടാകുന്ന നികുതി നഷ്ടം തടയണമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു. താൻ ധനകാര്യ മന്ത്രിയായിരുന്നപ്പോൾ സ്വർണത്തിന്റെ നികുതി നാല് ശതമാനത്തിൽ നിന്നും ഒരു ശതമാനമാക്കി കുറച്ചിരുന്നെങ്കിലും അത് ഫലപ്രദമായിരുന്നില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു. വാണിജ്യ നികുതി ചോർച്ച തടയാൻ കഴിയണമെന്നും മുഖ്യമന്ത്രി പറഞ്ഞു. തിരുവനന്തപുരം മാസ്കറ്റ് ഹോട്ടലിൽ സ്വർണ-വജ്ര വ്യാപാര മേഖലയിലെ ബിസിനസ് വളർച്ചയെ ത്വരിതപ്പെടുത്തുന്ന നയ ഏകീകരണം സംബന്ധിച്ച സിംപോസിയം ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

വ്യവസായ മന്ത്രി പി. കെ. കുഞ്ഞാലിക്കുട്ടി, ഡോ. തോമസ് ഐസക്ക് എം. എൽ. എ, ആദായനികുതി അഡീഷണൽ ഡയറക്ടർ ഡോ. സഞ്ജയ് ജോസഫ്, കസ്റ്റംസ് സേവന നികുതി അസിസ്റ്റന്റ് കമ്മീഷണർ കെ. ആർ. അശോക് കുമാർ പങ്കെടുത്തു.

# ബി ടു ബി: 490 ബയർമാരെത്തും




Kerala
Business - to - Business Meet 2016
Opportunities Face 2 Face for SMEs
February 4 - 6, 2016
CIAL Trade Fair & Exhibition Centre, Kochi, Kerala, India

ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കായി സംസ്ഥാന വ്യവസായ, വാണിജ്യ വകുപ്പ് സംഘടിപ്പിക്കുന്ന ബിസിനസ്-ടു-ബിസിനസ് (ബി ടു ബി) മീറ്റ് ഈ മാസം നാലിന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും. നെടുമ്പാശ്ശേരി സിയാൽ ട്രേഡ് ഫെയർ ആന്റ് എക്സിബിഷൻ സെന്ററിൽ ഫെബ്രുവരി നാലു മുതൽ ആറു വരെയാണ് പരിപാടി.

സംസ്ഥാനത്തെ ഇരുനൂറിൽപരം ചെറുകിട ഇടത്തരം സംരംഭങ്ങളും 18 സംസ്ഥാനങ്ങളിൽ നിന്നും 31 രാജ്യങ്ങളിൽ നിന്നുമായി 490 ബയർമാരും മേളയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരളത്തിലെ വിവിധ വ്യവസായമേഖലകളിലുടനീളമുള്ള ചെറുകിട, ഇടത്തരം സംരംഭകർക്ക് രാജ്യാന്തര ബിസിനസ് സ്ഥാപനങ്ങൾക്കു മുന്നിൽ തങ്ങളുടെ ഉല്പന്നങ്ങൾ അണിനിരത്തി ആഗോളവിപണി കണ്ടെത്താനുള്ള വേദിയായി ഇത് മാറുമെന്ന് വ്യവസായ വകുപ്പ് ഡയറക്ടർ പി. എം. ഫ്രാൻസിസ് അറിയിച്ചു. പ്രധാനമായും ഏഴു മേഖലകളെയാണ് മീറ്റിലേയ്ക്ക് തിരഞ്ഞെടുത്തിരിക്കുന്നത്. കഴിഞ്ഞ കുറെ വർഷങ്ങളായി സ്ഥിരവളർച്ചയുടെ പാതയിൽ മുന്നേറുന്ന ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് ഇത് മികച്ച അവസരമാണെന്നും അദ്ദേഹം വ്യക്തമാക്കി.

ബി ടു ബി മീറ്റിൽ ഏറ്റവും കൂടുതൽ പ്രാതിനിധ്യമുള്ളത് ഭക്ഷ്യ സംസ്കരണ വ്യവസായമേഖലയിൽ നിന്നാണ്. 80 പ്രദർശകരാണ് ഈ വിഭാഗത്തിലുള്ളത്. കൈത്തറി-ടെക്സ്റ്റൈൽസ്- ഗാർമെന്റ്സ് രംഗത്തെ 24 സംരംഭകരും റബർ ഉല്പന്നമേഖലയിൽ നിന്ന് 14 ഉം തടി അധിഷ്ഠിത വ്യവസായങ്ങളിൽ നിന്ന് 20 ഉം ആയുർവേദ ഔഷധച്ചെടി സൗന്ദര്യവർദ്ധക വസ്തുക്കളുടെ മേഖലയിൽ നിന്ന് 18 ഉം, ഇലക്ട്രിക്കൽ-ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ 27 ഉം പ്രദർശകർക്കു പുറമെ പരമ്പരാഗത വ്യവസായങ്ങളുടെ പ്രതിനിധികളും മേളയിൽ പങ്കെടുക്കും.

സംസ്ഥാനത്തു നിന്നുള്ള 200 വിൽപനക്കാർക്ക് (സെല്ലേഴ്സ്) മാത്രമായി ബി ടു ബി മീറ്റ് നിജപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ തവണ പങ്കെടുക്കാത്ത സംരംഭകരെയാണ് ഇക്കുറി പങ്കെടുപ്പിച്ചിട്ടുള്ളതെന്ന് കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻസ് സി. ഇ. ഒ. കെ. രാജഗോപാൽ പറഞ്ഞു. ഇക്കുറി ഏഴായിരത്തോളം വാണിജ്യ കൂടിക്കാഴ്ചകൾ പ്രതീക്ഷിക്കുന്നുണ്ടെന്നും രാജഗോപാൽ അറിയിച്ചു.

ബയർമാർ വിദേശത്തു നിന്നും 100 പേരും ഇന്ത്യയിൽ നിന്ന് 350 പേരും എത്തുന്നുണ്ട്. ശ്രീലങ്കയിൽ നിന്നാണ് ഏറ്റവും കൂടുതൽ പേർ എത്തുക. യു. എസ്, കൊളംബിയ, ഗാംബിയ, റഷ്യ, സ്വിറ്റ്സർലാന്റ്, സൗദി അറേബ്യ, ഇറാൻ, പാക്കിസ്ഥാൻ, സിംഗപ്പൂർ, ഖത്തർ, പോളണ്ട്, തായ്‌ലന്റ്, ബൽജിയം, ഹോങ്കോങ് തുടങ്ങിയ രാജ്യങ്ങളിൽ നിന്നാണ് ബയർമാർ എത്തുന്നത്.

ബയേഴ്സും സെല്ലേഴ്സുമായുള്ള കൂടിക്കാഴ്ച മുഴുവൻ ഏകോപിപ്പിക്കുന്നത് ഫിക്കിയാണ്. വിദേശ ബയേഴ്സിനെ കേരളത്തിലെത്തിക്കുന്നതിന്റെ ചുമതലയും അവർക്കാണ്. സംസ്ഥാനത്തെ സംരംഭകർക്ക് ഏറ്റവും മികച്ച കരാർ ലഭിക്കുംവിധമാണ് കൂടിക്കാഴ്ച ക്രമീകരിച്ചിട്ടുള്ളതെന്ന് ഫിക്കി കേരള വിഭാഗം തലവൻ സാവിയോ മാത്യു പറഞ്ഞു.

രാജ്യത്തെ വിവിധ ചില്ലറ മൊത്ത വ്യാപാര ശൃംഖലകളുടെ ഉടമകളെ ഉദ്ദേശിച്ച് ചക്ക ഫെസ്റ്റിവലും ഇതോടനുബന്ധിച്ച് സംഘടിപ്പിക്കുന്നുണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, ഹാന്റ്‌ലൂം-ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ്, കെ എസ് ഐ ഡി സി, കിൻഫ്ര, ഫിക്കി (ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബേഴ്സ് ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രി) എന്നിവയുമായി ചേർന്ന് കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്) ആണ് മേള സംഘടിപ്പിക്കുന്നത്.

വികസന വീഥി



# ഡിഫൻസ് പാർക്കിന് കൺസൾട്ടന്റായി

പ്രതിരോധ മേഖലയ്ക്കാവശ്യമായ സാമഗ്രികൾ നിർമിക്കുന്ന പൊതു മേഖലയിലെ ഇന്ത്യയിലെ ആദ്യത്തെ വ്യവസായപാർക്ക് സ്ഥാപിക്കാൻ കിൻഫ്ര പദ്ധതി ആവിഷ്കരിക്കുന്നു. പാലക്കാട് ജില്ലയിൽ ഒറ്റപ്പാലത്ത് 60 ഏക്കറിലായി വരുന്ന ഡിഫൻസ് പാർക്കിനു കേന്ദ്ര സർക്കാരിന്റെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചു കഴിഞ്ഞു. പ്രധാനമന്ത്രിയുടെ മേയ്ക്ക് ഇന്ത്യ പരിപാടിയിൽ ഉൾപ്പെടുത്തി പദ്ധതി നടപ്പാക്കും. 231 കോടി രൂപയാണ് ആകെ പദ്ധതി ചെലവ്. കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ മോഡിഫൈഡ് ഇന്റഗ്രേറ്റഡ് ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രഡേഷൻ സ്കീം (എം. ഐ. ഐ. യു. എസ്) പ്രകാരം 50 കോടി രൂപ പദ്ധതിക്ക് സഹായം ലഭിക്കും. നിർദ്ദിഷ്ട പ്രതിരോധ പാർക്കിന്റെ കൺസൾട്ടന്റായി ഫ്രോസ്റ്റ് & സള്ളിവൻ എന്ന സ്ഥാപനത്തെ തിരഞ്ഞെടുത്തു. പദ്ധതിയുടെ സാദ്ധ്യതാ പഠനവും വിപണി പഠനവും നടത്താനാണ് കൺസൾട്ടന്റിനെ നിയോഗിച്ചത്.

പ്രതിരോധ മേഖലയിൽ 30% മാത്രമാണ് ആഭ്യന്തര നിർമാണം. പ്രതിരോധ എയ്റോ സ്പേസ് മേഖലകളിൽ വരുന്ന ചെറുകിട ഇടത്തരം കമ്പനികൾക്ക് കയറ്റുമതിക്കും സാദ്ധ്യതയുള്ളതായാണ് വിലയിരുത്തൽ. നിശാ-ദൃശ്യോപകരണങ്ങൾ, വാർത്താ വിനിമയ ഉപകരണങ്ങൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ, അൾട്രാ സോണിക്ക് ട്രാൻസ്ഡ്യൂസർ തുടങ്ങിയ ഉപകരണങ്ങളാണ് ഡിഫൻസ് പാർക്കിൽ നിർമിക്കാനുദ്ദേശിക്കുന്നത്. അത്യാധുനിക ടൂൾ റൂം, ഉൽപന്ന കാര്യക്ഷമതാ പരീക്ഷണ സംവിധാനം, സംഭരണശാല, സംരംഭകർക്കുള്ള പരിശീലന സൗകര്യം, ഗുണമേന്മാ കേന്ദ്രം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവ അന്താരാഷ്ട്ര നിലവാരത്തിൽ ഡിഫൻസ് പാർക്കിൽ സജ്ജീകരിക്കും. പദ്ധതി പൂർത്തിയാകുമ്പോൾ ഏതാണ്ട് രണ്ടായിരത്തോളം പേർക്ക് നേരിട്ടും 3000 പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുന്ന പദ്ധതിയാണ് ഡിഫൻസ് പാർക്ക്.

വ്യവസായ മന്ത്രി പി. കെ. കുഞ്ഞാലിക്കുട്ടി, ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ കെ. എം. ചന്ദ്രശേഖർ, കേന്ദ്ര പ്രതിരോധ സെക്രട്ടറി ജി. മോഹൻകുമാർ, വാണിജ്യ മന്ത്രാലയത്തിലെ ഡി. ഐ. പി. പി.. സെക്രട്ടറി അമിതാഭ് കാന്ത്, ചീഫ് സെക്രട്ടറി ജിജി തോംസൺ, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പി. എച്ച്. കുര്യൻ, എം. ഡി. ഡോ: ജി. സി. ഗോപാലപിള്ള എന്നിവരുടെ കൂട്ടായ ശ്രമഫലമായാണ് ഡിഫൻസ് പാർക്ക് കേരളത്തിനു ലഭിച്ചതെന്ന് കിൻഫ്ര വ്യക്തമാക്കി.

---

# മാറ്റത്തിനനുസരിച്ച് യുവജനസമൂഹം മാറണം: മുഖ്യമന്ത്രി




പുതിയ മാറ്റങ്ങൾക്കനുസരിച്ച് യുവജനസമൂഹം മാറണമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു. സർക്കാർ അനുകൂല സാഹചര്യം ഒരുക്കിയാൽ പ്രയോജനപ്പെടുത്താൻ യുവജനങ്ങൾ മുന്നോട്ടു വരുമെന്ന് ഉറപ്പാണെന്ന് അനുഭവങ്ങൾ വ്യക്തമാക്കുന്നതായും മുഖ്യമന്ത്രി പറഞ്ഞു. സംസ്ഥാന ഇന്നൊവേഷൻ കൗൺസിൽ, സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ സഹകരണത്തോടെ തൈക്കാട് ഗസ്റ്റ് ഹൗസിൽ സംഘടിപ്പിച്ച സംസ്ഥാന ഇന്നൊവേഷൻ മീറ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

വിദ്യാർത്ഥികളെ പഠനകാലത്തു തന്നെ സംരംഭകരാക്കാൻ പ്രോത്സാഹിപ്പിക്കുന്ന സംസ്ഥാന സർക്കാരിന്റെ സ്റ്റാർട്ട് അപ് പദ്ധതിക്ക് പ്രതീക്ഷയിൽ കവിഞ്ഞ പ്രതികരണമാണ് ലഭിച്ചത്. നവീനാശയവുമായാണ് വിദ്യാർത്ഥികളും യുവാക്കളും സ്റ്റാർട്ട് അപ് പദ്ധതിയുടെ ഭാഗമായത്. കേന്ദ്ര സർക്കാർ സ്റ്റാർട്ട് അപ് പദ്ധതിക്ക് രൂപം നൽകുന്നതിന് വളരെ മുമ്പു തന്നെ കേരളത്തിന് ഈ രംഗത്ത് നേട്ടമുണ്ടാക്കാൻ കഴിഞ്ഞത് അഭിമാനാർഹമാണെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

മന്ത്രി കെ. സി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ നടന്ന പരിപാടിയിൽ ഇന്നൊവേഷൻ കൗൺസിൽ ചെയർമാൻ എൽ. രാധാകൃഷ്ണൻ, ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ഡോ. സുരേഷ് ബാബു, വ്യവസായ ഐ ടി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പി. എച്ച്. കുര്യൻ, സംസ്ഥാന പ്ലാനിംഗ് ബോർഡ് അംഗം ജി. വിജയരാഘവൻ, ഇന്നൊവേഷൻ കൗൺസിൽ ജോയിന്റ് ഡയറക്ടർ വി. അജിത് പ്രഭു, ഡോ. തോമസ് ജോസഫ്, ഡോ. അച്യുത് ശങ്കർ സംബന്ധിച്ചു.

# Subscribe/Renew today
# Vyavasaya Keralam

## SUBSCRIBER'S APPLICATION




I would like to subscribe Vyavasaya Keralam for One year at Rs. 300/- (12 issues)

Please send my copies to:

Name.........................................................................................................................

Address......................................................................................................................

.....................................................................................................................................

.....................................................................................................................................

District.........................................................................................................................

Pincode.........................................Phone.............................................................

Demand Draft for Rs.300/- drawn in favour of

"K-Bip. Vyavasayakeralam", payable at Thiruvananathapuram

is enclosed (D.D No.............................................dated.....................................

of.........................................................................................................................Bank

**Send to**

The Editor
Vyavasayakeralam
DIC Building,
Vellayambalam,
Thiruvananthapuram
Pin:695033
Phone: 0471-2322789

---

## കെട്ടിടനിർമാണസാമഗ്രികളുടെ
# വിലനിലവാരം

**ജനുവരി അവസാനവാരം വിപണികളിൽനിന്നു ശേഖരിച്ചത്**

| | *തിരുവനന്തപുരം* | *കൊച്ചി* | *കോഴിക്കോട്* |
|---|---|---|---|
| സിമന്റ് (ബാഗിന്)ലോക്കൽ പർചേസ് | 400 | 395 | 365(സുവാരി) |
| സ്റ്റീൽ (കി.ഗ്രാം) | 40 | 43 | 41.50 |
| തടി ( ക്യുബ്ക് അടി) താന്നി | | | 872.15 |
| തടി ( ക്യുബ്ക് അടി) സെക്കന്റ് ക്ലാസ് ഹാർഡ് | 2100(വയലറ്റ്) | 1850(വയലറ്റ്) | 2300(ഇരുൾ) |
| മണ്ണ് (ക്യുബ്ക് അടി) | 57 | 47 | 62 |
| ക്വാറി ഡസ്റ്റ് | – | 48 | – |
| മെറ്റൽ (3/4 ഇഞ്ച്) | 29.50 | 32 | 35 |
| മെറ്റൽ (1/4 ഇഞ്ച്) | 26 | 32 | 35 |
| മെറ്റൽ ($1\frac{1}{2}$ ഇഞ്ച്) | 23 | 32 | 35 |
| ഹോളോ ബ്ലോക്ക് (8 ഇഞ്ച്) | 33.50 | 40 | 49 |
| ഹോളോ ബ്ലോക്ക് (6 ഇഞ്ച്) | – | – | – |
| ഹോളോ ബ്ലോക്ക് (4 ഇഞ്ച്) | 23.75 | 20 | 28.20 |
| സോളിഡ് ബ്ലോക്ക് (6 ഇഞ്ച്) | 33.00 | 27 | – |
| സോളിഡ് ബ്ലോക്ക് (4 ഇഞ്ച്) | 23.75 | 20 | 28.20 |
| ഇഷ്ടിക | 5.50 | 7.50 | 7.50 |
| റെഡിമിക്സ് | 6100 | 5750 | – |

*അവലംബം : സതേൺ ഇൻവെസ്റ്റ്മെന്റ്സ് (Si) പ്രൈവറ്റ് ലിമിറ്റഡ്*

സക്സസ് സ്റ്റോറി

ജോഷോ ബെന്നറ്റ് ജോൺ




# പരിചയസമ്പത്തിന്റെ വിജയം

**റിട്ടയർമെന്റിന് ശേഷം വിദേശ ഓഫറുകൾ വന്നെങ്കിലും സ്വന്തമായി ഒരു സംരംഭം ആരംഭിക്കണമെന്നത് അബ്ദുൾ റഷീദിന്റെ ആഗ്രഹമായിരുന്നു. ആ നിലയ്ക്കാണ് മുമ്പ് ലഭ്യമായ പരിചയസമ്പത്തിന്റെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ഇഞ്ചക്ഷൻ മോൾഡിംഗ് യൂണിറ്റ് ആരംഭിക്കുന്നതിന് തീരുമാനമെടുത്തത്.**

കൊല്ലം ജില്ലയിലെ ചവറ ബ്ലോക്കിൽ വിജയകരമായി പ്രവർത്തിക്കുന്ന ഒരു വ്യവസായ യൂണിറ്റാണ് എം. വി. ഇൻഡസ്ട്രീസ്. പ്ലാസ്റ്റിക് ഇഞ്ചക്ഷൻ മോൾഡിംഗ്, സാങ്കേതികവിദ്യയിലൂടെ വൈദ്യുതീകരണത്തിനാവശ്യമായ ജംഗ്ഷൻ ബോക്സ്, കണക്ഷൻ ബെൻഡ്സ്, റ്റി-കണക്ടേഴ്സ് എന്നിവ നിർമിച്ച് വിതരണം ചെയ്യുന്ന യൂണിറ്റാണിത്.

നിരവധി വർഷത്തെ സാങ്കേതിക പഠനത്തിലൂടെയും പ്രവൃത്തിപരിചയത്തിലൂടെയും നേടിയ അനുഭവസമ്പത്താണ് എം. വി. ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന് മുതൽകൂട്ടായത്. ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ഡിപ്ലോമ പൂർത്തിയാക്കി 1984-ൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ ആയി ഔദ്യോഗിക ജീവിതമാരംഭിച്ച അബ്ദുൾ റഷീദ് 1994-ൽ











**ഇപ്പോൾ വയറിംഗിനാവശ്യമായ ജംഗ്ഷൻ ബോക്സ്, ബെൻഡുകൾ, റ്റി-കണക്ടേഴ്സ്, ഇലക്ട്രോണിക് ചോക്ക് കവർ എന്നിവ നിർമിക്കുന്നുണ്ട്. കൊല്ലം, ആലപ്പുഴ, തിരുവനന്തപുരം ജില്ലകളിൽ സ്ഥാപനത്തിന് അംഗീകൃത വിതരണക്കാർ മുഖേന ഉല്പന്നങ്ങൾ ലഭ്യമാക്കുന്നുണ്ട്.**

എഞ്ചിനീയറിംഗ് ബിരുദം സ്വന്തമാക്കി. അതിന് ശേഷം അദ്ധ്യാപകനായി പ്രൊമോഷൻ ലഭിച്ചെങ്കിലും മൂന്ന് വർഷത്തിനുശേഷം അവധിയെടുത്ത് വിദേശത്തേയ്ക്ക് ജോലി തേടിപ്പോവുകയായിരുന്നു. പേപ്പർ കപ്പുകളും പ്ലേറ്റുകളും നിർമിക്കുന്ന യൂണിറ്റിലെ മെയിന്റനൻസ് എഞ്ചിനീയറായാണ് ജോലി നോക്കിയത്. യൂണിറ്റിലേയ്ക്ക് പുതിയതരം മെഷിനറികൾ വാങ്ങുന്നതിനും മറ്റുമായി വിവിധ രാജ്യങ്ങളിലെ മെഷീൻ നിർമാണ സ്ഥാപനങ്ങൾ സന്ദർശിക്കുകയും മെയിന്റനൻസിലും സ്പെഷ്യൽ പർപ്പസ് മെഷീനുകളുടെ നിർമാണത്തിലും വൈദഗ്ദ്യം നേടുകയും ചെയ്തു. തുടർന്ന് പ്രവാസ ജീവിതം അവസാനിപ്പിച്ച് നാട്ടിലെത്തി സർവീസിൽ നിന്ന് റിട്ടയർ ചെയ്ത ശേഷമാണ് സംരംഭം ആരംഭിക്കുന്നതിനായി നടപടികൾ സ്വീകരിച്ചത്.

റിട്ടയർമെന്റിന് ശേഷം വിദേശ ഓഫറുകൾ വന്നെങ്കിലും സ്വന്തമായി ഒരു സംരംഭം ആരംഭിക്കണമെന്നത് അബ്ദുൾ റഷീദിന്റെ ആഗ്രഹമായിരുന്നു. ആ നിലയ്ക്കാണ് മുമ്പ് ലഭ്യമായ പരിചയസമ്പത്തിന്റെ അടിസ്ഥാനത്തിൽ ഒരു പ്ലാസ്റ്റിക് ഇഞ്ചക്ഷൻ മോൾഡിംഗ് യൂണിറ്റ് ആരംഭിക്കുന്നതിന് തീരുമാനമെടുത്തത്. കോയമ്പത്തൂർ, ബാംഗ്ലൂർ എന്നിവിടങ്ങളിൽ അന്വേഷണം നടത്തിയശേഷമാണ് കോയമ്പത്തൂരിൽ നിന്ന് മെഷിനറികൾ ലഭ്യമാക്കാമെന്നുറപ്പിച്ചത്. ചവറയിൽ സ്വന്തമായുള്ള സ്ഥലത്ത് വീടിന് പുറകി



ലായി സ്ഥാപനത്തിനാവശ്യമായ കെട്ടിടം നിർമിക്കുന്നതിന് തീരുമാനിക്കുകയായിരുന്നു. എല്ലാ കാര്യങ്ങൾക്കും മക്കളുടെയും കുടുംബത്തിന്റേയും പൂർണ പിന്തുണയുണ്ടായിരുന്നതിനാലും സ്വന്തമായി അല്പം സമ്പാദ്യമുണ്ടായിരുന്നതിനാലും കൂടുതൽ ബുദ്ധിമുട്ടില്ലാതെ കാര്യങ്ങൾ മുന്നോട്ട് നീങ്ങി. അങ്ങനെ 2014-ൽ കെട്ടിടം പണി പൂർത്തിയാക്കി മെഷിനറികൾ സ്ഥാപിച്ചു. എല്ലാം കൂടി 20 ലക്ഷം രൂപയായിരുന്നു നിക്ഷേപം. തുടർന്ന് ഉല്പന്നങ്ങൾ നിർമിക്കുന്നതിനാവശ്യമായ അസംസ്കൃതവസ്തുക്കൾ ലഭ്യമാക്കുന്നതിനായി ശ്രമമാരംഭിച്ചു. നാട്ടിലും സമീപ സംസ്ഥാനങ്ങളിലും നിന്ന് വിവിധ തരത്തിലുള്ള പ്ലാസ്റ്റിക് ഗ്രാന്യൂൾസ് ലഭ്യമാക്കി ഉല്പന്നങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ നിർമിച്ചെങ്കിലും മിക്കതും ഉദ്ദേശിച്ച നിലവാരം പുലർത്തിയില്ല. അങ്ങനെ നാല് മാസത്തെ പരീക്ഷണങ്ങൾക്കും അന്വേഷണങ്ങൾക്കുമൊടുവിലാണ് ബാംഗ്ലൂരിലുള്ള ഒരു സ്ഥാപനത്തെ കണ്ടെത്തുവാനും അത് ഉപയോഗിച്ച് നിർമാണം നടത്താനും ആരംഭിച്ചത്.

കേരളത്തിന്റെ മാർക്കറ്റിൽ ലഭ്യമായ ഒന്നാംതരം ഉല്പന്നങ്ങളോട് കിടപിടിക്കുന്ന നിലവാരത്തിലാണ് എം. വി. ഇൻഡസ്ട്രീസ് പ്രവർത്തിക്കുന്നത്. ഇപ്പോൾ വയറിംഗിനാവശ്യമായ ജംഗ്ഷൻ ബോക്സ്, ബെൻഡുകൾ, റ്റി-കണക്ടേഴ്സ്, ഇലക്ട്രോണിക് ചോക്ക് കവർ എന്നിവ നിർമിക്കുന്നുണ്ട്. കൊല്ലം, ആലപ്പുഴ, തിരുവനന്തപുരം ജില്ലകളിൽ സ്ഥാപനത്തിന് അംഗീകൃത വിതരണക്കാർ മുഖേന ഉല്പന്നങ്ങൾ ലഭ്യമാക്കുന്നുണ്ട്. എല്ലാവിധ ലൈസൻസുകളും ലഭ്യമാക്കി പ്രവർത്തിക്കുന്ന ഈ യൂണിറ്റിന് ജില്ലാ വ്യവസായകേന്ദ്രം 1,25,000/- രൂപ ഇ. എസ്സ്. എസ്സ്. ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട് ആയി ലഭ്യമാക്കിയിട്ടുണ്ട്.

നിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ പുതിയ മെഷിനറികൾ സ്ഥാപിക്കുവാനും ഉല്പന്നത്തിന് ഐ. എസ്സ്. ഐ. മുദ്ര ലഭ്യമാകുന്നതിനും നടപടികൾ സ്വീകരിച്ചു വരികയാണ് അബ്ദുൾ റഷീദ് ഇപ്പോൾ. കൂടുതൽ വിവരങ്ങൾക്ക്

**അബ്ദുൾ റഷീദ്,**
**എം. വി. ഇൻഡസ്ട്രീസ്,**
**ചവറ (ഫോൺ: 9745529145)**

**ചവറ വ്യവസായ വികസന ഓഫീസറാണ് ലേഖകൻ**

**കേ**രളത്തിൽ നിന്നുള്ള കാർഷിക ഉല്പന്നങ്ങൾക്ക് ഇന്ത്യയിലെ തന്നെ മറ്റ് സംസ്ഥാനങ്ങളിലും വിദേശത്തും വലിയ ഡിമാന്റാണുള്ളത്. കേരളത്തിൽ നിന്നുള്ള പച്ചക്കറികൾക്കും, പഴവർഗങ്ങൾക്കും മറ്റ് സംസ്ഥാനങ്ങളിൽ ഉല്പാദിപ്പിക്കുന്ന പഴം പച്ചക്കറികളെക്കാൾ രുചിയും ഗുണവും കൂടുതലാണ് എന്നുള്ളതാണ് ഇതിനുകാരണം. പലപ്പോഴും കാർഷിക വിളകൾ അതേരൂപത്തിൽ തന്നെ വിപണനം നടത്തുമ്പോൾ പല വെല്ലുവിളികളും നേരിടേണ്ടതായി വരുന്നുണ്ട്. ഒന്ന് കുറഞ്ഞ കാലയളവിൽ മാത്രമേ പഴങ്ങളും പച്ചക്കറികളും തനത് രൂപത്തിൽ സൂക്ഷിച്ച് വയ്ക്കാൻ സാധിക്കൂ. രണ്ടാമത് ദീർഘദൂര ഗതാഗതം സാധ്യമാവുകയില്ല. മൂന്നാമത് ഒരേസമയം ധാരാളം വിളവ് മാർക്കറ്റിലെത്തുന്നതിനാൽ വിലക്കുറവ് നേരിടും. ഇത്തരം പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കാർഷിക വിളകളുടെ സംസ്കരണവും, സംഭരണവുമാണ്.

ശാസ്ത്രീയ രീതിയിലൂടെ ഗുണമേന്മ നഷ്ടപ്പെടാതെ സംസ്കരിച്ചെടുക്കുന്ന ഏത്തവാഴപ്പഴം **ബനാനഫിഗ്** എന്ന പേരിൽ മാർക്കറ്റിൽ എത്തിത്തുടങ്ങിയിരിക്കുന്നു.

## ബനാന ഫിഗ്

നാടൻ ഏത്തപ്പഴം സംസ്കരിച്ച് തയ്യാറാക്കുന്ന ഡ്രൈ ഉൽപന്നമാണ് ബനാന ഫിഗ്. വളർന്നു വരുന്ന പുതിയ വ്യവസായങ്ങളുടെ പട്ടികയിൽ ബനാന ഫിഗിന് വലിയ സാദ്ധ്യതയുണ്ട്. നമ്മുടെ നാട്ടിൽ വ്യാപകമായി മാർക്കറ്റ് ചെയ്ത് തുടങ്ങിയിട്ടില്ലെങ്കിലും വിപണി സാദ്ധ്യതയുള്ള ഉല്പന്നം തന്നെയാണ് ബനാനാ ഫിഗ്. അസംസ്കൃത വസ്തുവായ ഏത്തപ്പഴം സുലഭമാണ് എന്നതും ലളിതമായ സംസ്കരണരീതിയും ഈ വ്യവസായത്തെ ആകർഷകമാക്കുന്നു.

## സാധ്യതകൾ

കേരളത്തിൽ സുലഭമായി ലഭ്യമാകുന്ന ഏത്തക്കായ് ഉപയോഗിച്ച് നിലവിൽ ചിപ്സും, എത്തക്കായപ്പൊടിയുമാണ് നിർമിക്കുന്നത്. കേരളത്തിലെ ഏത്തക്കായ ചിപ്സ് ലോകവിപണി പിടിച്ചുപറ്റിയ ഒരു ഉല്പന്നമാണ്. വിദേശനാടുകളിൽ നിന്ന് ഡ്രൈ ചെയ്ത ധാരാളം പഴങ്ങൾ ഇപ്പോൾ കേരള വിപണിയിൽ ലഭ്യമാണ്. അനാർ, കിവി, പിസ്ത തുടങ്ങിയ ഡ്രൈ ഫ്രൂട്ടുകൾക്കെല്ലാം കേരളത്തിലും നല്ല വിപണിയുണ്ട്. കേരളത്തിൽ നിന്നുള്ള ഏത്തപ്പഴം ഡ്രൈ ചെയ്ത് ആഭ്യന്തര വിദേശ വിപണിയെ ലക്ഷ്യം വച്ചുള്ള മാർക്കറ്റിംഗ് ആരംഭിക്കുന്നത് ഒരു പുതിയ ബിസിനസിന്റെ തുടക്കമാവും.

കേരളത്തിൽ ധാരാളമായി എല്ലായിടത്തും ലഭിക്കുന്ന അസംസ്കൃതവസ്തു തന്നെയാണ് ഈ ബിസിനസിന്റെ ഏറ്റവും വലിയ സാധ്യത. വലിയ സാങ്കേതിക വിദ്യയോ, സാങ്കേതിക വിദഗ്ദ്ധരുടെ സേവനമോ ആവശ്യമില്ല. ചെറുകിട വ്യവസായം എന്ന നിലയിൽ കുറഞ്ഞ മുതൽമുടക്കിൽ ആരംഭിക്കാൻ സാധിക്കുന്ന ഈ വ്യവസായത്തെ ഒരു കുടുംബ സംരംഭമായും മാറ്റിയെടുക്കാൻ സാധിക്കും.

അസംസ്കൃത വസ്തുവായ ഏത്തക്കായ കർഷകരിൽ നിന്ന് നേരിട്ടോ, കർഷക കൂട്ടായ്മകളിലൂടെയുള്ള സ്വാശ്രയ വിപണികളിൽ നിന്നോ സംഭരിക്കുവാൻ സാധിക്കും. ഇത്തരത്തിലുള്ള സംസ്കരണ യൂണിറ്റുകൾ സംഭരിക്കുന്നതു വഴി വിലയിടിവ് തടയുന്നതിനുള്ള ഒരു മാർഗം കൂടി തെളിയുകയായി.

കൂടാതെ ആരോഗ്യരംഗത്തെ ജനങ്ങളിലുണ്ടായിട്ടുള്ള അവബോധം ഡ്രൈ ഉല്പന്നങ്ങൾക്ക് ഗുണകരമാണ്. കൂടുതൽ ആളുകൾ ഫ്രൈ ഉല്പന്നങ്ങളെ ഉപേക്ഷിച്ച് ഡ്രൈ ഉല്പന്നങ്ങളിലേയ്ക്ക് മാറുവാൻ തയ്യാറെടുക്കുകയാണ്.



ബൈജു നെടുങ്കേരി

**ആരോഗ്യരംഗത്തെ ജനങ്ങളിലുണ്ടായിട്ടുള്ള അവബോധം ഡ്രൈ ഉല്പന്നങ്ങൾക്ക് ഗുണകരമാണ്. കൂടുതൽ ആളുകൾ ഫ്രൈ ഉല്പന്നങ്ങളെ ഉപേക്ഷിച്ച് ഡ്രൈ ഉല്പന്നങ്ങളിലേയ്ക്ക് മാറുവാൻ തയ്യാറെടുക്കുകയാണ്.**

# കടൽ കടക്കുന്ന വാഴപ്പഴം

## സാങ്കേതിക വിദ്യ

ബനാന ഫിഗ് നിർമിക്കുന്നതിനുള്ള സാങ്കേതികവിദ്യ തിരുച്ചിറപ്പള്ളി ബനാന റിസർച്ച് സ്റ്റേഷനിൽ ലഭ്യമാണ്. സംരംഭകൻ ശ്രദ്ധിക്കേണ്ട പ്രധാന കാര്യം റിസർച്ച് സെന്ററുകളിൽ നിന്നും ലഭിക്കുന്ന സാങ്കേതിക വിദ്യകൾ പലതും ലാബ് വെർഷനിൽ ഉള്ളതാണ്. ഈ സാങ്കേതിക വിദ്യകൾ വാങ്ങുന്ന സംരംഭകർ വ്യാവസായിക അടിസ്ഥാനത്തിൽ ഉല്പാദനം നടത്തി വിപണിയിലേക്കിറങ്ങുമ്പോൾ നേരിടേണ്ടി വരുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ബുദ്ധിമുട്ടുന്നുണ്ട്. ഇത്തരം പ്രശ്നങ്ങളെ നേരിടുന്നതിന് ഏതെങ്കിലും കാർഷിക ഭക്ഷ്യ സംസ്കരണ രംഗത്ത് പ്രവർത്തിക്കുന്ന ഇൻകുബേഷൻ സെന്ററുകളുടെ സഹായം തേടുന്നത് നല്ലതായിരിക്കും.

## മാർക്കറ്റിങ്

ബനാന ഫിഗ് കേരള വിപണിയിൽ ഒരു പുതിയ ഉല്പന്നമാണ്. പുതിയ ഉല്പന്നം എന്ന നിലയിൽ മാർക്കറ്റിൽ നിന്നും ഫീഡ് ബാക്കുകൾ ശേഖരിച്ച് ഉല്പന്നത്തിന്റെ ഗുണമേന്മയിലും പായ്ക്കിങ്ങിലും വില നിർണയത്തിലുമെല്ലാം മാറ്റങ്ങൾ കൊണ്ടുവരാൻ ശ്രമിക്കണം.

ആദ്യഘട്ടത്തിൽ സംരംഭകൻ നേരിട്ടുള്ള മാർക്കറ്റിങ്ങിൽ ശ്രദ്ധിക്കുകയും വിപണി പിടിച്ച് പറ്റുന്നതോടെ വിതരണക്കാരെ നിയമിക്കുകയുമാവാം.

പുതിയ ഉല്പന്നം എന്ന നിലയിൽ ചെറിയ അളവുകളിൽ പായ്ക്ക് ചെയ്ത് കുറഞ്ഞ വിലയ്ക്ക് വിൽക്കുന്നത് എളുപ്പത്തിൽ മാർക്കറ്റ് പിടിച്ചെടുക്കാൻ സഹായിക്കും.

## പായ്ക്കിംഗ്

ബനാന ഫിഗ് വിപണിയിലെത്തിക്കുമ്പോൾ ഏറ്റവും അധികം ശ്രദ്ധിക്കേണ്ട വിഷയം പായ്ക്കിങ്ങാണ്. ഈർപ്പം കയറാത്ത പോളി പ്രൊപ്പലിൻ കണ്ടെയ്നറുകളിലോ, മൾട്ടിലെയർ മെറ്റലൈസ്ഡ് കവറുകളിലോ വേണം പായ്ക്ക് ചെയ്യാൻ. പായ്ക്കിങ്ങിന്റെ ഉള്ളിൽ നിന്ന് വാക്വം ചെയ്ത് അന്തരീക്ഷവായു നീക്കം ചെയ്ത് നൈട്രജൻ നിറയ്ക്കുന്നത് കൂടുതൽ കാലം കേടുകൂടാതെ സൂക്ഷിക്കാൻ സാധിക്കും. പൂപ്പൽ ബാധ ഒഴിവാക്കുന്നതിനുള്ള എല്ലാ മുൻകരുതലുകളും എടുത്തിരിക്കണം.

## ലൈസൻസുകൾ, വൈദ്യുതി

ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ രജിസ്ട്രേഷൻ, തൊഴിലാളികളുടെ ആരോഗ്യക്ഷമതാ സർട്ടിഫിക്കറ്റ്, ഇൻഡസ്ട്രീസ്



ഡിപ്പാർട്ടുമെന്റിൽ നിന്നുള്ള ഇ. എം. സർട്ടിഫിക്കറ്റ്, പഞ്ചായത്ത് ലൈസൻസ് എന്നിവയാണ് ആദ്യഘട്ടത്തിൽ ആവശ്യമുള്ളത്. ഈ യൂണിറ്റിന് ത്രീഫേസ് കണക്ഷൻ ആവശ്യമാണ്. യൂണിറ്റിന് സ്ഥലം കണ്ടെത്തുമ്പോൾ 10 കിലോ വാട്ട് പവർ അലോക്കേഷൻ വൈദ്യുതി ബോർഡിൽ നിന്നും ഉറപ്പാക്കുക.

## മൂലധനനിക്ഷേപം

| | |
|---|---|
| എ) ഡ്രയർ, സ്ലൈഡർ (പ്രതിദിനം 150 കിലോ കപ്പാസിറ്റി) | 2,80,000 |
| ബി) വർക്കിംഗ് ടേബിൾ, പാത്രങ്ങൾ, അനുബന്ധ ഉപകരണങ്ങൾ | 25,000 |
| സി) വാക്വം+നൈട്രജൻ ഫില്ലിംഗ് മെഷീൻ (ആവശ്യമെങ്കിൽ മാത്രം) | 60,000 |
| ഡി) വയറിംഗ്, പ്ലംബിംഗ്, അനുബന്ധ ചെലവുകൾ | 25,000 |
| ഇ) പ്രവർത്തന മൂലധനം | 1,10,000 |
| **ആകെ** | **5,00,000** |

## പ്രവർത്തന ചെലവുകൾ

ഒരു ലോട്ട് ബനാന ഡ്രൈ ചെയ്ത് എടുക്കുന്നതിന് 26 മുതൽ 30 മണിക്കൂർ വരെ വേണ്ടിവരും

| | |
|---|---|
| എ) ബനാന 150 കി.ഗ്രാം*15 | 2250 |
| ബി) തൊഴിലാളികളുടെ വേതനം | 2700 |
| സി) പായ്ക്കിങ് മെറ്റീരിയൽസ് | 800 |
| ഡി) ഇലക്ട്രിസിറ്റി ചാർജ്ജ് | 300 |
| ഇ) മാർക്കറ്റിങ് | 400 |
| എഫ്) ഭരണചെലവുകൾ, സംഭാവന മറ്റിതര ചെലവുകൾ | 250 |
| **ആകെ** | **6700** |

## വരവ്

50 കിലോഗ്രാം ബനാന ഡ്രൈ ചെയ്താൽ ലഭിക്കുന്നത് 45 കിലോഗ്രാം ബനാന ഫിഗ് ആയിരിക്കും.

| | |
|---|---|
| എം. ആർ. പി. : 45*400 | 18,000 |
| വില്പനക്കാരുടെ കമ്മീഷൻ കഴിഞ്ഞ് കമ്പനിക്ക് ലഭിക്കുന്നത് 45*300 | 13,500 |
| **ലാഭം** | |
| വരവ് | 13,500 |
| ചെലവ് | 6,700 |
| ലാഭം | 6800 |

## ഒരു മാസത്തെ ലാഭം

| | |
|---|---|
| പ്രതിമാസം 15 ലോട്ട് വരെ നിർമിക്കാൻ സാധിക്കും. 15*6800 | = 1,02,000 |


## സബ്സിഡി:

വ്യവസായ വകുപ്പിൽ നിന്നും സ്ഥിരനിക്ഷേപത്തിന്റെ 30% വരെ സബ്സിഡി നൽകുന്നുണ്ട്.

## ട്രയൽ പ്രൊഡക്ഷൻ

ഈ വ്യവസായത്തിൽ വൻമുതൽ മുടക്ക് നടത്തുന്നതിന് മുമ്പ് വിപണി സാദ്ധ്യതകൾ പഠിക്കുന്നതിനും ക്രമപ്പെടുത്തുന്നതിനുമായി ട്രയൽ പ്രൊഡക്ഷൻ ഫെസിലിറ്റി അഗ്രോപാർക്കിൽ ലഭ്യമാണ്. അസംസ്കൃത വസ്തുക്കൾ മാത്രം ട്രയൽ പ്രൊഡക്ഷൻ യൂണിറ്റിലെത്തിച്ച് നിശ്ചിത ഫീസും അടച്ചാൽ സ്വന്തം കമ്പനി സ്ഥാപിക്കുന്നതിന് മുമ്പു തന്നെ സ്വന്തം ബ്രാന്റിൽ ഉല്പന്നം വിപണിയിലെത്തിക്കാൻ സാധിക്കും. സ്വന്തം കമ്പനി സ്ഥാപിക്കുമ്പോൾ അത്യാവശ്യത്തിന് മാത്രം പണം മുടക്കുന്നതിനും അനാവശ്യചെലവുകൾ ഒഴിവാക്കുന്നതിനും സംരംഭകന് സഹായകമാവും. സാങ്കേതികവിദ്യ പര്യാപ്തമാണോ? വിലനിർണയം ശരിയാണോ? പായ്ക്കിംഗിൽ പാളിച്ചകളുണ്ടോ? ജനങ്ങളുടെ സ്വീകാര്യത എത്രത്തോളമുണ്ട് തുടങ്ങിയ കാര്യങ്ങൾ മനസിലാക്കുന്നതിനും ട്രയൽ പ്രൊഡക്ഷൻ സഹായിക്കും.




*With best compliments from:*

**M/s. SANNIDHANAM PAPER PRODUCTS**
**INDIA**




# ദിനേശിന് വീണ്ടും അസ്സോച്ചം അവാർഡ്




കേരള ദിനേശ് ബീഡി തൊഴിലാളി കേന്ദ്ര സഹകരണ സംഘത്തിന് 2015-ലും അസ്സോച്ചം ദേശീയ അവാർഡ് ലഭിച്ചു. ഭാരതത്തിലെ ഏറ്റവും വലിയ വ്യാപാര വ്യവസായ വികസന സംഘടനയായ അസ്സോച്ചം (അസ്സോസിയേറ്റ് ചേമ്പർ ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രി ഓഫ് ഇന്ത്യ) 2014 മുതലാണ് ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് വിവിധ മേഖലകളിലെ പ്രവർത്തന മികവിന് ദേശീയ തലത്തിൽ അവാർഡ് ഏർപ്പെടുത്തിയത്.

എസ്. എം. ഇ ഓഫ് ദി ഇയർ, വിമൻ എൻട്രപ്രണർ, സി. എസ്. ആർ ആക്ടിവിറ്റീസ്, ഇന്നവേഷൻ, മോസ്റ്റ് പ്രോമിസിങ് ബ്രാന്റ്, ഗ്രീൻ ബിസിനസ്, കോസ്റ്റ് കോംപറ്റിറ്റീവ്നെസ്, ഫെയർ ബിസിനസ് പ്രാക്ടീസസ് എന്നീ മേഖലകളിലെ നേട്ടങ്ങൾക്കാണ് അവാർഡ് നൽകുന്നത്.

ഫെയർ ബിസിനസ് പ്രാക്ടീസ് വിഭാഗത്തിൽ 2014-ലും ദിനേശിന് ഈ അവാർഡ് ലഭിച്ചിരുന്നു. ഉൽപന്നങ്ങളുടെ ഗുണനിലവാരം, ഉപഭോക്താക്കളുടെ താൽപര്യങ്ങൾക്ക് മുന്തിയ പരിഗണന, വിലക്കയറ്റം തടയുന്നതിന് വിപണിയിൽ ഫലപ്രദമായി ഇടപെടൽ, തൊഴിലാളികൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകൾ നിഷ്കർഷിക്കുന്ന സാമൂഹിക-സാമ്പത്തിക സുരക്ഷാപദ്ധതികൾ കൃത്യമായി അനുവദിക്കൽ, കണക്കുകൾ സൂക്ഷിച്ച് കേന്ദ്ര സർക്കാരുകളിലേയ്ക്ക് കൃത്യസമയത്തു തന്നെ എല്ലാവിധ നികുതികളും അടയ്ക്കൽ, ധാർമികതയിലൂന്നി വ്യവസായ വ്യാപാര പ്രവർത്തനം നടത്തുക, തുടങ്ങിയ കാര്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതുകൊണ്ടാണ് ഫെയർ ബിസിനസ് മേഖലയിൽ ദിനേശിന് ഈ അവാർഡ് തുടർച്ചയായി ലഭിച്ചത്. ന്യൂദില്ലി ഇംപീരിയൽ ഹോട്ടലിൽ കേന്ദ്ര ആയുഷ് ആരോഗ്യ കുടുംബ ക്ഷേമ മന്ത്രി ശ്രീപദ് യശ്ശോനായ്ക്കിൽ നിന്നും കേന്ദ്ര സംഘം സെക്രട്ടറി കെ. പ്രഭാകരനും ദിനേശ് ഫുഡ്സ് പ്രൊഡക്ഷൻ മാനേജർ പി. ജയരാജനും ചേർന്ന് അവാർഡ് ഏറ്റുവാങ്ങി.

1969-ൽ ബീഡി തൊഴിലാളികളെ പുന:രധിവസിപ്പിക്കുന്നതിനു വേണ്ടി സംസ്ഥാന സർക്കാരിന്റെ പൂർണ പിന്തുണയോടെ ആരംഭിച്ച ദിനേശ് ബീഡി വ്യവസായ സഹകരണ സംഘങ്ങളിൽ 3,000

പേരാണ് തുടക്കത്തിൽ തൊഴിലാളികളായി ഉണ്ടായിരുന്നത്. സഹകരണ മാനേജ്മെന്റ് സംവിധാനത്തിൽ വ്യവസായ സംരംഭങ്ങൾ നടത്തി വിജയിപ്പിക്കുവാൻ സാധിക്കുമെന്ന് ദിനേശിന്റെ ചരിത്രം വ്യക്തമാക്കുന്നു. 1980- കളിൽ 42,000 തൊഴിലാളികൾക്ക് സുരക്ഷിതമായി തൊഴിൽ നൽകുന്നതിന് ഈ സ്ഥാപനത്തിന് സാധിച്ചു. പുകവലിക്കെതിരെ രൂപപ്പെട്ട ഉയർന്ന ആരോഗ്യ അവബോധവും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും കോടതികളുടെയും ഇടപെടലുകളും സ്വാഭാവികമായും ഈ വ്യവസായത്തെ നിരുത്സാഹപ്പെടുത്തുന്നതിന് കാരണമായി. സർക്കാരുകളുടെ ഈ നയത്തോട് ദിനേശ് ബീഡി സംഘങ്ങൾ പൂർണമായും സഹകരിച്ചു. കഴിഞ്ഞ 20 വർഷങ്ങൾക്കിപ്പുറം ഒരു തൊഴിലാളിയെപ്പോലും ബീഡി മേഖലയിലേയ്ക്ക് പ്രവേശിപ്പിച്ചിട്ടില്ല. പഴയകാല തൊഴിലാളികളിൽ ഏറിയകൂറും 1980-കൾക്കുശേഷം പിരിഞ്ഞുപോയി. ഇപ്പോൾ 6,000-ൽ താഴെ തൊഴിലാളികൾ മാത്രമാണ് ബീഡി മേഖലയിൽ അവശേഷിക്കുന്നത്.

ബീഡി വ്യവസായത്തിന്റെ പ്രതിസന്ധി രൂക്ഷമായ 1990-കളിൽ സ്ഥാപക ചെയർമാൻ യശ്ശ:ശരീരനായ ജി. കെ. പണിക്കരുടെ നേതൃത്വത്തിലുള്ള ഭരണസമിതി ബീഡി വ്യവസായം കൂടുതൽ പ്രതിസന്ധിയിലേയ്ക്ക് പോകുമെന്ന് മുൻകൂട്ടി കാണുകയും വ്യവസായത്തിന്റെ വൈവിദ്ധ്യവത്കരണത്തിന് നടപടികൾ ആരംഭിക്കുകയും ചെയ്തു. പരമാവധി ബീഡി തൊഴിലാളികളെ അല്ലെങ്കിൽ അവരുടെ ആശ്രിതരെ പുനരധിവസിപ്പിക്കുകയെന്ന നയം സ്വീകരിച്ചുകൊണ്ടാണ് പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചത്. ഇതേതുടർന്ന് കേന്ദ്ര സംഘം 1997-ൽ ഭക്ഷ്യസംസ്കരണം (ദിനേശ് ഫുഡ്സ്), 1999-ൽ ദിനേശ് ഇൻഫർമേഷൻ ടെക്നോളജി സിസ്റ്റംസ് (ഡിറ്റ്സ്), 2000-ൽ കുട നിർമാണം (ദിനേശ് അംബ്രല്ല), 2007-ൽ വസ്ത്ര നിർമാണം (ദിനേശ് അപ്പാരൽസ്) എന്നീ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചു. 2014-15 വർഷം മുതൽ പ്രാഥമിക സംഘങ്ങൾ ഹോട്ടൽ കാറ്ററിങ്ങ്, കുട നിർമാണം, ഡിറ്റർജന്റ് എന്നീ മേഖലകളിലേയ്ക്കും പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു. 2014-15 വർഷം 71 കോടി രൂപയുടെ ടേൺ ഓവർ ഉണ്ടായിട്ടുണ്ട്. 7,000 തൊഴിലാളികൾ ഇപ്പോൾ എല്ലാ യൂണിറ്റുകളിലുമായി ജോലി ചെയ്തു വരുന്നു. 42,000 തൊഴിലാളികൾ ഉണ്ടായിരുന്നപ്പോഴുള്ള അടിസ്ഥാന സൗകര്യങ്ങൾ പലതും ഉപയോഗപ്പെടുത്തിയാണ് ദിനേശ് ബീഡി സംഘങ്ങൾ ഇന്ന് വൈവിധ്യവത്കരണ പദ്ധതികൾ നടപ്പിലാക്കുന്നത്. ഗുണനിലവാരമുള്ള ഉൽപന്നങ്ങളും, സേവനങ്ങളും ഉപഭോക്താക്കൾക്ക് നൽകുന്നതിന് ദിനേശ് മുന്തിയ പരിഗണന നൽകുന്നു. തൊഴിലാളികൾക്ക് എല്ലാവിധ സാമൂഹ്യ സുരക്ഷാ പദ്ധതികളും അനുവദിക്കുന്നു. തൊഴിലാളികളുടെയും മാനേജ്മെന്റിന്റെയും യോജിച്ചുള്ള പ്രവർത്തനവും സർക്കാരിൽ നിന്നും പൊതുസമൂഹത്തിൽ നിന്നും സദാ ലഭിച്ചുകൊണ്ടിരിക്കുന്ന പിന്തുണയും സഹകരണവും ദിനേശിന് മികച്ച പ്രവർത്തനം കാഴ്ചവെക്കുന്നതിന് സഹായകരമാകുന്നു.


*With best compliments from*

**M/s. GURUVAYOOR M.S. FOOD PRODUCTS**

(PAPPAD)

Ph: 0474- 2792592
Mob: 09946638409

Alattukavu Nagar 109
Kavanadu P.O., Kollam- 691003



*We distributing delocious Pappad in the occation of Marriage Parties and other functions with affordable Prize.*



■ ലോറൻസ് മാത്യു

ടെക്നോ ട്രെന്റ്സ്

**താമരയിതളുകളുടെ പ്രത്യേകത പഠിച്ച് അതിനെ ആധാരമാക്കി കറയും അഴുക്കുകളും പറ്റിപ്പിടിക്കാത്ത പെയിന്റുകളുടെ നിർമാണമാണിനി വരുന്നത്. ഭാവിയിൽ നമ്മുടെ വീടുകളുടെ ചുവരുകൾ മഴവെള്ളം വീണാൽ തനിയെ വൃത്തിയാക്കുന്ന സ്ഥിതിയിലേക്കെത്തിക്കുവാൻ ഇത്തരം പെയിന്റിന് കഴിയും.**

# പ്രകൃതിയിലെ വ്യവസായ പാഠങ്ങൾ


പൗരാണിക കാലം മുതലേ പ്രകൃതി മനുഷ്യനെ വിസ്മയിപ്പിച്ചിട്ടുണ്ട്. മനുഷ്യന്റെ പല കണ്ടുപിടുത്തങ്ങൾക്കും പ്രകൃതി മാതൃകയായിട്ടുമുണ്ട്. വിമാനത്തിന്റെ രൂപം തന്നെ ഉദാഹരണം. എന്നാലിന്ന് മനുഷ്യരാശിയുടെ ഗവേഷണം മറ്റൊരു തലത്തിലെത്തി നിൽക്കുന്നു. രൂപത്തിൽ മാത്രമല്ല പ്രവർത്തനങ്ങളിലും പ്രകൃതിയെയും ജീവജാലങ്ങളെയും ഉൾക്കൊള്ളുവാൻ കഴിയുമോയെന്ന ചിന്ത മനുഷ്യനെ കൊണ്ടെത്തിച്ചത് ബയോണിക്സ് എന്ന പുത്തൻ സാങ്കേതിക വിദ്യയിലേയ്ക്കാണ്. നാളെയുടെ വ്യാവസായിക മുന്നേറ്റത്തിൽ ശ്രദ്ധേയമായ ഒരു പിടി മാറ്റങ്ങൾ വരുത്തുവാൻ കഴിവുള്ള ഒരു സാങ്കേതിക വിദ്യയാണിത്.

### എന്താണ് ബയോണിക്സ്


പ്രകൃതിയിലെ ഓരോ ജീവജാലങ്ങളേയും സൂക്ഷ്മമായി പഠിച്ച് അവയുടെ അതി സൂക്ഷ്മ ശാരീരിക ആന്തരിക ഘടനകളേയും പ്രവർത്തനങ്ങളേയും പോലും സാങ്കേതികമായി ഉപയോഗപ്പെടുത്തുന്നതാണ് ബയോണിക്സ് എന്നു പറയാം. ബയോണിക്കൽ ക്രിയേറ്റീവ് എഞ്ചിനിയറിങ് എന്നും ഇതിനെ പറയാറുണ്ട്. ഇന്നിത് ഒരു ഗവേഷണാത്മക പഠനമേഖലയാണ്. എന്നാൽ നാളെ ഇതുമായി ബന്ധപ്പെട്ട് ധാരാളം തൊഴിലവസരങ്ങളുടലെടുക്കുമെന്നാണ് ശാസ്ത്രലോകം പ്രതീക്ഷിക്കുന്നത്. ഗവേഷണത്തിന് ഏറെ ഊന്നൽ കൊടുക്കുന്ന പാശ്ചാത്യലോകം വളരെ പ്രതീക്ഷയോടുകൂടിയാണ് ഈ രംഗത്തെ ചലനങ്ങൾ നോക്കിക്കാണുന്നത്. കാരണം മെക്കാനിക്കൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ സയൻസ്, കെമിക്കൽ, മെഡിക്കൽ ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ എഞ്ചിനിയറിങ്, ബയോമെഡിക്കൽ എഞ്ചിനിയറിങ് തുടങ്ങിയവയുടെയൊക്കെ ഉപരിപഠന മേഖലയായി കണക്കാക്കപ്പെടുന്നയൊന്നാണിതെന്നതിനാൽ ഈ രംഗത്തുണ്ടാവുന്ന ചലനങ്ങൾ മേൽപറഞ്ഞവയിലെല്ലാം മാറ്റം വരുത്തുവാൻ പര്യാപ്തമാണ്.

### ഓട്ടോമൊബൈൽ വ്യവസായം

കാലാനുസൃതമായ മാറ്റങ്ങൾക്ക് എന്നും വിധേയമായിക്കൊണ്ടിരിക്കുന്നയൊന്നാണ് ഓട്ടോമൊബൈൽ വ്യവസായം. ദിനംപ്രതിയെന്നോണം ഇറങ്ങുന്ന പുതിയ വാഹനങ്ങളിൽ വ്യത്യസ്തമായ സൗകര്യങ്ങളൊരുക്കുവാൻ നിർമാതാക്കൾ ഇന്ന് മത്സരിക്കുകയാണ്. ബോക്സ് ഫിഷിന്റെ ജൈവഘടനയെ മാതൃകയാക്കി പ്രമുഖ കാർ നിർമാതാക്കളായ മെഴ്സിഡസ് ബെൻസ് പുതിയ കാർ ഇറക്കിയത് ഏറെ ശ്രദ്ധ നേടിയിരുന്നു. ഭാരക്കുറവും ബലവുമാണിതിന്റെ പ്രത്യേകത. ഡോൾഫിന്റെ തൊലിയുടെ പ്രവർത്തനങ്ങളേയും ഘടനയെയും മാതൃകയാക്കി കപ്പലിന്റെ പുറം കവചം നിർമിക്കുവാനുള്ള നീക്കങ്ങൾ പുരോഗമിക്കുന്നു.



## വൈദ്യശാസ്ത്ര ഗവേഷണമേഖല



വൈദ്യശാസ്ത്ര രംഗത്ത് ഈ സാങ്കേതികവിദ്യയ്ക്ക് ഏറെ മാറ്റങ്ങൾ വരുത്തുവാനാകും. മനുഷ്യന്റെ ശരീരാവയവങ്ങളുടെ ഘടനയിലെയും പ്രവർത്തനങ്ങളിലെയും സങ്കീർണമായ പ്രശ്നങ്ങളെ പരിഹരിക്കുവാൻ പ്രകൃതിയിലെ പ്രവർത്തനങ്ങളെ അനുകരിക്കുന്ന സാങ്കേതിക മെഡിക്കൽ മേഖലയായ ബയോമിമെറ്റിക്സ് ബയോണിക്സിന്റെ ഒരു വക ഭേദമാണ്. ഇപ്പോഴുള്ള ഹിയറിംഗ് എയ്ഡിന് പകരം ഒരു ബയോണിക് ഹിയറിംഗ് എയ്ഡ് ഇന്ത്യയുടെ പ്രതിരോധ ഗവേഷണവിഭാഗം (ഡി. ആർ. ഡി. ഒ) വികസിപ്പിച്ചു കഴിഞ്ഞു. ഇപ്പോൾ വിദേശത്ത് നിന്നും ഇറക്കുമതി ചെയ്യുന്നതിന്റെ എട്ടിലൊന്ന് ചെലവിൽ ചെയ്യാമെന്നതാണ് ഇതിന്റെ ഗുണം.

കൃത്രിയ അവയവ നിർമാണത്തിലും കൃത്രിമ ഹൃദയത്തിന്റെ നിർമാണത്തിലുമെല്ലാം വൻ മാറ്റങ്ങൾ വരുത്തുവാൻ ഈ സാങ്കേതിക വിദ്യക്കാകും. മനുഷ്യരുടെ തൊലിയുടെ സ്പർശന സവിശേഷതകളോടു കൂടിയ കൃത്രിമ ഇലക്ട്രോണിക് തൊലിയുടെ നിർമാണത്തിലാണ് സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റിയിലെ ശാസ്ത്രജ്ഞർ.

അതി സങ്കീർണമായ എഞ്ചിനീയറിംഗ് വൈദഗ്ദ്യമാണ് മനുഷ്യന്റെ കണ്ണിന്റേത്. ഇതിന്റെ പ്രവർത്തനത്തെ സൂക്ഷ്മമായി പഠിച്ചതിന് ശേഷം കൃത്രിമമായി ഒരു ബയോണിക് കണ്ണിന്റെ പിറകേയാണ് ഇന്ന് ഗവേഷകർ. ആസ്ട്രേലിയായിലെ മൊണാഷ് യൂണിവേഴ്സിറ്റി ഒരു ബയോണിക് കണ്ണ് രൂപപ്പെടുത്തിയിട്ടുണ്ട്. 2016-ൽ ഇത് പരീക്ഷിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. കാനഡയിലെ ഓക്കുമെട്രിക്സ് ടെക്നോളജി കോർപറേഷൻ ഒരു ബയോണിക് ലെൻസുമായി രംഗത്ത് വന്നിട്ടുണ്ട്.



ബയോണിക്സിന്റെ വൈദ്യശാസ്ത്ര രംഗത്തെ പ്രായോഗികതയിൽ പ്രാമുഖ്യമുള്ളയൊന്നാണ് ബയോണിക് ആം. ന്യൂ കാസ്റ്റിൽ യൂണിവേഴ്സിറ്റിയാണിതിന്റെ പിറകിൽ. ഇതിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഒരു ചിപ്പിൽ നിന്നും തലച്ചോറിലേയ്ക്ക് സന്ദേശങ്ങളയയ്ക്കുവാൻ കഴിയും. തലച്ചോറുമായി സംവേദിക്കുവാൻ കഴിയുന്ന കൈയാണ് ലക്ഷ്യം.

## കെമിക്കൽ വ്യവസായരംഗം

താമരയിതളുകളുടെ പ്രത്യേകത പഠിച്ച് അതിനെ ആധാരമാക്കി കറയും അഴുക്കുകളും പറ്റിപ്പിടിക്കാത്ത പെയിന്റുകളുടെ നിർമാണമാണിനി വരുന്നത്. ഭാവിയിൽ നമ്മുടെ വീടുകളുടെ ചുവരുകൾ മഴവെള്ളം വീണാൽ തനിയെ വൃത്തിയാക്കുന്ന സ്ഥിതിയിലേക്കെത്തിക്കുവാൻ ഇത്തരം പെയിന്റിന് കഴിയും.

നമ്മുടെ ശരീരത്തിൽ ഒരു ചെറിയ മുറിവ് പറ്റിയാൽ അത് സ്വാഭാവികമായിത്തന്നെ ഉണങ്ങുന്ന രീതിയിലാണ് ഞരമ്പുകളുടെ പ്രവർത്തനം. മിഷിഗൺ യൂണിവേഴ്സിറ്റിയിലെ എഞ്ചിനിയേഴ്സ് ശരീരത്തിന്റെ ഈ പ്രത്യേകതയുള്ള ഒരു കോൺക്രീറ്റ് ഉണ്ടാക്കിയിരിക്കുന്നു. ചെറിയ വിള്ളലുകൾ വന്നാൽ അത് അന്തരീക്ഷത്തിലെ ഈർപ്പം ഉപയോഗിച്ച് മൃദുവാകുകയും തനിയെ വിള്ളലടയ്ക്കുകയും ചെയ്യുന്നു. മണലിനും മെറ്റലിനും പകരം പ്രത്യേകതരം ഫൈബറുകളാണിവിടെ ഉപയോഗിക്കുന്നത്.

## ഇലക്ട്രോണിക്സിലും ബയോണിക്സ്

ചിപ്പുകളുടെ നിർമാണത്തിലും മറ്റു സൂക്ഷ്മ ഇലക്ട്രോണിക് ഉപകരണങ്ങളുടെ നിർമാണത്തിലും ബയോണിക്സിന് റോളുണ്ട്. അതിലൊന്നാണ് റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ എന്ന സാങ്കേതികവിദ്യയിലുള്ള മോഡിഫിക്കേഷൻ. നീലക്കളറുള്ള മോർഫോ ബട്ടർഫ്ളൈ പ്രകാശം പ്രതിഫലിപ്പിക്കുന്നതിന്റെ പിറകിലുള്ള തത്വം പഠിച്ചിട്ട് അതിന്റെ അനുകരണമെന്നോണമായി വെള്ളത്തിൽ സുഗമമായി പ്രവർത്തിക്കുന്ന ഒരു റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ ടാഗ് രൂപപ്പെടുത്തിയിട്ടുണ്ട്. സ്ഫോടക വസ്തുക്കൾ കണ്ടു പിടിക്കുവാനുതകുന്ന പുതിയ നാനോ സെൻസറുകളുടെ നിർമാണത്തിലും മോർഫോ ബട്ടർഫ്ളൈ പ്രകാശം പ്രതിഫലിപ്പിക്കുന്നതിന്റെ പിറകിലുള്ള തത്വം ഉപയോഗിക്കുന്നുണ്ട്. ഏത് പ്രകാശത്തിലും മങ്ങാതെ ഒരുപോലെ പ്രകാശിക്കുന്ന മിറാസോൾ ഡിസ്പ്ലേകളുടെ നിർമാണവും ഈ സാങ്കേതിക വിദ്യയിലധിഷ്ഠിതമാണ്.

## ആർക്കിടെക്ചറിൽ ബയോണിക്സ്

പുറത്തെ അന്തരീക്ഷം എന്തായിരുന്നാലും ഒരു ചിതൽപുറ്റിന്റെ അകത്തെ താപനിലയ്ക്ക് വലിയ വ്യത്യാസം ഒന്നും വരാറില്ല. ചിതലുകൾ ദിവസം മുഴുവൻ സൂക്ഷ്മ സുഷിരങ്ങൾ തുറക്കുകയും അടയ്ക്കുകയും ചെയ്യുന്നതാണിതിന് കാരണം. ഈ പ്രവർത്തനം വിശദമായി പഠിച്ചിട്ട് അന്തരീക്ഷത്തിലെ താപനിലയനുസരിച്ച് ഉള്ളിലെ ചൂട് ക്രമീകരിക്കുന്ന തരത്തിലുള്ള ഒരു നിർമാണ രീതിയാണ് സിംബാവെയിലെ ഈസ്റ്റ് ഗേറ്റ് ഷോപ്പിങ്ങ് സെന്ററിന്റേത്. ഇത്തരത്തിലുള്ള മറ്റ് ബിൽഡിങ്ങുമായി താരതമ്യം ചെയ്താൽ 10 ശതമാനം ഊർജം മാത്രമേ ഇതിനുപയോഗിക്കുന്നുള്ളൂ.

വവ്വാലുകളുടെ പ്രവർത്തനരീതി അടിസ്ഥാനമാക്കി റഡാർ സാങ്കേതികവിദ്യയും റോബോട്ടുകളെ വികസിപ്പിക്കുന്നതുമൊക്കെ ബയോണിക്സ് എന്ന സാങ്കേതിക മേഖലയുടെ ആവിഷ്കാരം തന്നെയാണ്. ഇപ്പോൾ പരീക്ഷണ ശാലയിലാണ് കൂടുതലെങ്കിലും നാളെകളിൽ മനുഷ്യന്റെ ജീവിതത്തിൽ സമഗ്ര പുരോഗതി വരുത്തുവാൻ കഴിയുന്നതാണ് ഈ സാങ്കേതിക വിദ്യ. ബയോണിക്സ് അടിസ്ഥാനമാക്കിയുള്ള ഉൽപന്നങ്ങൾ വിപണിയിലെത്തുന്ന കാലം വിദൂരമല്ല.



രമേഷ് കുമാർ വെള്ളമുണ്ട

# കളിമണ്ണിൽ ജീവിതം മെനയുന്നവർ

**കളിമണ്ണിന്റെ ലഭ്യത കുറവായതിനാൽ ഒരു ടിപ്പർ കളിമണ്ണിന് 30,000 രൂപയാണ് ഇവർ നൽകുന്നത്. പനമരം, കൽപറ്റ ഭാഗങ്ങളിൽ നിന്നാണ് ഇവർ ആവശ്യമായ കളിമണ്ണ് ശേഖരിക്കുന്നത്. 35 മുതൽ 40 ശതമാനം വരെ മണലിന്റെ അംശമുള്ള മണ്ണുകളാണ് ഗുണമേന്മയിൽ മികച്ചത്. വസ്തുക്കളുടെ ദൃഢത നിലനിർത്തുന്നതിനായി ആവശ്യാനുസരണം മണൽ ചേർത്താണ് മണ്ണൊരുക്കുന്നത്. അതിനാൽ തന്നെ ചുട്ടെടുക്കുമ്പോൾ വസ്തുക്കൾക്കുണ്ടാകുന്ന പൊട്ടൽ തടയാനാകും.**


നൂറ്റാണ്ടുകളുടെ പഴക്കമുള്ള പൈതൃകങ്ങളെ സംരക്ഷിക്കുന്നതിന് മുമ്പേ നടന്നു പോയ പൂർവികർ പകർന്നു നൽകിയ പാരമ്പര്യത്തെ നെഞ്ചിലേറ്റി മണ്ണിനെ അടുത്തറിഞ്ഞ് കൈകളാൽ വിസ്മയം തീർത്ത് ജീവിതം മെനയുന്ന ഒരുകൂട്ടം ആളുകളുടെ ജീവിതത്തിന് ഇന്ന് പുത്തൻ പ്രതീക്ഷയുടെ തിളക്കമുണ്ട്. കാലങ്ങളായി ചെയ്തു വരുന്ന കളിമൺപാത്ര നിർമാണ മേഖലയിലെ പുത്തൻ സാധ്യതകൾ മനസിലാക്കാൻ വയനാട് ജില്ലാ വ്യവസായ കേന്ദ്രം നൽകിയ 20 ദിവസത്തെ പരിശീലനം സഹായകരമായി. ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്ററിന്റെ ആഭിമുഖ്യത്തിലാണ് പരിശീലനം നൽകിയത്.

മാനന്തവാടി മുൻസിപ്പാലിറ്റി, പനമരം ഗ്രാമപഞ്ചായത്ത് പരിധിയിലെ കളിമൺപാത്ര നിർമാണം കുലത്തൊഴിലായി സ്വീകരിച്ച 25 ഓളം ആളുകളാണ് പരിശീലനത്തിൽ പങ്കെടുത്തത്. ജില്ലാ വ്യവസായകേന്ദ്രം നടത്തിയ അഭിമുഖത്തിൽ നിന്നാണ് പരിശീലനത്തിനുള്ളവരെ കണ്ടെത്തിയത്. പരമ്പരാഗതമായി ചട്ടികളും കലങ്ങളും മാത്രമായിരുന്നു ഇവർ നിർമിച്ചിരുന്നത്. മാത്രമല്ല കളിമണ്ണും മരക്കഷ്ണങ്ങളും കൊണ്ടുണ്ടാക്കിയ പ്രത്യേകതരം ചക്രമുപയോഗിച്ചായിരുന്നു ഉൽപന്നങ്ങൾ ഉണ്ടാക്കിയിരു

ന്നത്. എന്നാൽ പരിശീലനം ആറു ദിനങ്ങൾ പിന്നിട്ടപ്പോഴേക്കും കറണ്ടുപയോഗിച്ച് പ്രവർത്തിപ്പിക്കാവുന്ന ഇലക്ട്രിക്കൽ വീൽ ഉപയോഗിച്ചുള്ള കളിമൺപാത്ര നിർമാണവും പരിചിതമാക്കി. വീൽ ഉപയോഗിച്ചുള്ള ഉൽപന്നങ്ങളുണ്ടാക്കാൻ ഏറെ പ്രയാസകരമായിരുന്നതിനാൽ കൈകൊണ്ടുള്ള പാത്രം നിർമാണവും പാത്രങ്ങൾ നിർമിച്ചതിനു ശേഷമുള്ള ഫിനിഷിംഗ് വർക്കുകൾ, പെയിന്റിംഗ് എന്നിവയാണ് പ്രധാനമായും സ്ത്രീകൾ ചെയ്തിരുന്നത്. എന്നാൽ ഇലക്ട്രിക്കൽ വീൽ ഉപയോഗിക്കാൻ പരിശീലനം ലഭിച്ചതോടെ സ്ത്രീകൾക്കും വീൽ ഉപയോഗിച്ചുള്ള നിർമാണം സാധ്യമായെന്നത് ശ്രദ്ധേയമാണ്. പരമ്പരാഗതമായി ഉണ്ടാക്കി വന്നിരുന്ന പാത്രങ്ങളുടെ നിർമാണത്തിൽ നിന്ന് വ്യത്യസ്തമായി അലങ്കാര വസ്തുക്കളായ ഹാങ്ങിംഗുകൾ, ഫ്ളവർ വെയ്സുകൾ, ഫ്രൂട്ട് സ്റ്റാന്റുകൾ, നിലവിളക്ക്, വിവിധ കരകൗശല വസ്തുക്കൾ തുടങ്ങിയവയുടെ നിർമാണം, ഒറ്റത്തവണ കൊണ്ട് ഉൽപന്നങ്ങളുണ്ടാക്കാതെ വിവിധ ഘട്ടങ്ങളിലായി നിർമാണം പൂർത്തിയാക്കുന്ന രീതിയും പരിശീലനത്തിന്റെ ഭാഗമായി നൽകിവരുന്നു. ഒരു വർഷത്തേയ്ക്കുള്ള മണ്ണ് ഒരുമിച്ച് ശേഖരിക്കുകയാണ് പതിവ്.

കളിമണ്ണിന്റെ ലഭ്യത കുറവായതിനാൽ ഒരു ടിപ്പർ കളിമണ്ണിന് 30,000 രൂപയാണ് ഇവർ നൽകുന്നത്. പനമരം, കൽപറ്റ ഭാഗങ്ങളിൽ നിന്നാണ് ഇവർ ആവശ്യമായ കളിമണ്ണ് ശേഖരിക്കുന്നത്. 35 മുതൽ 40 ശതമാനം വരെ മണലിന്റെ അംശമുള്ള മണ്ണുകളാണ് ഗുണമേന്മയിൽ മികച്ചത്. വസ്തുക്കളുടെ ദൃഢത നിലനിർത്തുന്നതിനായി ആവശ്യാനുസരണം മണൽ ചേർത്താണ് മണ്ണൊരുക്കുന്നത്. അതിനാൽ തന്നെ ചുട്ടെടുക്കുമ്പോൾ വസ്തുക്കൾക്കുണ്ടാകുന്ന പൊട്ടൽ തടയാനാകും. മൂന്ന് ഘട്ടങ്ങളിലായാണ് ഓരോ കരകൗശല വസ്തുക്കളുടെയും നിർമാണം പൂർത്തിയാക്കുക. ശേഖരിച്ച കളിമണ്ണ് ആവശ്യാനുസരണം ചെത്തിയെടുത്ത് അരച്ച് കുഴമ്പു പരുവത്തിലാക്കുന്നതാണ് ആദ്യഘട്ടം. പിന്നീട് അരച്ച് തയ്യാറാക്കിയ മണ്ണ് ഉൽപന്നങ്ങളാക്കി മാറ്റി ചക്രത്തിൽ നിന്ന് വേർതിരിക്കുന്നു. വെയിലത്തു വെച്ചുണക്കി പെയിന്റ് ചൂളയ്ക്കുവെച്ച് ചുട്ടെടുക്കുന്നതാണ് അവസാനഘട്ടം. ചൂളയ്ക്കകത്ത് രണ്ട് ദിവസത്തോളം വെച്ചതിനു ശേഷമാണ് ഉല്പന്നങ്ങൾ പുറത്തെടുക്കുക. ഇതിനാവശ്യമായ വിറകുകളും ഇവർ വാങ്ങി സൂക്ഷിക്കും. മൺപാത്രങ്ങൾ ചുട്ടെടുക്കുന്നതിന് ഏകദേശം 650 മുതൽ 750 ഡിഗ്രി സെൽഷ്യസ് വരെ താപനില ആവശ്യമാണ്. ദിവസേന 800 മുതൽ 1000 രൂപയുടെ പണികളാണ് ഇവർ ചെയ്തുവരുന്നത്.

സൂക്ഷ്മമായ മിനുക്കു പണികളിലൂടെ മിനുസപ്പെടുത്തിയതും വ്യത്യസ്ത



രീതിയിൽ അലങ്കാരപ്പണികൾ നടത്തിയതുമായ ഉൽപന്നങ്ങൾക്ക് ജില്ലയ്ക്ക് അകത്തും പുറത്തുമായി ആവശ്യക്കാരേറെയാണ്. വീടുകൾ, ടൂറിസ്റ്റ് ബംഗ്ലാവുകൾ, റിസോർട്ടുകൾ, ഹോം സ്റ്റേ തുടങ്ങിയ സ്ഥലങ്ങളിൽ ഇന്റീരിയർ മനോഹരമാക്കുന്നതിനുള്ള ഫ്ളവർ വെയ്സിനും ഫ്രൂട്ട് സ്റ്റാന്റിനും വലുപ്പമനുസരിച്ച് 1500 മുതൽ 2000 രൂപ വരെയാണ് വില ഈടാക്കുന്നത്. ആവശ്യക്കാരുടെ അഭിരുചികൾക്ക് അനുസരിച്ച് ഓർഡറുകൾ സ്വീകരിച്ചും ആവശ്യക്കാർക്ക് നേരിട്ട് വിപണിയിലെത്തിച്ചും ഇവർ വിപണനം നടത്തുന്നു. കൂടാതെ മേളകൾ, ഉത്സവങ്ങൾ എന്നിവിടങ്ങളിൽ സജീവമായി എക്സിബിഷനുകളും നടത്തി വരുന്നു.

പ്രാക്ടിക്കൽ-തിയറി സെഷനുകൾ ഉൾപെടുത്തിയാണ് പരിശീലനം നടന്നത്. ഐ. ആർ. ടി. സി യിലെ പരിശീലകരായ ഗോപകുമാർ, നാരായണൻ ഒറ്റപ്പാലം എന്നിവരാണ് ആദ്യഘട്ട പ്രാക്ടിക്കൽ ക്ലാസ്സുകൾക്ക് നേതൃത്വം നൽകിയത്. ബാങ്കിംഗ് ബിസിനസ് സാധ്യതകൾ മനസിലാക്കിയുള്ള വിപണന മാർഗനിർദ്ദേശങ്ങൾ, പുത്തൻ സാധ്യതകൾ തിരിച്ചറിയുന്നതിനും നൂതന ആശയങ്ങൾ കണ്ടു മനസിലാക്കുന്നതിനുമായി ഇൻഡസ്ട്രിയൽ വിസിറ്റ്, കളിമണ്ണ് തരികളുടെ വലിപ്പമനുസരിച്ച് വേർതിരിക്കുന്ന രീതികൾ, ആഭരണ നിർമാണം എന്നിവയിൽ പ്രാക്ടിക്കൽ ക്ലാസ്സുകൾ, എക്സിബിഷൻ എന്നിവയും പരിശീലന പരിപാടിയിലുണ്ട്.

പനമരം, മാനന്തവാടി പരിധിയിൽപെടുന്ന കൊയിലേരിയിൽ 34 കുടുംബങ്ങളും മാനന്തവാടിയിൽ എട്ട് കുടുംബങ്ങളും മാത്രമാണ് ഈ തൊഴിലിലൂടെ ഉപജീവനം നയിക്കുന്നത്. കളിമണ്ണിന്റെ ലഭ്യതക്കുറവ്, പാത്രങ്ങളും മറ്റും നിർമിക്കുന്നതിനാവശ്യമായ സമയക്കൂടുതൽ, ദിവസങ്ങളോളം നീണ്ടു നിൽക്കുന്ന കഠിനാധ്വാനം എന്നിവ യുവതലമുറയെ പരമ്പരാഗത കുടിൽ വ്യവസായമായ കളിമൺപാത്ര നിർമാണത്തിൽ നിന്ന് മാറിനിൽക്കാൻ പ്രേരിപ്പിക്കുന്നുവെന്നത് സങ്കടകരമാണ്. ഏതായാലും കുലത്തൊഴിലിനെ കൈവിടാതെ പുത്തൻ സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി ജീവിതത്തിന്റെ പുതിയ മേച്ചിൽപുറങ്ങൾ തേടാനുള്ള ഒരുക്കത്തിലാണിവർ.




# സംരംഭകരിൽ കൗതുകമുണർത്തി യന്ത്ര പ്രദർശനമേള

വ്യവസായ വകുപ്പ് സംസ്ഥാനതലത്തിൽ ആദ്യമായി സംഘടിപ്പിച്ച യന്ത്രപ്രദർശനമേളയിൽ നടന്നത് അഞ്ചു കോടി രൂപയുടെ ഇടപാടുകൾ. പതിനായിരത്തോളം സംരംഭകർ അങ്കമാലി അഡ്‌ലക്സ് കൺവെൻഷൻ കേന്ദ്രത്തിൽ നടന്ന മേളയിൽ സന്ദർശകരായെത്തി.

സംസ്ഥാനത്തിന്റെ വ്യാവസായിക പുരോഗതിക്ക് ഇടത്തരം ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുകയാണ് പ്രായോഗികമെന്ന് മേള ഉദ്ഘാടനം ചെയ്ത പൊതുമരാമത്ത് വകുപ്പ് മന്ത്രി വി. കെ. ഇബ്രാഹിം കുഞ്ഞ് പറഞ്ഞു. വൻകിട വ്യവസായങ്ങൾക്ക് കേരളം അനുകൂലമായിരുന്ന കാലം കഴിഞ്ഞെന്ന് മന്ത്രി പറഞ്ഞു. വിദ്യാസമ്പന്നരും, പരിസ്ഥിതി മലിനീകരണം പോലുള്ള വിഷയങ്ങളിൽ അവബോധമുള്ളവരുമായി കേരളജനത മാറിക്കഴിഞ്ഞു. അതിനാൽ തന്നെ ഇടത്തരം ചെറുകിട വ്യവസായങ്ങളിലാണ് സംസ്ഥാനത്തിന്റെ പ്രതീക്ഷ. ചെറുപ്പക്കാരായ സംരംഭകർ തൊഴിൽ ദാതാക്കളായി മാറി ഈ മേഖലയിലേയ്ക്ക് കടന്നു വരുന്നുണ്ട്. ഇവരെ പ്രോത്സാഹിപ്പിക്കേണ്ടത് സംസ്ഥാന സർക്കാരിന്റെ കടമയാണ്. എന്നാൽ ഏകജാലക സംവിധാനം അടക്കമുള്ള നയങ്ങൾ പ്രാവർത്തികമാക്കാൻ സർക്കാരും ഉദ്യോഗസ്ഥരും ശ്രമിക്കണമെന്നും മന്ത്രി പറഞ്ഞു.

ഐ ടി അധിഷ്ഠിത വ്യവസായ






ങ്ങൾക്ക് സംസ്ഥാനത്ത് ഇപ്പോൾ നല്ല കാലമാണ്. എന്നാൽ പരമ്പരാഗതമായ വ്യവസായങ്ങൾ വളരുന്നില്ല. സാങ്കേതികവിദ്യ നവീകരണമാണ് ഇതിനുള്ള പോംവഴി. അതിനായി മെഷിനറി എക്സ്പൊ മികച്ച വേദിയാണെന്ന് മന്ത്രി വ്യക്തമാക്കി. നൂറിലധികം സ്റ്റാളുകളിലായി 92 യന്ത്രങ്ങളാണ് പ്രദർശിപ്പിച്ചത്. ഭാവിയിൽ വിദേശ പങ്കാളിത്തം കൂടി ഉറപ്പു വരുത്തിക്കൊണ്ടുള്ള മേള സംഘടിപ്പിക്കണമെന്നും മന്ത്രി പറഞ്ഞു.

തൊഴിലാളികളെ കിട്ടാനില്ലാത്തതാണ് സംസ്ഥാനത്തെ വ്യവസായ ലോകം നേരിടുന്ന പ്രധാന പ്രശ്നമെന്ന് ചടങ്ങിൽ അധ്യക്ഷനായിരുന്ന അങ്കമാലി എം. എൽ. എ ജോസ് തെറ്റയിൽ പറഞ്ഞു. കേരളത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പുതുതായി വൻകിട വ്യവസായങ്ങൾക്ക് പ്രസക്തിയില്ലെന്നും അദ്ദേഹം പറഞ്ഞു. സാങ്കേതിക വിദ്യ നവീകരണത്തിന് അതിരുകളില്ല. അതിനാൽത്തന്നെ കാലാനുസൃതമായി നവീകരണം നടപ്പാക്കണം. ഈ സാഹചര്യത്തിൽ മെഷിനറി എക്സ്പോ അഭിനന്ദനീയമായ പങ്കാണ് വഹിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സംസ്ഥാനത്തെ ഇടത്തരം ചെറുകിട വ്യവസായികളെ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് പ്രതിജ്ഞാബദ്ധമാണെന്ന് വ്യവസായ വകുപ്പ് ഡയറക്ടർ പി. എം. ഫ്രാൻസിസ് പറഞ്ഞു. മേളയിൽ പകുതിയിലധികം സംസ്ഥാനത്തിന് പുറത്തു നിന്നുള്ള സംരംഭകരാണെന്നും അദ്ദേഹം വ്യക്തമാക്കി.

കറുകുറ്റി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷാജു. വി. തെക്കേക്കര, എം. എസ്. എം. ഇ അസിസ്റ്റന്റ് ഡയറക്ടർ കെ. സി. ജോൺസൺ, കെ. എസ്. ഐ. ഡി. സി. അസി. ജനറൽ മാനേജർ സെബാസ്റ്റ്യൻ തോമസ്, എം. എസ്. എം. ഇ അസോസിയേഷൻ പ്രസിഡന്റ് കെ. പി. രാമചന്ദ്രൻ നായർ, വ്യവസായ വകുപ്പ് അഡീഷണൽ ഡയറക്ടർ കെ. സുധീർ സംബന്ധിച്ചു.








## സംരംഭകബോധമുണർത്തി സെമിനാറുകൾ

എക്സ്പോയുടെ ഭാഗമായി രണ്ടാം ദിവസം മൂന്ന് സെമിനാറുകൾ സംഘടിപ്പിച്ചു. ഉടമകളുടെ പുരോഗതി എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം ശ്രദ്ധേയമായി. തൃശൂർ എം. എസ്. എം. ഇ. ഡവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടാണ് സെമിനാർ സംഘടിപ്പിച്ചത്. സൂക്ഷ്മ ചെറുകിട ഇടത്തരം സ്ഥാപനങ്ങളിൽ നിന്ന് ഉത്പന്നങ്ങൾ സംഭരിക്കുന്നതിനെ കുറിച്ച് ബി. പി. സി. എൽ., എച്ച്. ഒ. സി. എൽ, കൊച്ചി കപ്പൽ നിർമാണ ശാല എന്നിവിടങ്ങളിൽ നിന്നുള്ള ഉന്നത ഉദ്യോഗസ്ഥർ സംസാരിച്ചു.

ഇന്ത്യയുടെ സംഭരണ നയമനുസരിച്ച് തങ്ങളുടെ ഉത്പന്ന സംഭരണത്തിലെ 20% ഈ മേഖലകളിൽ നിന്നാകണമെന്നുണ്ടെന്ന് കൊച്ചി കപ്പൽ നിർമാണ ശാല ഡെപ്യൂട്ടി ജനറൽ മാനേജർ എൽദോ ജോൺ പറഞ്ഞു. പൊതുമേഖലാ സ്ഥാപനങ്ങളുമായുള്ള ഇടപാടുകൾ സങ്കീർണമാണെന്ന് ചെറുകിട ഇടത്തരം വ്യവസായികൾക്ക് തെറ്റായ ധാരണയുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ടെൻഡർ സമ്പ്രദായങ്ങൾ ഏകീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും മറ്റ് നടപടികൾ സ്വകാര്യമേഖലയിലേതുപോലെ അനായാസമാണെന്ന് സെമിനാർ വ്യക്തമാക്കി. രജിസ്ട്രേഷൻ, ഡോക്കുമെന്റേഷൻ നടപടികളെക്കുറിച്ച് ഇവർ സദസ്സിൽ ഉണ്ടായിരുന്ന യുവജനങ്ങൾക്ക് വിവരിച്ചു കൊടുത്തു. അരി കൊണ്ടുള്ള പോഷാകാഹാരങ്ങൾ, ത്രീഡി പ്രിന്റിങ് എന്നീ വിഷയങ്ങളിൽ നടന്ന സെമിനാറിൽ ബിസിനസ് മേഖലയിൽ നിന്ന് നിരവധി പേർ പങ്കെടുത്തു.

## പ്ലാസ്റ്റിക് പുനരുപയോഗം കാലഘട്ടത്തിന്റെ ആവശ്യം

പ്ലാസ്റ്റിക് മാലിന്യം കൊണ്ട് ഇന്ന് കേരളം പൊറുതിമുട്ടുകയാണ്. പ്ലാസ്റ്റിക്കിന്റെ തത്വദീക്ഷയില്ലാത്ത ഉപയോഗമാണ് ഈ അവസ്ഥ ഉണ്ടാക്കിയതെന്നും മെഷിനറി എക്സ്പോയിൽ പങ്കെടുത്ത വിദഗ്ധർ ചൂണ്ടിക്കാട്ടി. മാലിന്യത്തിന്റെ പര്യായമായി പ്ലാസ്റ്റിക് ആരോപിക്കപ്പെടുമ്പോൾ അതിന്റെ പുനരുപയോഗം സംബന്ധിച്ച് പുതിയ ദിശാബോധം നൽകുന്നതായിരുന്നു മെഷിനറി എക്സ്പോയിൽ നടന്ന സെമിനാർ. ഇത് തെളിയിക്കുന്ന തരത്തിൽ വിവിധ തലത്തിൽ പ്ലാസ്റ്റിക് പുന:സംസ്കരിക്കുന്നതിനു വേണ്ടിയുള്ള യന്ത്രങ്ങൾ എക്സ്പോയിൽ പ്രദർശിപ്പിച്ചു.

ക്യാരിബാഗുകൾ ഒഴികെ എല്ലാത്തരം പ്ലാസ്റ്റിക്കുകളും വീണ്ടും ഉപയോഗിക്കേണ്ടതാണെന്ന് സെമിനാറിൽ സംസാരിച്ച സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജി ഡയറക്ടർ ഡോ. ടി. ഒ. വർഗീസ് പറഞ്ഞു. ക്യാരിബാഗുകൾ സംസ്കരിക്കാനുതകുന്ന സാങ്കേതികവിദ്യയും ഇപ്പോൾ

# താരമായി ത്രീഡി പ്രിന്റിങ്



വീടു പണിയുന്നവർക്കെല്ലാം ഏറെ ആകാംക്ഷ ഉണർത്തുന്ന കാര്യമാണ് പണി തീരുമ്പോൾ അത് കാണാൻ എങ്ങനെയുണ്ടാകുമെന്നത്. പ്ലാൻ കണ്ട് വീടിന്റെ രൂപം മനസിൽ കാണുകയെന്നത് സാധാരണക്കാരനെ സംബന്ധിച്ച് അത്ര എളുപ്പമുള്ള കാര്യമല്ല. എന്നാൽ സങ്കൽപത്തിലെ വീടിന്റെ പ്ലാൻ അനുസരിച്ച് തന്നെ അതിന്റെ പ്ലാസ്റ്റിക് മാതൃകയുണ്ടെങ്കിലോ? ഇത്തരം മാതൃക സൃഷ്ടിക്കുകയാണ് ത്രി ഡി പ്രിന്റിംഗ് എന്ന സാങ്കേതികവിദ്യ. ത്രിമാന ആകൃതിയിലുള്ള ഏതൊരു രൂപവും വിവിധ മെറ്റീരിയലുകളിൽ ഉണ്ടാക്കിയെടുക്കാൻ ത്രിഡി പ്രിന്റിംഗിലൂടെ കഴിയും. കേരളത്തിൽ ഏറെ സാധ്യതയുള്ള ഈ സാങ്കേതിക വിദ്യയുടെ പ്രദർശനം മെഷിനറി എക്സ്പോയിൽ ഏറെ ജനശ്രദ്ധയാകർഷിച്ചു.

വ്യവസായ സംരംഭങ്ങളുടെ എല്ലാ മേഖലയെയും ഒരുപോലെ ആകർഷിക്കുന്നവയാണ് ത്രീഡി പ്രിന്റിംഗ് എന്ന് വ്യവസായ വകുപ്പ് ഡയറക്ടർ പി. എം. ഫ്രാൻസിസ് പറഞ്ഞു. അസ്ഥിരോഗ വിഭാഗം, ദന്തൽ തുടങ്ങിയ ആരോഗ്യമേഖല ഇന്ന് ത്രീഡി പ്രിന്റിംഗിന്റെ അനന്ത സാധ്യത ഉപയോഗപ്പെടുത്തുകയാണ്. അതത് വ്യക്തിക്കനുസരിച്ചുള്ള കൃത്രിമ പല്ല്, എല്ലിന്റെ ഭാഗങ്ങൾ, ഡിസ്ക്, മുട്ടു ചിരട്ട തുടങ്ങിയവ ഇതിൽ ചെയ്യാനാകും. ത്രീഡി സ്കാനർ ഉപയോഗിച്ച് ഏതു ശരീര ഭാഗത്തിന്റെയും മാതൃകയുണ്ടാക്കാവുന്നതാണെന്നും അദ്ദേഹം വ്യക്തമാക്കി.

വീട്, വാഹനം, റോക്കറ്റ്, മിസൈൽ മാതൃക എന്നിങ്ങനെ ത്രീഡി പ്രിന്റിംഗ് മെഷീനിൽ വളരെയെളുപ്പം അതിന്റെ ഹ്രസ്വമാതൃക തയ്യാറാകുന്നു. പ്ലാസ്റ്റിക്, തടി, മെറ്റൽ, കോൺക്രീറ്റ് തുടങ്ങിയ വസ്തുക്കൾ ത്രിഡി പ്രിന്റിംഗിനായി ഉപയോഗിക്കുന്നുണ്ട്. രണ്ടു ലക്ഷം മുതൽ എട്ടു കോടി വരെയാണ് ഈ യന്ത്രങ്ങളുടെ വില. യന്ത്രഭാഗങ്ങൾ വിദേശത്തു നിന്നും ഇറക്കുമതി ചെയ്യുകയാണ് പതിവ്. എന്നാൽ ഭാഗങ്ങളായി ഇറക്കുമതി ചെയ്ത് ഇന്ത്യയിൽ വച്ച് കൂട്ടി ഘടിപ്പിക്കുകയാണ് ചെയ്യുന്നത്.

വിദേശത്ത് ഏറെ ഡിമാന്റുള്ള ഈ സാങ്കേതിക വിദ്യയ്ക്ക് ഇന്ത്യയിൽ പ്രചാരം ലഭിച്ചു വരുന്നതേയുള്ളൂവെന്ന് ഇയോസ് കമ്പനിയുടെ സെയിൽസ് മാനേജർ എ. സോളമൻ പറഞ്ഞു. രൂപകൽപനയുമായി ബന്ധപ്പെട്ട ഏതു മേഖലയ്ക്കും ഇത് ഉപയോഗിക്കാവുന്നതാണ്. ഈ സാങ്കേതിക വിദ്യയെക്കുറിച്ചു മെച്ചപ്പെട്ട അവബോധം നൽകാൻ വ്യവസായ വകുപ്പ് എടുത്ത താൽപര്യം ശ്ലാഘനീയമാണെന്ന് അദ്ദേഹം പറഞ്ഞു.

വൈകിയാണെങ്കിലും ഇന്ത്യയിലും ത്രിഡി പ്രിന്റിംഗ് വ്യാപകമാകുമെന്ന് ഈ രംഗത്ത് പ്രവർത്തിക്കുന്ന ത്രിഡാക്സ് എഞ്ചിനീയറിംഗ് സോഫ്റ്റ്വെയർ പ്രൈവറ്റ് ലിമിറ്റഡ് സെയിൽസ് മാനേജർ ലാൽ കൃഷ്ണൻ പറഞ്ഞു. രൂപകൽപനയുമായി ബന്ധപ്പെട്ട വ്യവസായ സംരംഭങ്ങൾക്ക് ഇതിൽ നിന്നും മാറി നിൽക്കാനാകില്ല. നേരത്തെ ബഹിരാകാശ ഗവേഷണരംഗത്തും പ്രതിരോധ ഗവേഷണരംഗത്തുമാണ് ത്രിഡി പ്രിന്റിംഗ് വിദ്യ വ്യാപകമായി കണ്ടിരുന്നത്. എന്നാൽ ഇത് വാണിജ്യരംഗത്തേയ്ക്ക് കടന്നുവന്നത് വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാക്കുമെന്നും അദ്ദേഹം പറഞ്ഞു.

വളരെ വലിപ്പം കുറഞ്ഞതാണ് ഈ യന്ത്രങ്ങളെന്നത് ഇവയുടെ പ്രത്യേകതയാണ്. കമ്പ്യൂട്ടർ മെമ്മറി കാർഡ്, ആൻഡ്രോയ്ഡ് ഫോൺ എന്നിവയിൽ നിന്നും മാതൃകകൾ പ്രിന്റ് ചെയ്ത് എടുക്കാനാകും. നിലവിൽ സംസ്ഥാനത്ത് ഇവ ഏറ്റവുമധികം ഉപയോഗിക്കുന്നത് കെട്ടിട നിർമാണ രംഗത്തും ആരോഗ്യ രംഗത്തുമാണ്.

വലിയ കെട്ടിട സമുച്ചയങ്ങളുടെ മാതൃക കൃത്യമായ തോതിൽ ചെയ്തു നൽകുന്നതിനാൽ അപാകതകൾ നിർമാണത്തിന് മുമ്പേ തന്നെ കണ്ടെത്താനാകും. പ്ലാനിൽ കാതലായ മാറ്റങ്ങൾ പണി തുടങ്ങുന്നതിനു മുമ്പു തന്നെ ചെയ്യാം. അതിനാൽ പിന്നീടുണ്ടാകുന്ന അധിക ചെലവ് നിർമാതാക്കൾക്ക് ഒഴിവാക്കാനാകുമെന്നും കണ്ടെത്തിയിട്ടുണ്ട്.

ലഭ്യമായി വരികയാണെന്ന് അദ്ദേഹം പറഞ്ഞു. പ്ലാസ്റ്റിക്കിന്റെ ഉത്തരവാദിത്വത്തോടുകൂടിയുള്ള ഉപയോഗം പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടത്. വനനശീകരണത്തെ ഒരു പരിധി വരെ തടഞ്ഞു നിർത്തുന്നത് പ്ലാസ്റ്റിക് ഉത്പന്നങ്ങളാണെന്ന് വർഗീസ് പറഞ്ഞു. ഇന്നത്തെ പല പ്ലാസ്റ്റിക് ഉത്പന്നങ്ങളും പണ്ട് തടി കൊണ്ടാണ് ഉണ്ടാക്കിയിരുന്നത്. പ്ലാസ്റ്റിക്കിന്റെ വരവ് അതിനാൽതന്നെ മരങ്ങളെ രക്ഷിച്ചിട്ടുണ്ട്. പ്ലാസ്റ്റിക്കിനെ മാലിന്യമായി കാണാതെ പുനരുപയോഗത്തിനുള്ള ഉപാധിയാക്കി മാറ്റണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. ആയിരം ടൺ പേപ്പർ ഉണ്ടാക്കുന്നതിന് ഏതാണ്ട് ഒന്നരക്കോടി മരങ്ങൾ







വെട്ടേണ്ടതായി വരും. പേപ്പർ നിർമാണത്തിന് 30 കോടി ഘനമീറ്റർ വെള്ളവും വേണം. പ്ലാസ്റ്റിക് ഉപയോഗത്തിലൂടെ മരങ്ങളും വെള്ളവും സംരക്ഷിക്കാനാവുമെന്നും അദ്ദേഹം സമർത്ഥിച്ചു.

ശരാശരി ഇന്ത്യാക്കാരൻ വർഷം 10 കിലോ പ്ലാസ്റ്റിക് മാത്രമാണ് ഉപയോഗിക്കുന്നത്. എന്നാൽ ബെൽജിയത്തിൽ അത് 200 കിലോയാണ്. പക്ഷെ അവിടെ പുന: സംസ്കരണത്തിന് മികച്ച സംവിധാനമുള്ളതിനാൽ പ്ലാസ്റ്റിക് മാലിന്യം പ്രശ്നമേയല്ല. മാത്രമല്ല, പ്ലാസ്റ്റിക് അധിഷ്ഠിത വ്യവസായങ്ങൾ ബെൽജിയത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ വലിയ പങ്ക് വഹിക്കുന്നുമുണ്ട്. ഇന്ത്യയിൽ ഈ സംവിധാനമില്ലാത്തതിനാൽ കടുത്ത മാലിന്യ പ്രശ്നമുണ്ടാകുന്നു. ആകെ ഉത്പാദനത്തിന്റെ 30 ശതമാനം മാത്രമേ ഇപ്പോൾ പുന: സംസ്കരിക്കുന്നുള്ളൂ. മാലിന്യപ്രശ്ന ദുരീകരണത്തിനൊപ്പം മികച്ച സാധ്യതയുള്ള വ്യവസായങ്ങളുടെ സാധ്യത കൂടി ഈ മേഖലയിലുണ്ടെന്നും അദ്ദേഹം പറഞ്ഞു. പ്ലാസ്റ്റിക് സംസ്കരിച്ച് പുനരുപയോഗിക്കേണ്ടതിന്റെ പ്രാധാന്യം സർക്കാർ മനസിലാക്കണമെന്നും ടി. ഒ. വർഗീസ് പറഞ്ഞു.

## ഭക്ഷ്യ സംസ്കരണ യന്ത്രങ്ങൾക്ക് വൻഡിമാന്റ്

സംസ്ഥാനത്ത് ഏറ്റവുമധികം വളർച്ച കൈവരിച്ച ഇടത്തരം ചെറുകിട വ്യവസായമാണ് ഭക്ഷ്യസംസ്കരണം. മെഷിനറി എക്സ്പോയിലെ പ്രധാന പ്രദർശനങ്ങൾ ഈ മേഖലയുമായി ബന്ധപ്പെട്ടാണ്.

കേരളത്തിൽ അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന വ്യവസായ മേഖല കൂടിയാണ് ഭക്ഷ്യസംസ്കരണം.












ഈ സാധ്യത മനസ്സിലാക്കിയാണ് കേന്ദ്ര സർക്കാർ ഏഴ് മെഗാ ഫുഡ് പാർക്കുകൾ രാജ്യമൊട്ടാകെ പ്രഖ്യാപിച്ചപ്പോൾ അതിലൊന്ന് കേരളത്തിന് നൽകിയത്. വൈവിധ്യമാർന്ന ഭക്ഷ്യസംസ്കരണത്തിന്റെ കാര്യത്തിൽ കേരളം എന്നും മുമ്പന്തിയിലായിരുന്നു. അണുകുടുംബങ്ങളിലെയ്ക്ക് കേരളീയ സമൂഹം മാറിയതിനാൽ റെഡി ടു ഈറ്റ് ഭക്ഷ്യോൽപന്നങ്ങൾക്ക് വൻ മാർക്കറ്റാണുള്ളത്. കയറ്റുമതിയുടെ കാര്യത്തിലായാലും ആഭ്യന്തര ഉപഭോഗത്തിന്റെ കാര്യത്തിലായാലും സംസ്ഥാനത്തെ ഭക്ഷ്യസംസ്കരണ മേഖല എന്നും മുന്നിട്ടു നിന്നു. ഈ മേഖലയിലെ നവീകരണ സാധ്യതകൾക്ക് ഏറെ പ്രാധാന്യമാണ് മെഷിനറി എക്സ്പോ ഒരുക്കിയത്.

സംസ്ഥാനത്തെ ഭക്ഷ്യ സംസ്കരണ മേഖല ഇപ്പോഴും പരമ്പരാഗത സമ്പ്രദായമാണ് തുടർന്നു വരുന്നതെന്ന് വ്യവസായ വകുപ്പ് ഡയറക്ടർ പി. എം. ഫ്രാൻസിസ് പറഞ്ഞു. നൂതന സാങ്കേതിക വിദ്യയിലേയ്ക്ക് മാറുന്നതോടെ കൂടുതൽ മികച്ച ഉത്പന്നങ്ങൾ നൽകാനാകും. ചെറിയ അടിസ്ഥാന സൗകര്യത്തിൽ സമയലാഭത്തോടെ പ്രവർത്തിക്കാനാകുമെന്നത് ഇതിന്റെ മേന്മയാണെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിൽ സാമ്പത്തികമായി പിടിച്ചു നിൽക്കുന്ന വ്യവസായം ബേക്കറിയാണെന്നാണ് സഹ്യ ട്രേഡിംഗ് കോർപറേഷൻ ഉടമ ഗിരീഷ് കുമാറിന്റെ അഭിപ്രായം. ലാഭമുണ്ടാക്കുന്ന വ്യവസായമെന്ന നിലയിൽ നവീകരണത്തിനുള്ള സാധ്യതകളും ബേക്കറി വ്യവസായത്തിലേറെയാണ്. അതിനാൽതന്നെ വിവിധ ബേക്കറി ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള ഉപകരണങ്ങളുടെ വൈവിധ്യമാർന്ന ശേഖരം മെഷിനറി എക്സ്പോയിൽ ഒരുക്കി. ബേക്കിംഗ്, കേക്ക് നിർമാണം, ചപ്പാത്തി മെഷീൻ എന്നിങ്ങനെ നിരവധി ഉപകരണങ്ങൾ പ്രദർശനത്തിനുണ്ടായിരുന്നു.

ബേക്കറികളോടൊപ്പം ഹോട്ടൽ വ്യവസായത്തിന് പറ്റിയ യന്ത്രങ്ങളും മേളയുടെ ആകർഷണമായി. പച്ചക്കറികൾ വിവിധ വലുപ്പത്തിൽ അരിയുന്ന യന്ത്രങ്ങളും, ഗാർഹിക-വ്യാവസായിക ആവശ്യത്തിന് ഒരുപോലെ ഉപയോഗിക്കാവുന്ന ഉപകരണങ്ങളും പ്രദർശിപ്പിച്ചു. ഇറക്കുമതി ചെയ്തതും നാട്ടിലുണ്ടാക്കിയതുമായി വിവിധ വിലകളിൽ ഇവ ലഭ്യമാണ്. ചെറുകിട ഹോട്ടലുകൾക്കായി നിരവധി ഉപകരണങ്ങളും പ്രദർശിപ്പിച്ചു.

കേരളത്തിലെ ഭക്ഷ്യസംസ്കരണ മേഖലയിൽ ഇനിയും നവീകരണത്തിനും വൈവിദ്ധ്യവത്കരണത്തിനും അനന്തമായ സാധ്യതകളാണുള്ളതെന്ന് കൊല്ലം എം ടെക് എഞ്ചിനീയറിംഗ് ഉടമ എ. ആർ സലിം വ്യക്തമാക്കി. ഭക്ഷ്യ സംസ്കരണത്തിനുള്ള ഉപകരണങ്ങൾ എല്ലായിടത്തും ലഭ്യമാക്കാനുള്ള നടപടികൾ സംരംഭകർ സ്വീകരിക്കണമെന്ന് അദ്ദേഹം പറഞ്ഞു. ആവശ്യപ്പെടുന്നതനുസരിച്ച് യന്ത്ര ഉപകരണങ്ങൾ നൽകാൻ കഴിയണം. അത്തരം കാര്യങ്ങളെ പ്രോത്സാഹിപ്പിക്കാൻ മെഷിനറി








എക്സ്പോയും സംസ്ഥാന വ്യവസായ വകുപ്പും മികച്ച അവസര മൊരുക്കിയതായും അദ്ദേഹം പറഞ്ഞു.

തേങ്ങ ചിരവ മുതൽ അത്യാധുനിക പാക്കിംഗ് സംവി ധാനം വരെ ഉൾപെടുന്ന യന്ത്രോപകരണങ്ങൾ ഭക്ഷ്യസംസ്കരണ മേഖലയിലെ പ്രദർശനത്തിൽ ഒരുക്കിയിരുന്നു. എക്സ്പോ സന്ദർശിച്ചവരിൽ ഏറ്റവുമധികം അന്വേഷണം നടന്നതും ഈ മേഖ ലയിലേയ്ക്കാണ്. ശരിയായ രീതിയിൽ യന്ത്രവത്കരണത്തിന്റെ സാധ്യത ഉപയോഗപ്പെടുത്തി സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചയിൽ കുതിച്ചു ചാട്ടത്തിനൊരുങ്ങുകയാണ് ഭക്ഷ്യസംസ്ക രണ മേഖല.

## ഉള്ളിലുള്ളതിനൊപ്പം പ്രധാനം പായ്ക്കിങ്

പാക്കേജിലെ അപാകത നിമിത്തം വിദേശ ഓർഡറുകൾ



മുടങ്ങിയ കദനകഥ കേരളത്തിലെ വ്യവസായികൾക്ക് ഏറെ പറയാനുണ്ടാകും. മികച്ച പാക്കേജിംഗിന്റെ അഭാവമാണ് രാജ്യത്തെ മിക്ക സംരംഭങ്ങളും നേരിടുന്ന പ്രധാന പ്രശ്നം. അതിനറുതി വരുത്തുന്നതിനാണ് വിവിധയിനം പാക്കേജിംഗ് യന്ത്രങ്ങൾ ഉൾപ്പെടുത്തിയത്.

ഉത്പന്നത്തിന്റെ ഗുണനിലവാരം പോലെ തന്നെ പ്രധാനമാണ് അതേ നിലവാരമുള്ള പാക്കിംഗ്. പൂർണമായും ഓട്ടോമാറ്റിക് സംവിധാനത്തിൽ പ്രവർത്തിക്കുന്ന പാക്കിംഗ് യന്ത്രങ്ങളുടെ വിപുലമായ ശേഖരമാണ് മെഷിനറി എക്സ്പൊ ഒരുക്കിയത്. ഒറ്റ യന്ത്രത്തിൽ തന്നെ വിവിധ അളവിലുള്ള പാക്കിംഗ് സാധ്യമാകുന്ന സംവിധാനം വ്യവസായികളെ ആകർഷിച്ചു. പാക്കിംഗ് കഴിഞ്ഞ ഉത്പന്നങ്ങൾ യന്ത്രസഹായത്തോടെ ലോറിയിൽ കയറ്റുന്നതു വരെയുള്ളതെല്ലാം ചെയ്യുന്ന ഓട്ടോമാറ്റിക് മെഷിനും പ്രദർശനം കാണാനെത്തിയവരുടെ ആകർഷണകേന്ദ്രമായി.

എല്ലാത്തരം വ്യവസായികളെയും ഉദ്ദേശിച്ചിട്ടുള്ളതാണ് പാക്കിംഗ് യന്ത്രങ്ങളുടെ പ്രദർശനം. ചെറിയ തോതിൽ വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കായി സെമി ഓട്ടോ മാറ്റിക് മെഷീനുകളും ലഭ്യമായിരുന്നു. തൊഴിലാളികളുടെ അഭാവം രൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ ഉത്പാദനത്തിന്റെ തുടക്കം മുതൽ ഒടുക്കം വരെ മനുഷ്യസഹായമില്ലാതെ ചെയ്യാൻ കഴിയുന്ന യന്ത്രങ്ങൾ കൗതുകമുണർത്തി.

രാജ്യത്തെ പാക്കിംഗ് വ്യവസായരംഗം ഇപ്പോഴും ശൈശവ ദശയിലാണെന്ന് മാക്സ് ഓട്ടോമേഷൻ ലിമിറ്റഡിന്റെ മാർക്കറ്റിംഗ് മാനേജർ കിരൺ സുരേഷ് പറഞ്ഞു. ഓട്ടോമാറ്റിക് മെഷീനുകളുടെ പ്രവർത്തനം നേരിട്ട് കാണാൻ അവസരമൊരുക്കിയ മെഷിനറി എക്സ്പോ വലിയ സേവനമാണ് ഈ മേഖലയ്ക്ക് ചെയ്യുന്നത്. മികച്ച ഉപകരണങ്ങളെയും അവ സംരംഭകർക്ക് നൽകുന്ന മെച്ചത്തെയും കുറിച്ച് അവബോധമുണ്ടാക്കുകയാണ് പ്രധാനമെന്നും അദ്ദേഹം വ്യക്തമാക്കി.

സാധാരണ നടക്കുന്ന മെഷിനറി പ്രദർശനങ്ങളിലെല്ലാം വൻകിട യന്ത്രോപകരണങ്ങളാണ് ഉൾപ്പെടുത്തുന്നത്. എന്നാൽ ചെറുകിടക്കാർക്കുൾപ്പെടെയുള്ള വില കുറഞ്ഞ ഉപകരണങ്ങളാണ് കേരള മെഷിനറി എക്സ്പോയെ വ്യത്യസ്തമാക്കുന്നതെന്നും കിരൺ പറഞ്ഞു.











വ്യവസായകേരളം
vyavasayakeralam
പുസ്തകം 48 Volume 48
ലക്കം 9 Issue 9
ഫെബ്രുവരി 2016 February 2016
29

## മേള കൂടുതൽ വിപുലമാക്കും

ഇദംപ്രഥമമായി സംസ്ഥാനതലത്തിൽ നടക്കുന്ന യന്ത്രപ്രദർശന മേളയുടെ വിജയം ഏറെ പ്രതീക്ഷ നൽകുന്നതാണെന്ന് വ്യവസായ വകുപ്പ് ഡയറക്ടർ പി. എം. ഫ്രാൻസിസ് പറഞ്ഞു. ഭക്ഷ്യ സംസ്കരണം, എഞ്ചിനീയറിംഗ് വിഭാഗത്തിലെ യന്ത്രങ്ങൾക്ക് മികച്ച ഡിമാന്റാണ് എക്സ്പോയിൽ ലഭിച്ചത്. വിവിധ മേഖലകൾ തിരിച്ച് കൂടുതൽ യന്ത്രോപകരണങ്ങൾ ഉൾപ്പെടുത്തി വരുംവർഷങ്ങളിൽ എക്സ്പോ വിപുലമാക്കുമെന്നും അദ്ദേഹം പറഞ്ഞു.

വിവിധ യന്ത്രോപകരണങ്ങളുടെ വിൽപനയുമായി ബന്ധപ്പെട്ട് അയ്യായിരത്തിലധികം അന്വേഷണങ്ങളാണ് പ്രദർശകർക്ക് ലഭിച്ചത്. സംസ്ഥാനത്തെ വ്യവസായ സംരംഭകർക്ക് മുതൽക്കൂട്ടാകുന്ന നിരവധി സെമിനാറുകളും എക്സ്പോയിൽ സംഘടിപ്പിച്ചിരുന്നു. നിലവിൽ വ്യവസായ സംരംഭങ്ങൾ നടത്തുന്നവർക്കും, പുതുതായി ഈ മേഖലയിലേയ്ക്ക് വരാനാഗ്രഹിക്കുന്നവർക്കും ഒരുപോലെ പ്രചോദനം നൽകുന്നതായിരുന്നു മേളയെന്ന് സന്ദർശകർ വിലയിരുത്തി.

വിവിധ യന്ത്രോപകരണങ്ങൾ കാണുന്നതിന് മാത്രമല്ല, വ്യവസായങ്ങൾ എങ്ങനെ മെച്ചപ്പെടുത്താമെന്നുമുള്ള വിജ്ഞാനം എക്സ്പോയിലൂടെ പകർന്നു കിട്ടിയതായി യുവ വ്യവസായി സൈമൺ ആർ പറഞ്ഞു. ഭാവിയിലും സർക്കാർ ഇത്തരം മേളകൾ സംഘടിപ്പിക്കണം. വ്യവസായത്തിന്റെ വൈവിദ്ധ്യവത്കരണത്തിൽ അവബോധമുണ്ടാക്കുന്നതിന് മെഷിനറി എക്സ്പോ വലിയ പങ്ക് വഹിച്ചുവെന്നും സൈമൺ പറഞ്ഞു.










മികച്ച അനുഭവമാണ് മെഷിനറി എക്സ്പോ നൽകിയതെന്ന് പങ്കെടുത്ത മെഷിനറി ഉടമകൾ പറഞ്ഞു. വിഷയത്തിൽ അവബോധം ഉള്ള സന്ദർശകർ മാത്രമാണ് മേളയിൽ പങ്കെടുത്തത്. ആദ്യദിനം മുതൽ തന്നെ ലഭിച്ചു തുടങ്ങിയ അന്വേഷണങ്ങൾ പ്രതീക്ഷ നൽകുന്നതാണെന്ന് സംസ്ഥാനത്തിനകത്തും പുറത്തുനിന്നുമുള്ള പ്രദർശകർ ഒരേ സ്വരത്തിൽ പറയുന്നു. വരും വർഷങ്ങളിലും ഇത്തരം പ്രദർശനങ്ങൾ തുടരണമെന്നാണ് ഇവരുടെ നിർദ്ദേശം.

*With best compliments from*

Ph: 9847984721

M/s. OLIVE OFFSET PRINTERS
WEDDING CARD CENTRE

Thrikkannamangal
Kottarakara



*With best compliments from*

Ph: 9037538915

**M/s. Micro Scientific Centre**

Muslim Street
Kottarakara

| അലക്സ് കെ. ബാബു

**പോസ്റ്റ് ഓഫീസ് സേവിംഗ്സ് സ്കീമിലോ ബാങ്കുകളുടെ റെക്കറിംഗ് ഡെപ്പോസിറ്റുകളിലോ എല്ലാ മാസവും നിശ്ചിത തീയതിക്ക് നിശ്ചിത തുക നിക്ഷേപിക്കുന്നതു പോലെ മ്യൂച്വൽ ഫണ്ട് യൂണിറ്റുകളിൽ നിക്ഷേപിക്കുന്ന രീതിയാണ് സിസ്റ്റമാറ്റിക് ഇൻവെസ്റ്റ്മെന്റ് പ്ലാൻ. വിപണി ഇടിയുമോ എന്ന ആശങ്ക മാറ്റിനിർത്തി വിപണി ഇടിഞ്ഞാൽ അത് കൂടുതൽ യൂണിറ്റുകൾ വാങ്ങാനുള്ള അവസരമാക്കി മാറ്റുകയാണ് എസ് ഐ പി ചെയ്യുന്നത്.**

# നിക്ഷേപത്തിന് ഫലപ്രദം
# എസ് ഐ പി

ഓഹരികളിൽ നിക്ഷേപിക്കാത്തവർ പോലും ഓഹരി വിപണി ഇടിയുമോ, ഉയരുമോ എന്നൊക്കെ ചോദിക്കുന്നത് സാധാരണമായിട്ടുണ്ട്. ഓഹരി നിക്ഷേപത്തിന് കേരളം പോലെ ഉയർന്ന ബോധവത്കരണം നിലനിൽക്കുന്ന സംസ്ഥാനത്ത് ലഭിച്ചിരിക്കുന്ന പ്രചാരമാണ് ഇതിനു കാരണം. ഓഹരികളിൽ നിക്ഷേപിക്കുന്നവരുടെ സംഖ്യ ചെറുതാണെങ്കിലും ഓഹരി വിപണിയിലെ കയറ്റിറക്കങ്ങൾ സംബന്ധിച്ച വാർത്തകൾ വായിക്കാനും അതേ കുറിച്ച് കൂടുതലറിയാനും സാധാരണ മലയാളികൾ താൽപര്യം പ്രകടിപ്പിക്കുന്ന പ്രവണത പൊതുവെ ദൃശ്യമാണ്.

ഓഹരി നിക്ഷേപത്തിൽ നിന്ന് ദീർഘകാലാടിസ്ഥാനത്തിൽ ലഭിക്കുന്ന നേട്ടത്തെ കുറിച്ച് കൃത്യമായ അറിവുകൾ ഇല്ലെങ്കിൽ പോലും നിക്ഷേപനേട്ടം ഉയർത്താൻ ഏറ്റവും അനുയോജ്യമായ നിക്ഷേപമാർഗമാണ് ഓഹരികളെന്ന അവബോധവും സാധാരണക്കാർക്കിടയിലുണ്ട്. എന്നിട്ടും അവരിൽ വലിയൊരു ശതമാനവും ഓഹരി നിക്ഷേപത്തിൽ





നിന്ന് മാറി നിൽക്കുന്നതെന്തു കൊണ്ടാണെന്ന് വ്യക്തമാണ്. ഓഹരി നിക്ഷേപത്തെ കുറിച്ചുള്ള സംശയങ്ങളും ആശങ്കകളും തന്നെ.

ഓഹരി വിപണിയിൽ നിക്ഷേപം നടത്താൻ ആഗ്രഹിക്കുന്നവരെ പിന്തിരിപ്പിക്കുന്ന ഒരു ഘടകം ഓഹരി വിപണി ഇനി എങ്ങോട്ട് എന്ന അനിശ്ചിതത്വമാണ്. വിപണി ഇടിഞ്ഞാൽ നിക്ഷേപത്തിന്റെ മൂല്യവും ഇടിയുമല്ലോ എന്നതാണ് അവരുടെ ആശങ്ക. വിദഗ്ധർക്കു പോലും വിപണിയുടെ നില കൃത്യമായി പ്രവചിക്കുക അസാധ്യമാണെന്നിരിക്കെ ഒറ്റയടിക്ക് നിക്ഷേപം നടത്താനുള്ള കൃത്യമായ ഒരു ഘട്ടം ഏതെന്ന് ആർക്കും നിർവചിക്കാനാകില്ല. വിപണിയുടെ ഗതിയെക്കുറിച്ച് പ്രവചിക്കാൻ ശ്രമിച്ച് നിക്ഷേപ അവസരത്തിനായി കാത്തിരുന്നാൽ മികച്ച അവസരങ്ങൾ നഷ്ടപ്പെടുകയാവും ഫലം.

വിപണിയുടെ ഉയർന്ന നിലകളെയും താഴ്ന്ന നിലകളെയും ഒരുപോലെ നിക്ഷേപകർക്ക് ഉപയോഗപ്പെടുത്താനുള്ള ഒറ്റമൂലിയാണ് ഓഹരി ബന്ധിത നിക്ഷേപ സ്കീമുകളായ മ്യൂചൽ ഫണ്ടുകളിലെ സിസ്റ്റമാറ്റിക് ഇൻവെസ്റ്റ്മെന്റ് പ്ലാൻ (എസ് ഐ പി). ഫണ്ട് മാനേജർമാർ തങ്ങളുടെ വൈദഗ്ധ്യം ഉപയോഗിച്ച് തിരഞ്ഞെടുക്കുന്ന ഓഹരികളിലാണ് മ്യൂചൽ ഫണ്ടുകൾ നിക്ഷേപിക്കുന്നത്. താഴ്ന്ന നിലകളിലെ അവസരങ്ങൾ നഷ്ടപ്പെടുത്താതിരിക്കാനും ഉയർന്ന നിലകളിൽ പെട്ടുപോകാതിരിക്കാനും നിക്ഷേപകരെ സഹായിക്കുന്ന നിക്ഷേപരീതിയാണ് എസ് ഐ പി.

പോസ്റ്റ് ഓഫീസ് സേവിംഗ്സ് സ്കീമിലോ ബാങ്കുകളുടെ റെക്കറിംഗ് ഡെപ്പോസിറ്റുകളിലോ എല്ലാ മാസവും നിശ്ചിത തീയതിക്ക് നിശ്ചിത തുക നിക്ഷേപിക്കുന്നതുപോലെ മ്യൂചൽ ഫണ്ട് യൂണിറ്റുകളിൽ നിക്ഷേപിക്കുന്ന രീതിയാണ് സിസ്റ്റമാറ്റിക് ഇൻവെസ്റ്റ്മെന്റ് പ്ലാൻ. വിപണി ഇടിയുമോ എന്ന ആശങ്ക മാറ്റിനിർത്തി വിപണി ഇടിഞ്ഞാൽ അത് കൂടുതൽ യൂണിറ്റുകൾ വാങ്ങാനുള്ള അവസരമാക്കി മാറ്റുകയാണ് എസ് ഐ പി ചെയ്യുന്നത്. വിപണി ഉയരുമ്പോൾ വാങ്ങുന്ന യൂണിറ്റുകളുടെ എണ്ണം കുറയുകയും ചെയ്യും.

ഉദാഹരണത്തിന് 1000 രൂപയാണ് എല്ലാ മാസവും നിങ്ങൾ എസ് ഐ പി വഴി നിക്ഷേപിക്കുന്നതെന്ന് കരുതുക. 1000 രൂപയ്ക്ക് തുല്യമായ യൂണിറ്റുകളായിരിക്കും എല്ലാ മാസവും നിങ്ങൾക്ക് ലഭിക്കുന്നത്. വിപണി ഉയരുമ്പോൾ യൂണിറ്റുകളുടെ വില കൂടുന്നതിനാൽ കുറച്ച് യൂണിറ്റുകളും വിപണി താഴുമ്പോൾ യൂണിറ്റുകളുടെ വില താഴുന്നതിനാൽ കൂടുതൽ യൂണിറ്റുകളും വാങ്ങുന്നു. ഇതുവഴി നിക്ഷേപത്തിനായി വരുന്ന കോസ്റ്റ് ആവറേജ് ചെയ്യാൻ സാധിക്കുന്നു.

## എങ്ങനെ എസ് ഐ പി ഫലപ്രദമാക്കാം?

എസ് ഐ പി വഴി മാസത്തിൽ ഒരിക്കലോ മൂന്ന് മാസത്തിലൊരിക്കലോ അർധവർഷത്തിൽ ഒരിക്കലോ ആയി നിക്ഷേപം നടത്താവുന്നതാണ്. പ്രതിമാസ എസ് ഐ പി ആയിരിക്കും കൂടുതൽ ഫലപ്രദം. കോസ്റ്റ് ആവറേജിംഗ് കൂടുതൽ ഫലപ്രദമായി നടത്താനാകുക പ്രതിമാസ എസ് ഐ പി യിലൂടെയായിരിക്കും എന്നതു തന്നെ കാരണം.

ഹ്രസ്വകാല നേട്ടത്തിനായി എസ് ഐ പി യെ ആശ്രയിച്ചാൽ ഫലപ്രദമാകണമെന്നില്ല. ദീർഘകാലാടിസ്ഥാനത്തിൽ എസ് ഐ പി തുടരുകയാണെങ്കിൽ മാത്രമേ അതിന്റെ യഥാർത്ഥ ഗുണം നിങ്ങൾക്ക് ലഭിക്കുകയുള്ളൂ. കുറഞ്ഞത് മൂന്ന് വർഷത്തേക്കെങ്കിലും എസ് ഐ പി തുടരുക.

വിപണി ഇടിയുമ്പോൾ എസ് ഐ പി മുടക്കരുത്. പലരും വിപണി ഇടിയുന്ന മാസങ്ങളിൽ ഇനിയും ഇടിയുമെന്ന ധാരണയിൽ ആ മാസത്തെ നിക്ഷേപം മാറ്റിവെക്കാറുണ്ട്. താഴ്ന്ന നിലകളിൽ കൂടുതൽ യൂണിറ്റുകൾ വാങ്ങുക എന്ന എസ് ഐ പി യുടെ അന്തസ്സത്തയാണ് ഇവിടെ അട്ടിമറിക്കപ്പെടുന്നത്. വിപണി വീണ്ടും ഉയരുകയാണെങ്കിൽ അത്തരം നിക്ഷേപകർക്ക് അവസരം നഷ്ടമാകുകയും ചെയ്യും. എസ് ഐ പി തവണകൾ മുടക്കാതെ നിക്ഷേപിച്ചാൽ മാത്രമേ ഫലപ്രദമാകുകയുള്ളൂ.

ആർ. ഹേലി

# വിപണിയിലെ ചാഞ്ചാട്ടങ്ങൾ



സർവരും കാലാവസ്ഥാ വ്യതിയാനത്തെ ശപിക്കുകയും ഭയക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം വന്നെത്തിയിരിക്കുന്നു. മഴ കൂടിയാലും കുറഞ്ഞാലും വെയിൽ കടുത്താലും കടൽ കോപിച്ചാലും ഒക്കെ കാലാവസ്ഥ വ്യതിയാനത്തെയാണ് വിരൽ ചൂണ്ടുന്നത്. മാത്രമല്ല പകർച്ചവ്യാധികളും പനിയും ഒക്കെ കാലാവസ്ഥ മാറ്റവുമായി ബന്ധപ്പെടുത്തുന്നു. ഇതെല്ലാം ശരിയുമാണ്. പക്ഷേ കാലാവസ്ഥ വ്യതിയാനത്തെ സസൂക്ഷ്മം പഠിക്കുകയും വിലയിരുത്തുകയും നേരിടുകയും ചെയ്യുക മാത്രമാണ് പോംവഴി.

കേരളത്തിൽ ഇപ്പോൾ കാണുന്ന ഒരു സ്ഥിതിവിശേഷമാണ് ഏത്തയ്ക്കായുടെ വിലയിടിവ്. അതും ശബരിമല ഉത്സവകാലത്ത്. കേട്ടു കേൾവി ഇല്ലാത്ത കാര്യം. കിലോയ്ക്ക് കഴിഞ്ഞവർഷം 50-60 രൂപയ്ക്ക് വിറ്റിരുന്ന ഏത്തയ്ക്കക്ക് ഇപ്പോൾ വില 25 രൂപയ്ക്ക് താഴെയാണ്. ഒരു കിലോയ്ക്ക് ഇത്രയും വില ഇടിഞ്ഞതിനു കാരണം വിപണിയിൽ വൻതോതിൽ ഏത്തക്കുലകൾ വന്നു മറിയുന്നത് തന്നെ. അതിന്റെ രഹസ്യം തേടി പോകുമ്പോഴാണ് കർഷകർ പറയുന്ന കാര്യം അറിയുന്നത്. മഴ കുറഞ്ഞെങ്കിലും നീണ്ടു നിന്നതു കാരണവും കൊടുങ്കാറ്റുകൾ വരാത്തതു കാരണവും വിളവ് പ്രതീക്ഷിച്ചതിൽ നിന്നും കുറച്ചു കൂടി. ചുരുക്കത്തിൽ കാലാവസ്ഥ-മഴയും നനയും സൂര്യവെളിച്ചവും ഏത്തവാഴകൃഷിക്ക് അനുകൂലമായിരുന്നു. പേമാരിയും കൊടുങ്കാറ്റും ചതിച്ചതുമില്ല. ഏത്തവാഴ ഉല്പാദനം കൂടി. വില കുറഞ്ഞു. ഒപ്പം കർഷകരുടെ ലാഭവും കുറഞ്ഞു. ഉപഭോക്താക്കൾക്ക് അത്ഭുതം. പത്രങ്ങൾക്ക് വിലയിടിവിന്റെ വാർത്തയും കിട്ടി. ഈ കാലാവസ്ഥാ വ്യതിയാനം കൊള്ളാമോ എന്നു ചോദിച്ചാൽ വേഗം ഉത്തരം പറയാൻ പ്രയാസം.

ഇനി മറ്റൊരു രംഗം. പഴക്കടയിൽ ഓറഞ്ചിന്റെ വൻശേഖരം. നാടായ നാടെല്ലാം ഉന്തുവണ്ടിയിൽ നിറയെ ഓറഞ്ച്. ബോർഡുകൾ സർവത്ര. 100 രൂപയ്ക്ക് നാല് കിലോ ഓറഞ്ച്. അതും വാങ്ങുന്നവർക്ക് തിരഞ്ഞെടുക്കാം. നാട്ടുകാർക്ക് ആകെ അമ്പരപ്പ്. ഇങ്ങനെയും ഓറഞ്ച് വിൽക്കുമോ. അതും ഒന്നാന്തരം നാഗ്പൂർ ഓറഞ്ച്. കാര്യം തിരക്കിയപ്പോൾ ഉത്തരങ്ങൾ പലതു വരുന്നു.

മഹാരാഷ്ട്രയിലും ഓറഞ്ച് ഉൽപാദനമേഖലയായ നാഗ്പൂരിലും ഓറഞ്ച് മേള കൊയ്ത്ത്. കഴിഞ്ഞ കാലങ്ങളിൽ ഇത്തരമൊരു വിളവെടുപ്പ് ആരും കണ്ടിട്ടില്ല. വിപണിക്ക് താങ്ങാൻ പറ്റാത്ത വിധം ഓറഞ്ച് വിളഞ്ഞപ്പോൾ ലോറികളിൽ ഓറഞ്ച് മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കുന്നു. അവിടെയും വില കുറയുന്നു. സർവത്ര ഓറഞ്ച് മയം.

തീർന്നില്ല, എല്ലായിനം നാരകങ്ങളിലും സമൃദ്ധിയായ വിളവ്. ബംബ്ലി എന്നു പറയുന്ന നാരകമരങ്ങളുടെ ശാഖകൾ വിളയുടെ ഭാരം താങ്ങാൻ വയ്യാതെ ഒടിഞ്ഞു വീഴുന്ന കാഴ്ച കേരളത്തിൽപോലും സർവസാധാരണം. വിലയ്ക്ക് വാങ്ങാൻ ആളില്ല. പറിച്ച് എടുത്ത് ബന്ധുജനങ്ങൾക്ക് നൽകുന്ന കാഴ്ച സർവത്ര സുലഭം.

വാഴയുടേയും മധുര നാരങ്ങയുടേയും സ്ട്രാബറിയുടേയും കാര്യത്തിൽ മാത്രമല്ല മറ്റു പല പഴങ്ങളുടേയും കാര്യത്തിൽ വൻവിളവ് നൽകാൻ ചെടിയെ പ്രേരിപ്പിക്കുന്ന കാലാവസ്ഥയാണ് നമുക്ക് ലഭിച്ചതെന്ന് അർത്ഥം. അപ്പോൾ കാലാവസ്ഥ അനുകൂലമാക്കാനും വ്യതിയാനത്തിന് കഴിയും എന്നുകൂടി മനസ്സിലാക്കണം. 2016-ൽ ഒരുപക്ഷേ തേങ്ങ, കരിക്ക് ഇവയുടെ വിളവിന്റെ രംഗത്ത് ഈ ഗുണം പ്രതിഫലിക്കും എന്നാണ് ചില കർഷക കാരണവന്മാരുടെ പ്രവചനം. അതിലേയ്ക്ക് കടക്കും മുമ്പ് ചില കാര്യങ്ങൾ കൂടി പറയണം.

വിള കൂടിയെങ്കിലും ഉല്പാദനം വർദ്ധിച്ചെങ്കിലും അതിന്റെ ഗുണഫലം കർഷകന് കിട്ടിയില്ല. അത് ഒരു സത്യം. കാരണം ഈ സ്ഥിതിവിശേഷം മുന്നിൽ കാണാനും അതിന് തയ്യാറെടുക്കാനും നമുക്ക് കഴിഞ്ഞില്ല. ഇവിടെയാണ് നാം ഭാവിയിൽ ശ്രദ്ധ ചെലുത്തേണ്ട ഒരു മേഖല. കാർഷിക വിഭവങ്ങളുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കുന്ന കാര്യത്തിൽ വിശേഷിച്ചും പഴം പച്ചക്കറി കിഴങ്ങുവർഗം ഇവയുടെ രംഗത്ത് നമ്മുടെ കഴിവ് തുലോം കുറവാണ്. മൊത്തം ഉല്പാദനത്തിന്റെ 10% പോലും മൂല്യ

വർദ്ധിത മേഖലയിലേയ്ക്ക് കടത്തിവിടാൻ നമുക്ക് കഴിയുന്നില്ല. മൊത്തം കാർഷികവിഭവത്തിന്റെ 60% വരെ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി കയറ്റി അയച്ച് പണം വാരുന്ന രാജ്യങ്ങളുണ്ട്. അവരെ കൂടുതൽ കണ്ടു പഠിക്കണം.

നമ്മുടെ കൃഷിയും വാണിജ്യവും വ്യവസായവും തമ്മിലുള്ള ബന്ധം വളരെ ദയനീയമാണ്. 20 രൂപ കിലോയ്ക്ക് ഏത്തയ്ക്കായും കിലോയ്ക്ക് 10 രൂപയ്ക്ക് ഓറഞ്ചും കിട്ടുമ്പോൾ അവയെ ശേഖരിച്ച് ജാമും ജ്യൂസും സിറപ്പും ആക്കിമാറ്റി ഇന്ത്യയിലും വിദേശത്തും കയറ്റി അയയ്ക്കാൻ തക്ക വ്യവസായകരുത്ത് നമുക്കില്ല എന്നു സമ്മതിക്കുമ്പോൾ നാം എത്ര പിന്നിലാണ് എന്ന് വ്യക്തമാകും.





വയർഹൗസിങ് സൗകര്യങ്ങൾ, മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കാനുള്ള വ്യവസായ യൂണിറ്റുകൾ ഈ രംഗത്തിന് പറ്റിയ സംരംഭകർ എന്നിവർ ഉണ്ടായിരുന്നാൽ മാത്രമേ മേൽപറഞ്ഞത് സംഭവിക്കുകയുള്ളൂ. നമ്മുടെ കൃഷി വികസനമെന്നാൽ ഉല്പാദവർദ്ധനവും തുടർന്നുള്ള വിലയിടിവും ആണ് എന്ന തരത്തിലുള്ള ആസൂത്രണ വികസന മേഖലയിലെ ചിന്താഗതികൾ മാറണം. കൂടുതൽ ഏകോപനം ടെക്നോളജി വികസനത്തിലും അതുവഴി സമൂഹഗുണം സൃഷ്ടിക്കുന്നതിലും കടന്നുവരണം. ഇതിന് വേണ്ടിയുള്ള പ്രവർത്തനം തുടങ്ങണം.

തീർന്നില്ല. ഇപ്പോൾ കേരളത്തിലെ പൈനാപ്പിൾ രംഗത്തെ ഉല്പാദനഉയർച്ചയും വിലയിടിവും വാർത്തകളായി കഴിഞ്ഞിരിക്കുന്നു. കിലോയ്ക്ക് 10 രൂപയായി പൈനാപ്പിൾ വില താഴ്ന്നിരിക്കുന്നു. ശബരിമല സീസണിലെ വില ഇതാണെങ്കിൽ ഇനി വരാനിരിക്കുന്ന വിലയിടിവിനെ ഓർത്ത് കൃഷിക്കാർ വിലപിക്കുകയാണ്. എല്ലാ പൈനാപ്പിൾ വികസന യത്നങ്ങൾക്കും തിരിച്ചടി കിട്ടും. കാലാവസ്ഥ അനുകൂലമായതിന്റെ ഫലമായിട്ടാണ് ഇത് സംഭവിച്ചിരിക്കുന്നത് എന്ന വർത്തമാനം കൂടി കേൾക്കുമ്പോൾ നാം നടുങ്ങുകയാണ്.

ഈ വർഷത്തെ മഴക്കാലം കഴിഞ്ഞ് 2016 ലെ മഞ്ഞുകാലപ്പിറവി ആയതോടെ മാവായ മാവെല്ലാം പൂവണിയുകയാണ്. ഇന്ത്യയൊട്ടാകെയുള്ള സ്ഥിതി ജനുവരി മദ്ധ്യമാകുമ്പോൾ വ്യക്തമാകും. ഉല്പാദനവിപ്ലവം സൃഷ്ടിക്കാൻ മാമ്പഴ രംഗവും മിക്കവാറും വഴിതെളിക്കുമെന്നാണ് തോന്നുന്നത്. കാരണം കാലാവസ്ഥ മാമ്പഴപെരുമഴയ്ക്ക് അനുകൂലമാണ്. ഇത് നോക്കിക്കണ്ട് മാമ്പഴത്തിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ വൻതോതിൽ ഉണ്ടാക്കാനുള്ള ശ്രമം തുടങ്ങേണ്ട സമയമാണ്. കാലാവസ്ഥ പ്രവചനം എന്നാൽ മഴയുടെ അളവും ചൂടും പ്രക്ഷേപണം ചെയ്യുക മാത്രമല്ല. കൃഷിയുടെ സമഗ്ര മേഖലകളിൽ അത് എങ്ങനെ ബാധിക്കപ്പെടുമെന്ന വിഷയങ്ങൾക്ക് പ്രാധാന്യം നൽകണം. എങ്ങും തൊടാതുള്ള ശുദ്ധപ്രവചനങ്ങൾ കൊണ്ടുള്ള കാലാവസ്ഥ വിവരണം യഥാർത്ഥത്തിൽ അർത്ഥശൂന്യമാണ്.

വ്യവസായ വാണിജ്യ മേഖലകളുമായി കൃഷിക്കുള്ള ബന്ധം വളരെ ശക്തിപ്പെടണം. പുതിയ വിഭാഗം സംരംഭകരോട് അവരുടെ കർഷക സമ്പർക്കത്തേയും കർഷകനുമായി ആദായം പങ്കിടാനുള്ള മാർഗനിർദ്ദേശങ്ങളെയും കുറിച്ച് പഠനപരിശീലന സമയത്തും തുടർന്നും വികസന ഏജൻസികൾ നിർദ്ദേശം നൽകിക്കൊണ്ടിരിക്കണം.

വീണ്ടും കാലാവസ്ഥ വ്യതിയാനത്തിലേയ്ക്ക് വരേണ്ടതുണ്ട്. ഇതു സംബന്ധിക്കുന്ന പഠനങ്ങളും ഗവേഷണങ്ങളും നടത്തുമ്പോൾ പരിചയസമ്പന്നരായ കർഷകരുടെയും മുതിർന്നവരുടെയും അനുഭവസമ്പത്തുകൾ പരിഗണിക്കണം. സമുദ്രനിരപ്പിന് താഴെയുള്ള കൃഷിരീതികളെപ്പറ്റി കുട്ടനാട്ടിൽ സമാരംഭിക്കുന്ന അന്താരാഷ്ട്ര ഗവേഷണ പഠന കേന്ദ്രം പ്രവർത്തിച്ചു തുടങ്ങുന്നതോടെ ലോകവ്യാപകമായി ഈ രംഗത്തുള്ള അനുഭവ അറിവുകൾ സമാഹരിച്ച് ലഭ്യമാക്കുമെന്ന് പ്രതീക്ഷിക്കാം.

കാലാവസ്ഥ വ്യതിയാനത്തിന്റെ ഫലങ്ങൾ നാം അനുഭവിച്ച് തുടങ്ങിയിരിക്കുന്നു. അതിനെ നേരിടാനുള്ള യത്നങ്ങൾക്ക് സാർവദേശീയമായ പ്രാധാന്യം ലഭിച്ചു തുടങ്ങിയിരിക്കുന്നു. ഇതിന്റെ ഫലമായി സംഭവിക്കാവുന്ന ദോഷഫലങ്ങളെ നേരിടുന്നതിനൊപ്പം വീണുകിട്ടുന്ന ഗുണഫലങ്ങളെ ഉപയോഗപ്പെടുത്താനുമുള്ള തയ്യാറെടുപ്പ് അത്യന്താപേക്ഷിതമാണ്. അതും ആപത്തിനെ നേരിടാനുള്ള ശ്രമങ്ങളുടെ ഭാഗമായി തീരണം.

ഇന്ത്യയിലെ പശ്ചിമ സമുദ്രതീരം കാലാവസ്ഥ വ്യതിയാനത്തിന്റെ ദോഷഫലങ്ങൾ ആദ്യം പ്രത്യക്ഷപ്പെടുന്ന പ്രദേശമായിട്ടാണ് കണ്ടെത്തിയിട്ടുള്ളത്. അതിനാൽ കേരളം ഇക്കാര്യത്തിൽ അധികജാഗ്രത അർഹിക്കുന്ന ഒരു പ്രദേശമായി കരുതണം. ഇക്കാര്യത്തിൽ ഒരു അലംഭാവത്തിന് ഇടയില്ലതന്നെ.



# പെർക്വിസിറ്റുകൾ

**തൊ**ഴിൽ ഉടമ ജീവനക്കാരന് പണമായല്ലാതെ നൽകുന്ന ശമ്പളേതര ആനുകൂല്യങ്ങളെയാണ് പെർക്വിസിറ്റുകൾ എന്നു വിളിക്കുന്നത്. ഇവയിൽ പ്രധാനമായും വാടകയില്ലാത്ത താമസ സൗകര്യം, തൊഴിലുടമയുടെ സ്വന്ത മായിട്ടുള്ള അഥവാ ജീവനക്കാരനുവേണ്ടി വാടകയ്ക്ക് എടുത്തിട്ടുള്ള കെട്ടിടത്തിൽ താമസസൗകര്യം നൽകു മ്പോൾ ഭാഗികമായോ പൂർണമായോ വാടകയിനത്തിൽ നൽകപ്പെടുന്ന സൗജന്യം, ജീവനക്കാരന് സ്വകാര്യ ആവശ്യങ്ങൾക്കായി നൽകപ്പെടുന്ന വാഹനസൗകര്യം തുടങ്ങിയവ ഉൾപെടുന്നു. ഇവയുടെ മൂല്യം കണക്കാക്കി ശമ്പള വരുമാനത്തോട് ചേർത്ത് ആദാ യനികുതി നൽകേണ്ടതാണ്. എന്നാൽ താഴെ പറയുന്ന പെർക്വിസിറ്റുകൾക്ക് നികുതി ബാധ്യത ഉപാധികൾക്ക് വിധേയമായി ഒഴിവാ ക്കിയിട്ടുണ്ട്.

(1) ജോലി സമയത്ത് എല്ലാ ജീവനക്കാർക്കും നൽകുന്ന റിഫ്രഷ്മെന്റ്.
(2) സഹായ നിരക്കിൽ നൽകപ്പെടുന്ന ഉച്ചഭക്ഷണം അഥവാ അത്താഴം
(3) ജീവനക്കാർക്ക് ലഭ്യമാക്കുന്ന റിക്രിയേഷണൽ സൗകര്യങ്ങൾ മുതലായവ.

നികുതിവിധേയമായ പെർക്വിസിറ്റുകളുടെ മൂല്യം കണക്കാക്കുന്നതെങ്ങനെയാണെന്ന് ആദായനികുതി റൂൾസിലെ റൂൾ –3 ൽ വിശദീകരിച്ചിട്ടുണ്ട്. എളുപ്പം മനസിലാക്കുന്നതിലേക്കായി ഇതിന്റെ വിശദവിവരങ്ങൾ പട്ടിക രൂപത്തിൽ നൽകുന്നു.

**പട്ടിക – 1 (റൂൾ 3(1))**

**വാടകയില്ലാതെ നൽകപ്പെടുന്ന താമസസൗകര്യത്തിന്റെ മൂല്യം നിർണയിക്കുന്ന വിധം**

| ക്രമ നം. | വിശദവിവരങ്ങൾ | താമസസൗകര്യംഫർണിച്ചറില്ലാതെ | താമസസൗകര്യം ഫർണിച്ചറടക്കം |
|---|---|---|---|
| 1 | കേന്ദ്ര-സംസ്ഥാന സർക്കാർ ജീവക്കാർ ക്ക് അവർ നിയമിതരാ യിരിക്കുന്ന ലാവണ ത്തെ ആസ്പദമാക്കി | കേന്ദ്ര-സംസ്ഥാന സർക്കാറുകൾ ഇത് സംബന്ധിച്ചുള്ള ചട്ടങ്ങൾക്കനുസൃത മായി നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസിൽ നിന്നും ജീവനക്കാരൻ നൽകുന്ന ഭാഗം കുറച്ച ശേഷമുള്ള തുക. | മൂന്നാമത്തെ കോളത്തിലെ നിബന്ധനപ്രകാരം നിർണയിക്കപ്പെട്ട മൂല്യത്തോട് ഫർണിച്ചറിന്റെ വിലയുടെ 10% കൂട്ടിയ തുക. (ഫർണിച്ചർ എന്ന പദത്തിൽ ടെലിവിഷൻ സെറ്റുകൾ, റേഡിയോ സെറ്റുകൾ, ,റെഫ്രിജറേറ്ററുകൾ, മറ്റുള്ള വീട്ടുപകരണങ്ങൾ, എയർ കണ്ടീഷനിങ് പ്ലാന്റ് എന്നിവ ഉൾപെടുന്നു) എന്നാൽ പ്രസ്തുത ഫർണിച്ചറുകൾ തൊഴിലുടമ ജീവനക്കാരനു വേണ്ടി വാടകയ്ക്കെടു ക്കുന്ന പക്ഷം വാടക തുകയാണ് പരിഗണിക്കേണ്ടത്. ഇതിലേയ്ക്കായി ജീവനക്കാരൻ നൽകുന്ന ഭോഗം മൊത്തം മൂല്യത്തിൽ നിന്ന് കുറവു ചെയ്യാവുന്നതാണ് |
| 2 | സർക്കാരിതര തൊഴി ലുടമകൾ താമസ സൗകര്യം നൽകുമ്പോൾ (1) കെട്ടിടം തൊഴിലുടമ യുടെ സ്വന്തമാണെങ്കിൽ | (1) 2001-ലെ സെൻസസ് പ്രകാരം 25 ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള നഗരങ്ങളിലാണെങ്കിൽ- ശമ്പളത്തിന്റെ 15% (2) 10 ലക്ഷം മുതൽ 25 ലക്ഷം വരെ ജനസംഖ്യയുള്ള നഗരങ്ങളിലാണെങ്കിൽ- ശമ്പളത്തിന്റെ 10% | മൂന്നാമത്തെ കോളത്തിലെ നിബന്ധനപ്രകാരം നിർണയിക്കപ്പെട്ട മൂല്യത്തോട് ഫർണിച്ചറിന്റെ വിലയുടെ 10% കൂട്ടിയ തുക. (ഫർണിച്ചർ എന്ന പദത്തിൽ ടെലിവിഷൻ സെറ്റുകൾ, റേഡിയോ സെറ്റുകൾ, ,റെഫ്രിജറേറ്ററുകൾ, മറ്റുള്ള വീട്ടുപകരണങ്ങൾ, എയർ കണ്ടീഷനിങ് പ്ലാന്റ് എന്നിവ ഉൾപെടുന്നു) എന്നാൽ പ്രസ്തുത ഫർണിച്ചറുകൾ തൊഴിലുടമ ജീവനക്കാരനു വേണ്ടി വാടകയ്ക്കെടുക്കുന്ന പക്ഷം പ്രസ്തുത വാടക തുകയാണ് പരിഗണിക്കേണ്ടത് |

| | | | |
|---|---|---|---|
| | | (3) മറ്റുള്ള സ്ഥലങ്ങളിൽ ശമ്പളത്തിന്റെ 75% താമസസൗകര്യം ഉപയോഗപ്പെടുത്തുന്ന കാലയളവിലേയ്ക്ക് ആനുപാതികമായിട്ടാണ് മൂല്യം കണക്കാക്കേണ്ടത്. കൂടാതെ ജീവന ക്കാരൻ ഇതിലേയ്ക്കായി നൽകുന്ന ഭോഗവും മൂല്യത്തിൽ നിന്നും കുറവു ചെയ്യാം. | ഇതിലേയ്ക്കായി ജീവനക്കാരൻ നൽകുന്ന ഭോഗം മൊത്തം മൂല്യത്തിൽ നിന്ന് കുറവു ചെയ്യാവുന്നതാണ്. |
| | (2) താമസസൗകര്യം ജീവനക്കാരനുവേണ്ടി തൊഴിലുടമ വാടകയ്ക്ക് എടുക്കുകയാണെങ്കിൽ | വാടകയായി നൽകുന്ന തുകയോ ശമ്പള ത്തിന്റെ 15 ശതമാനമോ (തമ്മിൽ കുറഞ്ഞ തുക). എന്നാൽ ഈ മൂല്യത്തിൽ നിന്നും ജീവനക്കാരന്റെ ഭോഗം കുറവു ചെയ്യാവു ന്നതാണ്. | മൂന്നാമത്തെ കോളത്തിലെ നിബന്ധനപ്രകാരം നിർണയിക്കപ്പെട്ട മൂല്യത്തോട് ഫർണിച്ചറിന്റെ വിലയുടെ 100% കൂട്ടിയ തുക. (ഫർണിച്ചർ എന്ന പദത്തിൽ ടെലിവിഷൻ സെറ്റുകൾ, റേഡിയോ സെറ്റുകൾ, റെഫ്രിജറേറ്ററുകൾ, മറ്റുള്ള വീട്ടുപകരണങ്ങൾ, എയർ കണ്ടീഷനിംഗ് പ്ലാന്റ് എന്നിവ ഉൾപെടുന്നു). എന്നാൽ പ്രസ്തുത ഫർണിച്ചറുകൾ തൊഴിലുടമ ജീവനക്കാരനുവേണ്ടി വാടകയ്ക്കെടുക്കുന്ന പക്ഷം പ്രസ്തുത വാടക തുക യാണ് പരിഗണിക്കേണ്ടത്. ഇതിലേയ്ക്കായി ജീവനക്കാരൻ നൽകുന്ന ഭോഗം മൊത്തം മൂല്യത്തിൽ നിന്ന് കുറവു ചെയ്യാവുന്നതാണ്. |
| | (3) മേൽപറഞ്ഞ ഒന്നിലും രണ്ടിലും തൊഴിലുടമകൾ ഒരു ജീവനക്കാരനു സ്ഥലം മാറ്റത്തോട് അനുബന്ധിച്ച് നൽകുന്ന ഹോട്ടലിലെ താമ സൗകര്യം 15 ദിവസത്തിൽ കൂടിയ കാലയളവിലേയ്ക്ക് | ബാധകമല്ല | ഹോട്ടലിൽ താമസിച്ച കാലയളവിലേയ്ക്ക് ഈയിനത്തിൽ തൊഴിലുടമയ്ക്കു വന്ന ചെലവ് അഥവാ പ്രസ്തുത കാലയളവിലെ ശമ്പളത്തിന്റെ 24% (തമ്മിൽ കുറഞ്ഞത്). ഈ തുകയിൽ നിന്നും ജീവനക്കാരൻ വഹിക്കുന്ന ഭോഗം കുറവു ചെയ്യാവുന്നതാണ്. |

മേൽപറഞ്ഞ പട്ടികയിൽ കൊടുത്തിരിക്കുന്ന വിവരങ്ങൾ മനസിലാക്കുമ്പോൾ താഴെ കൊടുത്തിരിക്കുന്നകാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക.

(1) മൂല്യനിർണയം നടത്തുമ്പോൾ ശമ്പളം എന്ന പദത്തിൽ അടിസ്ഥാന ശമ്പളം, അലവൻസുകൾ, ബോണസ് അഥവാ കമ്മീഷൻ എന്നിവ ഉൾപെടുന്നു എങ്കിലും താഴെ പറയുന്നവ ഉൾപെടുന്നില്ല.

(എ) ക്ഷാമബത്ത (എന്നാൽ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ അഥവാ സൂപ്പർ ആനുവേഷൻ ആനുകൂല്യങ്ങൾ എന്നിവ കണക്കാക്കുന്നതിലേയ്ക്കായി ഡി. എ യും പരിഗണിക്കപ്പെടുന്നുണ്ടെങ്കിൽ ഇതും ശമ്പളം എന്ന പദത്തിന്റെ നിർവചന പരിധിയിൽ വരും.

(ബി) ജീവനക്കാരന്റെ പ്രോവിഡന്റ് ഫണ്ടിലേയ്ക്ക് തൊഴിലുടമ അടയ്ക്കുന്ന വിഹിതം

(സി) നികുതി വിമുക്തമായ അലവൻസുകൾ

(ഡി) മറ്റു പെർക്വിസിറ്റുകൾ

ഇനി, പൂർണമായോ ഭാഗികമായോ സൗജന്യമായി നൽകപ്പെടുന്ന മോട്ടോർ കാറിന്റെ ഉപയോഗത്തിന്റെ മൂല്യം നിർണയി ക്കുന്നതെങ്ങനെയെന്ന് പരിശോധിക്കാം. (പട്ടിക-2 കാണുക)

| | | | |
|---|---|---|---|
| 2 | മോട്ടോർ കാർ തൊഴിലുടമയുടെ സ്വന്തമായിരിക്കുകയും കാറിന്റെ ചെലവുകൾ തൊഴിലുടമ നേരിട്ടു വഹിക്കുകയോ ജീവനക്കാരന് തിരിച്ചു നൽകുകയോ ചെയ്യുമ്പോൾ<br>(എ) ചെലവുകൾ പൂർണമായും ഔദ്യോഗിക ആവശ്യങ്ങൾക്ക് ആണെങ്കിൽ<br>(ബി) ചെലവുകൾ ഭാഗികമായി ഔദ്യോഗിക ആവശ്യങ്ങൾക്ക് | മൂല്യം- ഇല്ല<br>എന്നാൽ യാത്രകളെ സംബന്ധിച്ച നിശ്ചിത വിവരങ്ങൾ തൊഴിലുടമ സൂക്ഷിച്ചിരിക്കണം<br>തൊഴിലുടമ ചെലവാക്കിയ മൊത്തം ചെലവിൽ നിന്നും മേൽ കൊടുത്തിട്ടുള്ള (1)(സി)(1) പ്രകാര മുള്ള തുകകൾ കുറച്ചശേഷം ബാക്കി എന്നാൽ യാത്രകളെ സംബന്ധിച്ച് നിശ്ചിത വിവരങ്ങൾ തൊഴിലുടമ സൂക്ഷിച്ചിരിക്കണം | മൂല്യം- ഇല്ല<br>എന്നാൽ യാത്രകളെ സംബന്ധിച്ച നിശ്ചിത വിവരങ്ങൾ തൊഴിലുടമ സൂക്ഷിച്ചിരിക്കണം<br>തൊഴിലുടമ ചെലവാക്കിയ മൊത്തം ചെലവിൽ നിന്നും മേൽ കൊടുത്തിട്ടുള്ള (1)(സി)(1) പ്രകാര മുള്ള തുകകൾ കുറച്ചശേഷം ബാക്കി എന്നാൽ യാത്രകളെ സംബന്ധിച്ച് നിശ്ചിത വിവരങ്ങൾ തൊഴിലുടമ സൂക്ഷിച്ചിരിക്കണം |

# ആലപ്പുഴയിൽ നിക്ഷേപക സംഗമം





ആലപ്പുഴ ജില്ലാ വ്യവസായകേന്ദ്രം സംഘടിപ്പിച്ച ജില്ലാതല വ്യവസായനിക്ഷേപക സംഗമം ജില്ലാ കളക്ടർ പത്മകുമാർ ഉദ്ഘാടനം ചെയ്തു. വ്യവസായ സംരംഭകരായി വരുന്നവർക്ക് ക്ലിയറൻസുകളും ലൈസൻസുകളും ലഭ്യമാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് കളക്ടർ പറഞ്ഞു. ജില്ലാതല ഏകജാലക ക്ലിയറൻസ് ബോർഡ് ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്നും എന്നാൽ ഇപ്പോഴും സംരംഭകരുടെ പ്രശ്നങ്ങൾക്ക് പൂർണമായി പരിഹാരം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ലെന്നും അദ്ദേഹം സൂചിപ്പിച്ചു. വ്യവസായികൾക്ക് ഈ വർഷം ഇതിനോടകം രണ്ട് കോടിയിലധികം രൂപയ്ക്കുള്ള സബ്സിഡി അപേക്ഷകൾ ജില്ലാതല കമ്മിറ്റി തീർപ്പാക്കിയതായും കളക്ടർ വ്യക്തമാക്കി.

ജില്ലാ വ്യവസായകേന്ദ്രം മാനേജർ പി. എസ്. ശിവപ്രസാദിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ മാനേജർ എ. മുഹമ്മദ് കുഞ്ഞ്, ചെറുകിട വ്യവസായ അസോസിയേഷൻ ജില്ലാ പ്രസിഡന്റ് അനസ്, ജില്ലാ സെക്രട്ടറി പി. കെ. ഹരിലാൽ, വാടയ്ക്കൽ ഇൻഡസ്ട്രിയൽ അസോസിയേഷൻ പ്രസിഡന്റ് സുന്ദർ, ജി. രവി പങ്കെടുത്തു.

കേരളാ ഫിനാൻഷ്യൽ കോർപറേഷൻ ചീഫ് മാനേജർ ജി. ആർ. വിനോദ്, ലീഡ് ബാങ്ക് മാനേജർ രവികുമാർ, ററൗൺ പ്ലാനിങ് ഓഫീസർ ഇന്ദു വിജയനാഥ്, ഡയറക്ടർ പ്രശാന്ത്, മലിനീകരണ നിയന്ത്രണ ബോർഡ് അസിസ്റ്റന്റ് എഞ്ചിനീയർ ആന്റോ, വ്യവസായകേന്ദ്രം അസിസ്റ്റന്റ് ഡയറക്ടർ റ്റി. എസ്. ചന്ദ്രൻ ക്ലാസ്സെടുത്തു.

---

# മഹാത്മാഗാന്ധി ബങ്കർ ബീമാ യോജന




കൈത്തറി നെയ്ത്തുകാർക്കുള്ള സമഗ്രക്ഷേമ പദ്ധതിയായ മഹാത്മാഗാന്ധി ബങ്കർ ബീമായോജനയിൽ അംഗമാകാൻ അവസരം. പദ്ധതിയുടെ സഹായങ്ങൾ ലഭിക്കുന്നതിന് നെയ്ത്തുകാർ ജില്ലാ വ്യവസായകേന്ദ്രവുമായോ കൈത്തറി ഡയറക്ടറേറ്റുമായോ ബന്ധപ്പെടണം. പ്രീമിയം കേന്ദ്ര സംസ്ഥാന സർക്കാരുകൾ വഹിക്കുന്നതിനാൽ നെയ്ത്തുകാർ പ്രീമിയം അടയ്ക്കണ്ട. സഹായങ്ങൾ ഉറപ്പു വരുത്തുന്നതിനായി എല്ലാ വർഷവും പോളിസി നിശ്ചിത സമയത്ത് പുതുക്കണം.

സ്വാഭാവികമായോ അപകടം വഴിയോ മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്കും മുഴുവനായോ, ഭാഗികമായോ അംഗഭംഗം സംഭവിച്ചവർക്കും പരിരക്ഷ നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയിൽ അംഗങ്ങളായ നെയ്ത്തുകാരുടെ 9–12 ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ലഭിക്കും.

---

# കെ. എസ്. എച്ച്. ഡി. എഫ്. സി. ബോർഡ് രൂപീകരിച്ചു

എം. കെ. തോമസ് കുട്ടി മുതുപുന്നയ്ക്കൽ (ഈരാറ്റുപേട്ട) ചെയർമാനായി കേരളാ സ്റ്റേറ്റ് ഹൗസിംഗ് ഡവലപ്മെന്റ് ഫൈനാൻസ് കോർപറേഷൻ (കെ. എസ്. എച്ച്. ഡി. എഫ്. സി) ബോർഡ് രൂപീകരിച്ച് ഉത്തരവായി. ചീഫ് സെക്രട്ടറി, ഹൗസിംഗ് സെക്രട്ടറി, ഫിനാൻസ് സെക്രട്ടറി, നിയമ സെക്രട്ടറി എന്നിവർ ഔദ്യോഗിക അംഗങ്ങളായിരിക്കും. ബാബു ജോസഫ് പുള്ളിക്കത്തോട്, സി. ആർ. സുനു, തിരുവനന്തപുരം, റാസി ചെറിയവല്ലം കോട്ടയം എന്നിവർ അംഗങ്ങളും ഹൗസിംഗ് ബോർഡ് സെക്രട്ടറി സ്പെഷ്യൽ ഓഫീസറുമായിരിക്കും.

കേന്ദ്ര സർക്കാരിന്റെ വിവിധ സഹായങ്ങൾ നേടിയും, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പണം സ്വരൂപിച്ചും ഭവന രഹിതർക്ക് ഭവന നിർമാണത്തിന് സഹായമെത്തിക്കുകയാണ് സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം.






ബൗദ്ധിക സ്വത്തവകാശ നിയമം സംബന്ധിച്ച് തൃശൂർ എം.എസ്.എം.ഇ. ഇൻസ്റ്റിറ്റ്യൂട്ടും കണ്ണൂർ ജില്ലാ വ്യവസായ കേന്ദ്രവും ചേർന്ന് സംഘടിപ്പിച്ച ശിൽപ ശാല.

# അഖിലേന്ത്യാ വ്യവസായ പ്രദർശനം തിരുവനന്തപുരത്ത്



തൃശ്ശൂർ കേന്ദ്ര എം. എസ്. എം. ഇ ഡവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടും കേരള ചെറുകിട വ്യവസായ അസോസിയേഷനും സംസ്ഥാന വ്യവസായ വകുപ്പും സംയുക്തമായി അഖിലേന്ത്യാ വ്യവസായ പ്രദർശനവും ബിസിനസ് ടു ബിസിനസ് മീറ്റും ഈ മാസം 12,13 തീയതികളിൽ തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ സംഘടിപ്പിക്കും.

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നൂറോളം ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളെ കൂടാതെ കൊച്ചിൻ ഷിപ്പ്യാഡ് , ഐ. എസ്. ആർ. ഒ, ബി. എച്ച്. ഇ. എൽ, കെൽട്രോൺ, റെയിൽവേ, ഡിഫൻസ്, എൻ. ടി. പി. സി., എഫ്. എ. സി. റ്റി, തുടങ്ങിയ വൻകിട സ്ഥാപനങ്ങൾ അവർക്കാവശ്യമായ ഉൽപന്നങ്ങൾ നിർമിക്കുന്നത് സംബന്ധിച്ച് ചെറുകിട സംരംഭകരുമായി ആശയവിനിമയം നടത്തും.

വ്യവസായ പ്രദർശനത്തോടൊപ്പം സംഘടിപ്പിക്കുന്ന സാങ്കേതിക സെമിനാറിൽ പൊതുമേഖല വ്യവസായ സ്ഥാപനങ്ങൾ അവർ ശേഖരിക്കുന്ന ഉൽപന്നങ്ങളുടെയും സേവനത്തിന്റെയും കരാർ രീതികളെപ്പറ്റിയും ഗുണമേന്മയെപ്പറ്റിയും വിശദീകരിക്കും. കൂടാതെ ബാങ്കിങ്ങ് രംഗത്തെ പ്രമുഖരായ എസ്. ബി. ഐ., എസ്. ബി. റ്റി, കാനറാ ബാങ്ക് മുതലായവയുടെ പ്രതിനിധികൾ വ്യവസായ സംരംഭകർക്കായി നടപ്പാക്കുന്ന സാമ്പത്തിക പദ്ധതികളെക്കുറിച്ചും മറ്റു വികസന സ്ഥാപനങ്ങളായ കയർ ബോർഡ്, എൻ. എസ്. ഐ. സി. പ്രതിനിധികൾ വിവിധ വ്യവസായ സേവനങ്ങളെക്കുറിച്ചും സംസാരിക്കും.

ചെറുകിട വ്യവസായ സംരംഭകർക്കായി കേന്ദ്ര സർക്കാർ 2012-ൽ പ്രഖ്യാപിച്ച പൊതുശേഖരണ നയം അനുസരിച്ച് കേന്ദ്ര സർക്കാർ അധീനതയിലെ വിവിധ മന്ത്രാലയങ്ങൾ, വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ മൊത്ത വാർഷിക പർച്ചേയ്സിൽ 20 ശതമാനം നിർബന്ധമായും സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭങ്ങളിൽ നിന്നായിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ഈ നയത്തെക്കുറിച്ച് സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭകരിൽ അവബോധം സൃഷ്ടിക്കാനും ഈ പരിപാടിയിലൂടെ ലക്ഷ്യമിടുന്നു.

# മഞ്ചേശ്വരത്ത് ബാങ്കേഴ്സ് മീറ്റ്




വ്യവസായ വാണിജ്യ വകുപ്പ് നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച് അവബോധം ഉണ്ടാക്കുന്നതിനും വ്യവസായ സംരംഭങ്ങൾക്ക് വായ്പ അനുവദിക്കുന്നതിലുള്ള സങ്കീർണതയും കാലതാമസവും പരിഹരിച്ച് അർഹരായ സംരംഭകർക്ക് വായ്പ അനുവദിക്കുന്നതിന് വഴിയൊരുക്കുന്നതിനും വേണ്ടി കാസറഗോഡ് ജില്ലാ വ്യവസായകേന്ദ്രം മഞ്ചേശ്വരം താലൂക്ക് തലത്തിൽ ബാങ്കേഴ്സ് മീറ്റ് സംഘടിപ്പിച്ചു.

ധനകാര്യ സ്ഥാപന/നിർവഹണ മേധാവികൾക്കായി സംഘടിപ്പിച്ച മീറ്റ് കാസറഗോഡ് സിൻഡിക്കേറ്റ് ബാങ്ക് ഹാളിൽ നബാർഡ് അസിസ്റ്റന്റ് ജനറൽ മാനേജർ ജ്യോതിസ്സ് ജഗന്നാഥ് ഉദ്ഘാടനം ചെയ്തു. ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ ഡി. രാജേന്ദ്രൻ അദ്ധ്യക്ഷനായിരുന്നു. സിൻഡിക്കേറ്റ് ബാങ്ക് സീനിയർ മാനേജർ സത്യപാൽ മുഖ്യപ്രഭാഷണം നടത്തി. ജില്ലാ വ്യവസായ കേന്ദ്രം മാനേജർ കെ. വി. നീലാംബരൻ, കാസറഗോഡ് താലൂക്ക് അസിസ്റ്റന്റ് ജില്ലാ വ്യവസായ ഓഫീസർ ഉണ്ണികൃഷ്ണൻ. സി. പി. പങ്കെടുത്തു.



തുടർന്ന് തൃശ്ശൂർ ഖാദി വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ അസിസ്റ്റന്റ് ഡവലപ്മെന്റ് ഓഫീസർ ജി. രാമചന്ദ്രൻ പി. എം. ഇ. ജി. പി. – ഇ ട്രാക്കിങ്ങ് എന്ന വിഷയത്തിലും കാസറഗോഡ് ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ ഡി. രാജേന്ദ്രൻ സംരംഭക സഹായ പദ്ധതി സംബന്ധിച്ചും ക്ലാസ്സുകൾ കൈകാര്യം ചെയ്തു. തുടർന്ന് പി. എം. ഇ. ജി. പി. അപേക്ഷ സംബന്ധിച്ച് ബാങ്ക് മാനേജർമാർക്കും മറ്റ് നിർവഹണ ഏജൻസികളിലെ ഓഫീസർമാർക്കുമുള്ള സംശയങ്ങൾ ദൂരീകരിക്കാനും അവസരമൊരുക്കി. ഖാദി വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ അസിസ്റ്റന്റ് ഡവലപ്മെന്റ് ഓഫീസർ ജി. രാമചന്ദ്രൻ സംശയങ്ങൾക്ക് മറുപടി നൽകി.

# പട്ടികജാതി–വർഗക്കാർക്ക് ഹെൽപ് ലൈൻ

തിരുവനന്തപുരം റൂറൽ പ്രദേശങ്ങളിലെ പട്ടികജാതി-വർഗ വിഭാഗക്കാരുടെ പരാതികൾ കേൾക്കുന്നതിന് ഹെൽപ് ലൈൻ സംവിധാനം തുടങ്ങി. ഹെൽപ് ലൈൻ നമ്പർ: 0471-2422000.

വനിതാ ഹെൽപ് ലൈനിന്റെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥർ എസ്. സി./എസ്. റ്റി. വിഭാഗത്തിന്റെ പരാതികൾ കൂടി ഹെൽപ് ലൈൻ വഴി കേട്ട് രേഖപ്പെടുത്തുന്നതിന് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കണമെന്നും പരാതി വരുന്ന മുറയ്ക്ക് അത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറി വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നും നിർദ്ദേശമുണ്ട്.

# ഇനി കാർഷിക വികസന കർഷകക്ഷേമ വകുപ്പ്

കാർഷിക വികസനത്തോടൊപ്പം കർഷകരുടെ വിവിധ ക്ഷേമപ്രവർത്തനങ്ങൾക്കും ഊന്നൽ നൽകുന്ന പദ്ധതികളാണ് കൃഷിവകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്നത്. സർക്കാർ അംഗീകരിച്ച കാർഷിക വികസന നയവും ഈ ലക്ഷ്യത്തോടെ രൂപപ്പെടുത്തിയിട്ടുള്ളതാണ്.

ഇത്തരത്തിൽ വകുപ്പിന്റെ പ്രവർത്തനങ്ങളുടെ അന്ത:സത്ത ഉൾക്കൊണ്ട് കൃഷി വകുപ്പിനെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് (അഗ്രിക്കൾച്ചർ ഡവലപ്മെന്റ് ആന്റ് ഫാർമേഴ്സ് വെൽഫെയർ ഡിപ്പാർട്ട്മെന്റ്) എന്ന് പുനർ നാമകരണം ചെയ്ത് ഉത്തരവായി. ഭാരത സർക്കാർ കേന്ദ്ര കൃഷി വകുപ്പിന്റെ പേരിൽ ഇത്തരത്തിലുള്ള മാറ്റം വരുത്തിയിട്ടുണ്ട്.

# കൊല്ലത്ത് നൈപുണ്യ വികസന പരിശീലനം

കൊല്ലം ജില്ലാ വ്യവസായകേന്ദ്രം സംഘടിപ്പിക്കുന്ന നൈപുണ്യ വികസന പരിശീലനം ആരംഭിച്ചു. 20 ദിവസത്തെ പരിശീലനം കോർപറേഷൻ മേയർ അഡ്വ. രാജേന്ദ്രബാബു ഉദ്ഘാടനം ചെയ്തു. ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ ഹെലൻ ജെറോം അദ്ധ്യക്ഷയായി. ചെറുകിട വ്യവസായ അസോസിയേഷൻ ജില്ലാ പ്രസിഡന്റ് എ. നാസറുദ്ദീൻ മുഖ്യപ്രഭാഷണം നടത്തി. ജില്ലാ വ്യവസായകേന്ദ്രം മാനേജർമാരായ പി. രാധാകൃഷ്ണൻ, ബിജു കുര്യൻ, ഉപജില്ലാ ഓഫീസർമാരായ കെ. വസന്തൻ, ആർ. ദിനേശ് സംബന്ധിച്ചു.



ഇലക്ട്രോണിക്സ്, ഫാഷൻ ഡിസൈനിങ് & അപ്പാരൽ മേക്കിങ് മേഖലകളിൽ തിരഞ്ഞെടുത്ത 25 വീതം സംരംഭകർക്കാണ് പരിശീലനം. സംരംഭകർക്ക് നൈപുണ്യ പരിശീലനം ലഭ്യമാക്കി വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനാണ് പദ്ധതി വിഭാവന ചെയ്യുന്നത്.

# കാർഷിക വിപണി: 497 ലക്ഷം രൂപയുടെ പദ്ധതി

സംസ്ഥാനത്തെ കാർഷിക ഉത്പന്നങ്ങളുടെ വിപണനശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കാർഷിക വിപണികൾക്കും അപ്പക്സ് മാർക്കറ്റുകൾക്കും സഹായം നൽകുന്നതിന് 497 ലക്ഷം രൂപയുടെ പദ്ധതിക്ക് വയനാട് പാക്കേജ്, ജൈവകൃഷി എന്നിവയിലുൾപെടുത്തി ഭരണാനുമതി നൽകി ഉത്തരവായി.



# ചെറുകിട കമ്പനികൾക്ക് ടോൾഫ്രീ നമ്പർ

കാർഷികരംഗത്തെ ആദ്യ ഇൻകുബേഷൻ സെന്ററായ അഗ്രോപാർക്ക് ചെറുകിട ഇടത്തരം വ്യവസായ സംരംഭകർക്കായി ടോൾ ഫ്രീ നമ്പർ സർവീസ് ഒരുക്കി. നിലവിൽ കോർപറേറ്റ് ഭീമന്മാർക്ക് സ്വന്തമായിരുന്ന ടോൾ ഫ്രീ നമ്പർ ഇപ്പോൾ അഗ്രോപാർക്കുമായി ചേർന്ന് ചെറുകിട ഇടത്തരം കമ്പനികൾക്കും സ്വന്തമാക്കാം. ടോൾ ഫ്രീ നമ്പർ സർവീസ് ലഭ്യമാകുന്നതോടെ സാധാരണ ബിസിനസ് സംരംഭകർക്ക് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയരുവാൻ സാധിക്കും. പലപ്പോഴും നാട്ടിലെ സംരംഭകരും അവരുടെ ഉല്പന്നങ്ങളും നേരിടുന്ന പ്രധാന വെല്ലുവിളി വിപണിക്ക് അനുയോജ്യമായ പായ്ക്കിങ്ങുകളും വിപണി ആവശ്യപ്പെടുന്ന ഗുണമേന്മാ ചിഹ്നങ്ങളും ഉപഭോക്തൃ സർവീസും നൽകാൻ കഴിയുന്നില്ല എന്നതാണ്. കേരളത്തിന്റെ ഉത്പന്നങ്ങൾ ഗുണമേന്മയിൽ ദേശീയ നിലവാരം പുലർത്തുന്നവയാണെങ്കിലും അതിന് അനുസൃതമായ മാർക്കറ്റിങ് നേടിയെടുക്കാൻ സാധിക്കാതെ വരുന്നു. ബാർകോഡ്, ന്യൂട്രീഷൻ ഫാക്റ്റ്, കസ്റ്റമർ കെയർ വിഭാഗം തുടങ്ങിയവയിലൂടെ മാർക്കറ്റിൽ മുൻനിരയിലേയ്ക്ക് എത്താൻ ഇത്തരം സംരംഭകർക്കും സാധിക്കും.

പ്രതിമാസം 3,000 രൂപ ചെലവഴിച്ച് ടോൾ ഫ്രീ നമ്പർ സേവനം സ്വീകരിച്ചാൽ സംരംഭകർക്ക് വിപണിയുമായി നിരന്തരം ഇടപെടലുകൾ സാധ്യമാകും. പ്രതികരണങ്ങൾ നേരിട്ടറിയാൻ സാധിക്കുന്ന 24* 7 കോൾ സെന്റർ ഇതിനായി അഗ്രോപാർക്കിൽ ഒരുക്കിയിട്ടുണ്ട്. മലയാളം, ഹിന്ദി, ഇംഗ്ലീഷ് ഭാഷകളിലുള്ള സർവീസ് ആണ് ആദ്യഘട്ടത്തിൽ ലഭ്യമാവുക. പ്രതിദിനം കമ്പനികളെ സംബന്ധിച്ച് ടോൾ ഫ്രീ നമ്പർ വഴിയുള്ള അന്വേഷണങ്ങളും പ്രതികരണങ്ങളും സംരംഭകരെ ഇ-മെയിൽ വഴിയും ഫോൺ മുഖേനയും അറിയിക്കും.

സംരംഭകരെ സംബന്ധിച്ച് സ്വന്തമായി കോൾസെന്റർ പ്രവർത്തിപ്പിച്ച് ടോൾ ഫ്രീ നമ്പർ സർവീസ് നൽകുന്നതിനു വേണ്ടി വരുന്ന വലിയ സാമ്പത്തിക ബാധ്യതയും, ഇലക്ട്രിക്കൽ നെറ്റ്വർക്ക് തുടങ്ങിയ കണക്റ്റിവിറ്റികളിലുള്ള തലവേദനയും ഒഴിവാക്കാം. ടോൾ ഫ്രീ നമ്പർ സർവീസിനായി പിറവം അഗ്രോപാർക്കിൽ ബന്ധപ്പെടണം.

ഫോൺ: 0485-2242310



# തൃശ്ശൂരിൽ കൈത്തറി മേള



കൈത്തറി വസ്ത്രങ്ങളുടെ പ്രചരണാർത്ഥം തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം പഴയനടക്കാവിലുള്ള പാണ്ടി സമൂഹമഠം ഹാളിൽ പ്രത്യേക റിബേറ്റ് നൽകി കൈത്തറി വസ്ത്ര പ്രദർശന വിൽപനമേള നടത്തി. മേളയുടെ ഉദ്ഘാടനം അഡ്വ. തേറമ്പിൽ രാമകൃഷ്ണൻ എം. എൽ. എ. നിർവഹിച്ചു. ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ ഇ. സലാഹുദ്ദീൻ അദ്ധ്യക്ഷനായിരുന്നു. മാനേജർ ടി. ടി. ലോഹിതാക്ഷൻ, എ. ഡി. ഐ. ഒ. വി. പി. മനോജ്, സീനിയർ സഹകരണ ഇൻസ്പെക്ടർ പി. എസ്. രഘുനാഥ്, ഡെപ്യൂട്ടി രജിസ്ട്രാർ എം. കെ. ബാലരാജൻ, സീനിയർ സഹകരണ ഇൻസ്പെക്ടർ എസ്. ബിന്ദു സംബന്ധിച്ചു.

കൈത്തറി വസ്ത്രങ്ങളുടെ പ്രചരണാർത്ഥം നടത്തിയ ചിത്രരചനാ മത്സരത്തിലെ വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. എൽ. പി. വിഭാഗത്തിൽ ശ്രാവൺ കൃഷ്ണ (കേന്ദ്രീയ വിദ്യാലയം, പുറനാട്ടുകര) ഒന്നാം സ്ഥാനവും നദിയ. പി. ബാബു (ഐ. ഇ. എസ്. പബ്ലിക് സ്കൂൾ, ചിറ്റിലപ്പള്ളി) രണ്ടാം സ്ഥാനവും, നീരജ്. പി. ആർ (സി. എം. എസ്. എൽ. പി. സ്കൂൾ, തൃശ്ശൂർ) മൂന്നാം സ്ഥാനവും. യു. പി. വിഭാഗത്തിൽ നേഹ. ആർ. നായർ (ഭാരതീയ വിദ്യാഭവൻ, പൂച്ചട്ടി) ഒന്നാം സ്ഥാനവും, അനീന എലിസബത്ത് വർഗ്ഗീസ് (ഭാരതീയ വിദ്യാഭവൻ, പൂച്ചട്ടി) രണ്ടാം സ്ഥാനവും, സനീഷ്. ടി. എസ് (സ്വരാജ് യു. പി. സ്കൂൾ, കൊഴുക്കുള്ളി) മൂന്നാം സ്ഥാനവും. ഹൈസ്കൂൾ വിഭാഗത്തിൽ ഐശ്വര്യ. കെ. അനിൽ കുമാർ (ഭാരതീയ വിദ്യാഭവൻ പൂച്ചട്ടി) ഒന്നാം സ്ഥാനവും, ശിവാങ്കി കൃഷ്ണ (കേന്ദ്രീയ വിദ്യാലയം, പുറനാട്ടുകര) രണ്ടാം സ്ഥാനവും, ശരത്ത് ലക്ഷ്മൺ (ഗവ. മോഡൽ ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ, തൃശ്ശൂർ) മൂന്നാം സ്ഥാനവും നേടി.

അഞ്ച് ദിവസത്തെ മേളയിൽ നൂറു കണക്കിന് സന്ദർശകർ എത്തിയിരുന്നു. പരമ്പരാഗത ഉൽപന്നങ്ങളുടെ പൊതുസ്വീകാര്യത വെളിവാക്കുന്നതായിരുന്നു സന്ദർശകത്തിരക്കും, വിൽപനയും. കൈത്തറി റെഡിമെയ്ഡ് വസ്ത്രങ്ങൾക്കും മറ്റ് മൂല്യവർദ്ധിത ഉൽപന്നങ്ങൾക്കുമായിരുന്നു ആവശ്യക്കാരേറെയും.

# മുകുന്ദപുരത്ത് വ്യവസായ ശില്പശാല

തൃശ്ശൂർ ജില്ലാ വ്യവസായകേന്ദ്രവും മുകുന്ദപുരം താലൂക്ക് വ്യവസായ ഓഫീസും ചേർന്ന് മുകുന്ദപുരം താലൂക്കിലെ വ്യവസായ സംരംഭകർക്കായി സംഘടിപ്പിച്ച ഏകദിന ശിൽപശാല സർക്കാർ ചീഫ് വിപ്പ് തോമസ് ഉണ്ണിയാടൻ ഉദ്ഘാടനം ചെയ്തു. ഇരിങ്ങാലക്കുട മുനിസിപ്പൽ ചെയർപേഴ്സൺ നിമ്യ ഷിജു അധ്യക്ഷയായി. തൃശ്ശൂർ ജില്ലാ പഞ്ചായത്ത് അംഗം റ്റി. ജി. ശങ്കരനാരായണൻ മുഖ്യാതിഥിയായിരുന്നു. ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ ഇ. സലാഹുദ്ദീൻ മുഖ്യപ്രഭാഷണം നടത്തി.

വിവിധ വിഷയങ്ങൾ സംബന്ധിച്ച് ലീഡ് ഡിസ്ട്രിക്റ്റ് മാനേജർ അന്നമ്മ സൈമൺ, പഞ്ചായത്ത്, കെ. എസ്. ഇ. ബി, വാണിജ്യ നികുതി, മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ തുടങ്ങിയവർ വ്യവസായ സംരംഭകർക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകി. ഇരുന്നൂറിലധികം വ്യവസായ സംരംഭകർ പങ്കെടുത്ത സെമിനാർ 20 കോടിയിലധികം രൂപയുടെ നിക്ഷേപത്തിലേയ്ക്കാണ് വഴിയൊരുക്കുന്നത്. 2000ത്തിലധികം പേർക്ക് ഇതുവഴി തൊഴിൽ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. സംരംഭകർക്കായി തയ്യാറാക്കിയ സംരംഭക ഗൈഡ് ചീഫ് വിപ്പ് ഇരിങ്ങാലക്കുട മുനിസിപ്പൽ ചെയർമാനു നൽകി പ്രകാശനം ചെയ്തു.



# കാസർഗോഡ് നിക്ഷേപക സംഗമം




വ്യവസായ സംരംഭകത്വ മേഖലയിലേയ്ക്ക് ജില്ലയിലെ നിക്ഷേപകരെ ആകർഷിക്കുന്നതിനും അവർക്ക് ആവശ്യമായ മാർഗനിർദ്ദേശം നൽകുന്നതിനും വേണ്ടി താലൂക്ക് തല നിക്ഷേപക സംഗമം കാസറഗോഡ് നഗരസഭാ വനിതാഭവൻ ഹാളിൽ സംഘടിപ്പിച്ചു. നഗരസഭാ വൈസ് ചെയർമാൻ എൽ. എ. മഹമ്മൂദ് ഹാജി പരിപാടി ഉദ്ഘാടനം ചെയ്തു. ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ കെ. എം. അബ്ദുൾ റഹിമാൻ അദ്ധ്യക്ഷനായിരുന്നു.

ജില്ലയിലെ അനുകൂല വ്യവസായ സാഹചര്യം പരമാവധി ഉപയോഗപ്പെടുത്തി വ്യവസായ വൽകരണം യാഥാർത്ഥ്യമാക്കുകയാണ് സംഗമത്തിന്റെ ലക്ഷ്യം. ജില്ലാ വ്യവസായ കേന്ദ്രം മാനേജർ കെ. എസ്. ശിവകുമാർ, അസിസ്റ്റന്റ് ജില്ലാ വ്യവസായ ഓഫീസർ ഉണ്ണികൃഷ്ണൻ. സി. പി., നഗരസഭാ വികസന കാര്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻമാരായ അഡ്വക്കേറ്റ് വി. എം. മുനീർ( പൊതുമരാമത്ത്), നൈമുന്നിസ. എം (വികസന കാര്യം), സെമീന മുജീബ് (ആരോഗ്യം), മിസിരിയ ഹമീദ് (വിദ്യാഭ്യാസം), ലീഡ് ബാങ്ക് മാനേജർ എൻ. കെ. അരവിന്ദാക്ഷൻ, കെ. എസ്. എസ്. ഐ. എ ജില്ലാ സെക്രട്ടറി കെ. ടി. സുഭാഷ് നാരായണൻ, വ്യവസായ വികസന ഓഫീസർ ബി. പ്രശാന്ത്, സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ എൻ. അശോക് പങ്കെടുത്തു.



വ്യവസായ വകുപ്പ് നൽകുന്ന സേവന പദ്ധതികൾ, വില്പന നികുതി വ്യവസ്ഥകളും നടപടിക്രമങ്ങളും, ക്ഷീര മേഖലയിലെ വ്യവസായ സാധ്യതകൾ, മലിനീകരണ നിയന്ത്രണ ലൈസൻസും നടപടിക്രമങ്ങളും എന്നീ വിഷയങ്ങൾ സംബന്ധിച്ച് വകുപ്പുതല വിദഗ്ദ്ധർ ക്ലാസ്സുകൾ നയിച്ചു. സംഗമത്തിൽ 50 നിക്ഷേപകർ പങ്കെടുത്തു. സംഗമത്തിന്റെ ഊർജം ഉൾക്കൊണ്ട് ഭൂരിഭാഗം പേരും പുതിയ വ്യവസായസംരംഭം ആരംഭിക്കുന്നതിനുള്ള തയ്യാറെടുപ്പിലാണ്.

# സ്ത്രീകൾക്ക് വായ്പ

സംസ്ഥാന പട്ടികജാതി/വർഗ വികസന കോർപറേഷൻ ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപറേഷന്റെ സഹായത്തോടെ നടപ്പാക്കുന്ന അമ്പതിനായിരം രൂപയുടെ സ്വയം തൊഴിൽ വായ്പാ പദ്ധതിയായ മഹിളാ സമൃദ്ധി യോജന പദ്ധതിക്കു കീഴിൽ വായ്പ അനുവദിക്കുന്നതിനായി വിവിധ ജില്ലകളിലെ പട്ടികജാതിയിലെ തൊഴിൽ രഹിതരിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

അപേക്ഷകർ പതിനെട്ടിനും അമ്പതിനും മധ്യേ പ്രായമുള്ളവരാവണം. കുടുംബ വാർഷിക വരുമാനം ഗ്രാമത്തിൽ താമസിക്കുന്നവർക്ക് തൊണ്ണൂറ്റി എണ്ണായിരം രൂപയിലും നഗരപ്രദേശത്തിൽ താമസിക്കുന്നവർക്ക് ഒരുലക്ഷത്തി ഇരുപതിനായിരം രൂപയിലും കവിയാൻ പാടില്ല. ഈ പദ്ധതി പ്രകാരം അനുവദനീയമായ വായ്പാ തുകയ്ക്കുള്ളിൽ വിജയ സാധ്യതയുള്ള ഏതൊരു സ്വയം തൊഴിൽ പദ്ധതിയിലും (കൃഷിഭൂമി വാങ്ങൽ/മോട്ടോർ വാഹനം വാങ്ങൽ ഒഴികെ) ഗുണഭോക്താവിന് ഏർപ്പെടാം. വായ്പാ തുക നാല് ശതമാനം പലിശ സഹിതം മൂന്ന് വർഷം കൊണ്ട് തിരിച്ചടയ്ക്കണം. തിരഞ്ഞെടുക്കപ്പെടുന്നവർ ഈടായി കോർപറേഷന്റെ നിബന്ധനകൾക്കനുസരിച്ച് ആവശ്യമായ ഉദ്യോഗസ്ഥ ജാമ്യമോ വസ്തു ജാമ്യമോ ഹാജരാക്കണം. അപേക്ഷാഫോറത്തിനും വിശദ വിവരങ്ങൾക്കും കോർപറേഷന്റെ ജില്ലാ ഓഫീസിൽ ബന്ധപ്പെടണം.

# സ്വരാജ് ഫ്ളോർ ഇൻഡസ്ട്രീസ്



ഭരണിക്കാവ് ഇന്ത്യൻ ബാങ്കിന്റെ സഹായത്തോടെ ഇ. എസ്സ്. എസ്സ്. സ്കീമിൽ ശാസ്താംകോട്ട പോരുവഴിയിൽ റുക്കിയാബീഗത്തിന്റെ ഉടമസ്ഥതയിൽ ആരംഭിച്ച സ്വരാജ് ഫ്ളോർ ഇൻഡസ്ട്രീസിന്റെ ഉദ്ഘാടനം ഉപജില്ലാ വ്യവസായ ഓഫീസർ ആർ. ദിനേശ് നിർവഹിച്ചു. വ്യവസായ വികസന ഓഫീസർ ജോൺ ഡാനിയൽ പങ്കെടുത്തു.



# കൈത്തറി: സംരംഭകർക്ക് പരിശീലനം

ഹാന്റ്ലൂമിലും പവർലൂമിലും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സംരംഭകരെ പ്രാപ്തരാക്കി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ബാലരാമപുരത്ത് ഹാന്റ്ലൂം ബിസിനസ് ഇൻകുബേഷൻ സെന്ററും നെയ്യാറ്റിൻകര ഉച്ചക്കടയിൽ പവർലൂം ബിസിനസ് ഇൻകുബേറ്ററും ആരംഭിക്കുന്നു.

സംരംഭകരാകാൻ ആഗ്രഹിക്കുന്നവർ ജില്ലാ വ്യവസായ കേന്ദ്രവുമായോ കൈത്തറി ആന്റ് ടെക്സ്റ്റൈയിൽസ് ഡയറക്ടറേറ്റുമായോ ബന്ധപ്പെടണം. മൊബൈൽ: 9497570449/9446595796




# ഉാലം വ്യവസായ സെമിനാർ

ഉാലം ബ്ലോക്കിന്റെ വ്യവസായ വികസന സെമിനാർ ബ്ലോക്ക് കമ്യൂണിറ്റി ഹാളിൽ നടന്നു. ബ്ലോക്ക് പ്രസിഡന്റ് ജോർജ് അഗസ്റ്റ്യൻ നടയത്ത് ഉദ്ഘാടനം നിർവഹിച്ചു. ബ്ലോക്ക് വൈസ് പ്രസിഡന്റ് പൗളിറ്റ് തങ്കച്ചൻ അധ്യക്ഷത വഹിച്ചു. ഉപജില്ലാ വ്യവസായ ഓഫീസർ ജിജി കുര്യൻ, വ്യവസായ വികസന ഓഫീസർ ലോറൻസ് മാത്യു പങ്കെടുത്തു. തുടർന്ന് സംരംഭകാശയ രൂപവത്കരണം, വിവിധ വകുപ്പുകളുടെ പദ്ധതികൾ, സാമ്പത്തിക സഹായങ്ങൾ തുടങ്ങിയവ സംബന്ധിച്ചുള്ള ക്ലാസ്സുകളും നടന്നു. 70 പേർ പങ്കെടുത്തു. അതിൽ 23 പേർ തുടർന്ന് നടക്കുന്ന താലൂക്ക് നിക്ഷേപക സംഗമത്തിൽ പങ്കെടുക്കാൻ താൽപര്യം പ്രകടിപ്പിച്ചു.

# ചാവക്കാട് നിക്ഷേപക സംഗമം

തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രവും ചാവക്കാട് താലൂക്ക് വ്യവസായ ഓഫീസും ചേർന്ന് ചാവക്കാട് ഹോട്ടൽ സമുദ്രതീരത്തിൽ നടത്തിയ നിക്ഷേപക സംഗമം ചാവക്കാട് നഗരസഭ വൈസ് ചെയർപേഴ്സൺ മഞ്ജുഷ സുരേഷ് ഉദ്ഘാടനം ചെയ്തു. ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഉമ്മർ മുക്കണ്ടത്ത് അദ്ധ്യക്ഷനായിരുന്നു. തൃശ്ശൂർ ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ ഇ. സലാഹുദ്ദീൻ മുഖ്യപ്രഭാഷണം നടത്തി. ചാവക്കാട് ഉപജില്ലാ വ്യവസായ ഓഫീസർ പി. ഓമന അമ്മ, വ്യവസായ വികസന ഓഫീസർമാരായ കെ. രാജൻ, പ്രവീൺ രാജ് ടി. ആർ, സുധീഷ് ബോസ്, മിനി. പി. ആർ സംബന്ധിച്ചു.

വ്യവസായ വായ്പയും ധനകാര്യ സ്ഥാപനങ്ങളും എന്ന വിഷയത്തിൽ ലീഡ് ബാങ്ക് മാനേജർ അന്നമ്മ സൈമൺ ക്ലാസ്സെടുത്തു. നിക്ഷേപകർക്കു വേണ്ട മാർഗനിർദ്ദേശങ്ങൾ വി. എസ്. സുകുമാരൻ, ഡയറക്ടർ, എന്റർപ്രണർ ഡവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, കില, തൃശ്ശൂർ വിശദീകരിച്ചു. വ്യവസായ വൈദ്യുതി കണക്ഷനുള്ള നടപടിക്രമങ്ങളെക്കുറിച്ച് തൃപ്രയാർ ഇലക്ട്രിക്കൽ സബ്ഡിവിഷൻ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ റോയ് വ്യക്തമാക്കി. മലിനീകരണ നിയന്ത്രണ നിയമങ്ങളും ചട്ടങ്ങളും എന്ന വിഷയത്തിൽ അസിസ്റ്റന്റ് എൻവയോൺമെന്റൽ എഞ്ചിനീയർ ശ്രീലക്ഷ്മി ക്ലാസ്സെടുത്തു.

ഈ നിക്ഷേപക സംഗമത്തിലൂടെ ചാവക്കാട് താലൂക്ക് പരിധിയിൽ വിവിധ മേഖലകളിലായി 41.24 കോടി രൂപയുടെ മുതൽ മുടക്കാൻ തയ്യാറായ നിക്ഷേപകരെ കണ്ടെത്താൻ കഴിഞ്ഞു. തുടർന്ന് ഗ്രൂപ്പ് ചർച്ച നടത്തുകയും സംരംഭകരുടെ സംശയങ്ങൾക്ക് പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു.

# അടൂരിൽ പ്രദർശന വിപണനമേള

പത്തനംതിട്ട ജില്ലാ വ്യവസായ കേന്ദ്രവും അടൂർ താലൂക്ക് വ്യവസായ ആഫീസും ചേർന്ന് ജില്ലയിലെ ചെറുകിട വ്യവസായ സംരംഭകരെ പങ്കെടുപ്പിച്ച് ഉൽപന്ന പ്രദർശന വിപണനമേള സംഘടിപ്പിച്ചു. എൻ. എസ്. എസ്. യൂണിയൻ ഹാളിൽ നടന്ന മേള അടൂർ എം. എൽ. എ. ചിറ്റയം ഗോപകുമാർ ഉദ്ഘാടനം ചെയ്തു. അടൂർ മുനിസിപ്പൽ ചെയർപേഴ്സൺ ഷൈനി ജോസ് അദ്ധ്യക്ഷയായിരുന്നു. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ആർ. രമേഷ് ചന്ദ്രൻ, മാനേജർമാരായ സി. ആർ. സുരേഷ്, സി. എസ്. സുരേഷ് ബാബു, ഡപ്യൂട്ടി രജിസ്ട്രാർ ഗിരീശൻ നായർ, താലൂക്ക് വ്യവസായ ഓഫീസർ ആർ. സുരേഷ് ബാബു സംസാരിച്ചു. ചെറുകിട വ്യവസായ സംരംഭങ്ങളുടെ വിപണനത്തിന് ഇത്തരം മേളകൾ അനിവാര്യമാണെന്നും അതിനുള്ള സ്ഥിരം സംവിധാനം വ്യവസായ വകുപ്പ് ഏർപ്പെടുത്തണമെന്നും എം. എൽ. എ അഭിപ്രായപ്പെട്ടു.



# കുരുമുളക് കൃഷിക്ക് 43.25 ലക്ഷം രൂപയുടെ പദ്ധതി

കുരുമുളകിന്റെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് മെച്ചപ്പെട്ട വിളവെടുപ്പ് നൽകുന്ന ഇനങ്ങളുടെ പ്രചാരണത്തിനും പുതിയ സാങ്കേതിക വിദ്യയുടെ വ്യാപനത്തിനുമായി 43.25 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകി. വയനാട് പാക്കേജിൽ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പാക്കുക.



# പട്ടികവർഗ സംരംഭകർക്ക് വായ്പ

സംസ്ഥാന പട്ടികജാതി/വർഗ വികസന കോർപറേഷന്റെ സ്വയം തൊഴിൽ വായ്പാ പദ്ധതിയിലേയ്ക്ക് എല്ലാ ജില്ലകളിലെയും പട്ടികവർഗ വിഭാഗത്തിലെ സംരംഭകത്വ ഗുണമുള്ള യുവതീയുവാക്കൾക്ക് അപേക്ഷിക്കാം. ഒന്നര ലക്ഷം രൂപയാണ് പദ്ധതിതുക. വായ്പാതുക ആറ് ശതമാനം പലിശ സഹിതം അഞ്ച് വർഷം കൊണ്ട് തിരിച്ചടയ്ക്കണം. തിരഞ്ഞെടുക്കപ്പെടുന്നവർ ഈടായി ആവശ്യമായ ഉദ്യോഗസ്ഥ ജാമ്യം നൽകണം. അപേക്ഷാഫോറവും വിശദവിവരവും കോർപറേഷന്റെ ജില്ലാ ഓഫീസിൽ ലഭിക്കും.

# വടക്കൻ പറവൂരിൽ സെമിനാർ

പറവൂർ താലൂക്ക് വ്യവസായ ഓഫീസ് താലൂക്ക് തല വ്യവസായ സെമിനാർ സംഘടിപ്പിച്ചു. സർക്കാർ ജീവനക്കാരുടെ സഹകരണ ബാങ്ക് ഹാളിൽ നടത്തിയ സെമിനാറിൽ 65 സംരംഭകർ പങ്കെടുത്തു.

വ്യവസായ വകുപ്പിൽ നിന്നും വിരമിച്ച വ്യവസായ വികസന ഓഫീസർ പി. രാജൻ മുഖ്യ പ്രഭാഷണം നടത്തി. കൈത്തറി മേഖലയുമായി ബന്ധപ്പെട്ട തൊഴിൽ സാധ്യതകളെക്കുറിച്ച്






പറവൂർ കൈത്തറി സൂപ്പർവൈസർ കെ. കെ. രാജേഷ് ക്ലാസ്സെടുത്തു. സംരംഭകർ എടുക്കേണ്ട വിവിധ ലൈസൻസുകളെക്കുറിച്ചും ക്ലിയറൻസുകളെക്കുറിച്ചും റിട്ടയേർഡ് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറും തൃശ്ശൂർ കില ഫാക്കൽറ്റിയംഗവുമായ കെ. വി. മുരളീധരനും ക്ലാസ്സെടുത്തു.

പറവൂർ താലൂക്ക് വ്യവസായ ഓഫീസർ കെ. എം. ലതിക, വ്യവസായ വികസന ഓഫീസർമാരായ കെ. അജയകുമാർ, ബി. സുധ, ജിതിൻ. ജെ. എസ് പങ്കെടുത്തു.

# വിദ്യാഭ്യാസ വായ്പ: മോറട്ടോറിയം നീട്ടി

ബി. പി. എൽ. വിഭാഗക്കാരുടെ വിദ്യാഭ്യാസ വായ്പകൾക്കുള്ള പലിശ സബ്സിഡി പൂർണമായി നൽകിക്കഴിഞ്ഞിട്ടില്ലാത്ത സാഹചര്യത്തിൽ വിദ്യാഭ്യാസ വായ്പകളിലുള്ള റവന്യൂ റിക്കവറി നടപടികൾക്ക് ഏർപ്പെടുത്തിയിരുന്ന മോറട്ടോറിയം കഴിഞ്ഞ ഒക്ടോബർ 10 മുതൽ ആറ് മാസത്തേയ്ക്ക് കൂടി നീട്ടി.

മോറട്ടോറിയത്തിന്റെ ആനുകൂല്യം ലഭിക്കാൻ ബി. പി. എൽ. വിഭാഗത്തിൽപെടുന്നു എന്ന് തെളിയിക്കുന്ന രേഖ അധികൃതർക്ക് സമർപ്പിക്കണം.




ORMA
BIO BURN
Bio-Waste Management Solutions
പാഴ്മാലിന്യം പാചക വാതകമായി മാറുന്നു...
Kitchen
Food Vegetables, Fruits, Flesh & Fish Waste
Kitchen waste Water
Bio Gas
Organic Fertilizer
ഗുണമേന്മയ്ക്ക്
ORMA BIO BURN മാത്രം
മാലിന്യ സംസ്കരണ പ്ലാന്റിൽ നിന്നും
പാചക വാതകം
പരിസര ശുചിത്വം
വൈദ്യുതി
ജൈവ വളം
പ്ലാന്റിന്റെ പ്രവർത്തനം
Orma Bioburn
9847364901, 9847361901
HELP LINE...
Mekkumkara, Melanthiyoorkonam, Anthiyoorkonam, Kollode P.O., Malayinkeezhu, Trivandrum - 695571, Ph: 0471-2280208
Mob: 9847364901, 9847361901, 9961303901
9961335901 9447543901
ormabioburn@gmail.com
www.ormabioburn.com
ormabioburn
ഏജൻസികളെ ക്ഷണിക്കുന്നു.




Quality products from C.P foods
Lazly
Tasty Fries
EZNY
Cream & Onion
Cheese Seasoning
Tomato
C.P FOODS
Kizhuvilam P.O., Mamom, Attingal, Trivandrum, Kerala-695104
Ph: 0470 3200740, Mob: 9995966060
Email: tcbpillai@gmail.com


Toll free -1800 42 52 410
KERALA
agropark
Institute Of Enterprise Management Studies
Enterprise management workshop
Duration: 10 Days,Course fees: 15,000/-,Seats vacant: 20 no's
Business development program
Duration: 3 Days,Course fees: 5000/-,Seats vacant: 20 no's
FOCUSED AREA
Motivation
Preservation technology
Packing Techonology
Marketing Strategy
Accounting and Tax Management
Registration and Company Law's
Integration Of Information Technology
Start-up Support Schemes
Soft Skill Training
Project and Ideas
Experience Sharing : industry visit
After training agro park supporting continue
Incubation
Trial production facility
Company registration
Technology transfer
Technical training
Marketing platform
Course started on 15-3-2016
20% fees concession for sc/st students
admission started : hostel facility available
Piravom,Ernakulam,kerala - 686664
Ph : 485 2242310 , 2242410 , Mob: +91 9446713767
Web: www.keralaagropark.com, facebook.com/agroparkpiravom
E-mail:info@keralaagropark.com


foamex
MANUFACTURERS OF POLY URETHANE FOAM & ALLIED PRODUCTS
MAIN ROAD, PERINGOME, KANNUR (Dist), KERALA - 670307, TEL: 04985 236 957

# തിരൂരങ്ങാടിയിൽ വ്യവസായ സെമിനാർ

തിരൂരങ്ങാടി താലൂക്ക് തല വ്യവസായ സെമിനാർ വേങ്ങര ബ്ലോക്ക് പഞ്ചായത്ത് സെമിനാർ ഹാളിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി. കെ. മുഹമ്മദ് അസ്‌ലം ഉദ്ഘാടനം ചെയ്തു. തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അബ്ദുൾ കലാം മാസ്റ്റർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ വേങ്ങര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് വി. കെ. കുഞ്ഞാലൻ കുട്ടി, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ. ബുഷ്റ മജീദ്, പരപ്പനങ്ങാടി മുനിസിപ്പൽ വൈസ് ചെയർമാൻ എച്ച്. ഹനീഫ സംബന്ധിച്ചു.






മലപ്പുറം ജില്ലാ വ്യവസായകേന്ദ്രം മാനേജർ എം. വി. ലൗലി, തിരൂരങ്ങാടി താലൂക്ക് വ്യവസായ ഓഫീസർ ജയ്സൺ ചാക്കോ, മലിനീകരണ നിയന്ത്രണ ബോർഡ് അസി. എഞ്ചിനീയർ വിദുഷ, കെ. എസ്. ഇ. ബി. അസി. എഞ്ചിനീയർ കീരൻ. കെ, കാനറാ ബാങ്ക് കോട്ടക്കൽ ശാഖാ മാനേജർ വി. ഹരികുമാർ, ഊരകം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സി. കെ. ഷംസുദ്ദീൻ വിവിധ വിഷയങ്ങളിൽ പ്രഭാഷണങ്ങൾ നടത്തി. വേങ്ങര ബ്ലോക്ക് വ്യവസായ വികസന ഓഫീസർ ഷഹീദ് വടക്കേതിൽ, തിരൂരങ്ങാടി ബ്ലോക്ക് വ്യവസായ വികസന ഓഫീസർ ബിജോയ്. എസ് എന്നിവർ ഗ്രൂപ്പ് ചർച്ചയ്ക്ക് നേതൃത്വം നൽകി. സെമിനാറിൽ നൂറോളം സംരംഭകർ സജീവമായി പങ്കെടുത്തു.

---

# വെള്ളാങ്കല്ലൂരിൽ വ്യവസായ സെമിനാർ

തൃശൂർ ജില്ലാ വ്യവസായകേന്ദ്രം വെള്ളാങ്കല്ലൂർ ബ്ലോക്ക് തലത്തിൽ വ്യവസായ ബോധവത്കരണ സെമിനാർ സംഘടിപ്പിച്ചു. വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടന്ന സെമിനാർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഷാജി തക്കര ഉദ്ഘാടനം ചെയ്തു. മുകുന്ദപുരം താലൂക്ക് വ്യവസായ ഓഫീസർ ആർ. സ്മിത, വ്യവസായ വികസന ഓഫീസർമാരായ മഹേഷ് കുമാർ, ജലജ. വി. എസ്, ശ്രീപതി നമ്പൂതിരി പങ്കെടുത്തു.

വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ചും വിവിധ വകുപ്പുകൾ നടപ്പാക്കുന്ന സ്വയം തൊഴിൽ പദ്ധതികളെക്കുറിച്ചും ക്ലാസ്സും നടന്നു. സെമിനാറിൽ 72 സംരംഭകർ പങ്കെടുത്തു. അതിൽ 20 പേർ സംരംഭം തുടങ്ങുന്നതിനായി നടപടി തുടങ്ങി.



## എം. എസ്. എം. ഇ ബാങ്കിങ്: എസ്. ബി. ടി ക്ക് അവാർഡ്

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക മേഖലയ്ക്ക് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കി ക്രിയാത്മകമായ ഇടപെടൽ നടത്തിയതിന് ചേമ്പർ ഓഫ് ഇന്ത്യൻ മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഏർപ്പെടുത്തിയ പുരസ്കാരം സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ നേടി. ഹരിത സാങ്കേതികതയിൽ മികച്ച ബാങ്ക്, ബിസിനസ് വിശ്വാസ്യതയിലും കോർപറേറ്റ് സാമൂഹ്യ പ്രതിബദ്ധതയിലും മികച്ച ബാങ്ക് എന്നിങ്ങനെ രണ്ട് അവാർഡുകളാണ് എസ്. ബി. ടി. യെ തേടിയെത്തിയിരിക്കുന്നത്.

ന്യൂഡൽഹിയിൽ കേന്ദ്ര ഊർജ സഹമന്ത്രി പീയുഷ് ഗോയലിൽ നിന്ന് എസ്. ബി. ടി. മാനേജിങ് ഡയറക്ടർ ജീവൻ ദാസ് നാരായണൻ പുരസ്കാരം ഏറ്റുവാങ്ങി.




## ബിസിനസ് സൗഹൃദരാജ്യം: ഇന്ത്യ 22-ാമത്

വിജയകരമായി ബിസിനസ് നടത്തുന്നതിന് അനുകൂലവും സൗഹൃദപരവുമായ അന്തരീക്ഷം നിലനിൽക്കുന്ന ലോകരാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യക്ക് 22-ാം സ്ഥാനം. സ്വിറ്റ്സർലാന്റിലെ ദാവോസിൽ നടന്ന വേൾഡ് ഇക്കണോമിക് ഫോറത്തോടനുബന്ധിച്ച് 16,000 ത്തിലധികം വ്യവസായ പ്രമുഖർക്കിടയിൽ നടത്തിയ സർവേയാണ് ഈ തിരഞ്ഞെടുപ്പ് നടത്തിയത്. 60 രാജ്യങ്ങൾ ഉൾപ്പെട്ട പട്ടികയിൽ ജർമനിയാണ് ഒന്നാം സ്ഥാനത്ത്. കാനഡ, ബ്രിട്ടൻ, അമേരിക്ക, സ്വീഡൻ എന്നീ രാജ്യങ്ങളാണ് തൊട്ടു പിന്നിലെത്തിയത്. ചൈന 17-ാമതായി പട്ടികയിലുണ്ട്.




സമ്പദ്‌വ്യവസ്ഥയിലെ വൈവിധ്യത, സാങ്കേതിക പരിജ്ഞാനം നേടിയവരും ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യുന്നവരുമായ യുവതലമുറ എന്നീ ഘടകങ്ങൾ ഇന്ത്യയ്ക്ക് അനുഗ്രഹമായിട്ടുണ്ടെന്ന് സർവേയുടെ സംഘാടകർ വ്യക്തമാക്കി.

## സ്പെയിൻ ടൂറിസം മേളയിൽ കേരളത്തിന് പുരസ്കാരം




സ്പെയിനിൽ നടന്ന ട്രാവൽ ആന്റ് ടൂറിസം മേളയിൽ കേരള ടൂറിസത്തിന് അംഗീകാരം. "ഫിതുറിൽ" എന്ന പേരിൽ നടന്ന മേളയിൽ മികച്ച ടൂറിസം ഡസ്റ്റിനേഷനുള്ള പുരസ്കാരം മെക്സിക്കോ, നേപ്പാൾ, ജപ്പാൻ എന്നീ രാജ്യങ്ങൾക്കൊപ്പമാണ് കേരളം പങ്കിട്ടത്.

2016
Fitur
Feria Internacional de Turismo
International Tourism Trade Fair

ലോകത്തെ രണ്ടാമത്തെ വലിയ ടൂറിസം ആന്റ് ട്രാവൽ മേളയായാണ് ഫിതുറിൽ അറിയപ്പെടുന്നത്. 165 രാജ്യങ്ങളിൽ നിന്നുള്ള 9500 കമ്പനികളാണ് ഫിതുറിൽ മേളയിൽ പങ്കെടുത്തത്. കഴിഞ്ഞ മാസം 20 മുതൽ 24 വരെ നടന്ന മേള ഒരു ലക്ഷത്തിലധികം പേർ സന്ദർശിച്ചു. ചുണ്ടൻ വള്ളം കളി മുഖ്യപ്രമേയമാക്കി അവതരിപ്പിച്ച കേരള പവലിയൻ മേളയിൽ ഏറെ ജനശ്രദ്ധയാകർഷിച്ചു.




## പരസ്യനിരക്ക്

| | കളർ | ബ്ലാക് & വൈറ്റ് |
|---|---|---|
| ബാക്ക് കവർ | 15,000 രൂപ | |
| ഫ്രണ്ട് കവർ ഇൻസൈഡ് | 10,000 രൂപ | |
| ബാക്ക് കവർ ഇൻസൈഡ് | 9,000 രൂപ | |
| ഇൻസൈഡ് ഫുൾപേജ് | 8,000 രൂപ | 5,000 രൂപ |
| ഇൻസൈഡ് ഹാഫ്പേജ് | 4,000 രൂപ | 2,500 രൂപ |
| ഇൻസൈഡ് ക്വാർട്ടർപേജ് | 2,500 രൂപ | 1,500 രൂപ |

"K-Bip, Vyavasayakeralam" എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി/ചെക്ക് ആയി പരസ്യത്തിന്റെ ചാർജും നിങ്ങളുടെ വാർഷിക വരിസംഖ്യയും അയക്കേണ്ട വിലാസം


എഡിറ്റർ
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്, വെള്ളയമ്പലം
തിരുവനന്തപുരം – 695 033
ഫോൺ: 0471 2322789

Email: vyavasayakeralam@gmail.com